بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാല്യം 6

ലക്കം 41

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2021 ഒക്ടോബർ 14/ഹി.ശം. 1400 അഖാഅ് 14/1443 റബീഉൽ അവ്വൽ 07

## അല്ലാഹുവിന്റെ വചനം

وَ کُلُوۡا مِمَّا رَزَقَکُمُ اللّٰہُ حَلٰلًا طَیِّبًا ۪ وَّ اتَّقُوا اللّٰہَ الَّذِیۡۤ اَنۡتُمۡ بِہٖ مُؤۡمِنُوۡنَ ○ (المائدہ 89)

‘അല്ലാഹു നിങ്ങൾക്ക് നല്കിയിട്ടുള്ളതിൽനിന്ന് നിയമാനുസൃതവും നല്ലതുമായ വസ്തുക്കൾ നിങ്ങൾ ഭക്ഷിച്ചു കൊള്ളുക. നിങ്ങൾ വിശ്വസിക്കുന്ന അല്ലാഹുവിനെ ഭയപ്പെടുക.’(5:89)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്വ്‌രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

**യാചനയിൽനിന്ന് രക്ഷപ്പെടാൻ കല്പന**

(1469) അബൂസയീദ് ഖുദ്രീ(റ) നിവേദനം. അൻസ്വാറിൽപ്പെട്ട ചിലർ നബി(സ)തിരുമേനിയോടു യാചിച്ചു. അവിടന്ന് അവർക്ക് ധർമം നല്കി. വീണ്ടും അവർ യാചിച്ചു. അപ്പോഴും അവിടന്ന് അവർക്ക് കൊടുത്തു. വീണ്ടും അവർ യാചിച്ചു. വീണ്ടും അവിടന്ന് അവർക്ക് ധർമം കൊടുത്തു. അവസാനം നബിയുടെ അടുക്കലുണ്ടായിരുന്ന ധനം മുഴുവനും തീർന്നു. ശേഷം അവിടന്ന് പറഞ്ഞു:എന്റെയടുക്കൽ വല്ല ധനവുമുണ്ടെങ്കിൽ നിങ്ങൾക്ക് ഞാൻ അത് സൂക്ഷിച്ചു വെക്കുകയില്ല. വല്ലവനും മറ്റുള്ളവരോടു യാചിക്കാതെ അഭിമാനം പുലർത്തിക്കൊണ്ടു ജീവിച്ചാൽ അല്ലാഹു അവനെ പരിശുദ്ധനാക്കും! പരാശ്രയ രഹിതനായി ജീവിക്കാനാഗ്രഹിച്ചാൽ അല്ലാഹു അവനെ പരാശ്രയ രഹിതനാക്കും! വല്ലവനും തന്റെ കഷ്ടപ്പാടുകൾ മനസ്സിൽ ഒതുക്കി നിറുത്തിയാൽ അല്ലാഹു അവന് ആത്മനിയന്ത്രണശക്തി നല്കും! ക്ഷമയെക്കാൾ വിശാലവും ഉൽകൃഷ്ടവുമായ ഒരു ദാനം അല്ലാഹുവിൽനിന്ന് ആർക്കും ലഭിക്കാനില്ല!

(1470) അബൂഹുറയ്റ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണ!നിങ്ങളിലൊരാൾ കയറെടുത്ത്, വിറകു വെട്ടി തന്റെ മുതുകിൽ ചുമന്നു കൊണ്ടു വരുന്നതാണ് മറ്റൊരു പുരുഷന്റെയടുക്കൽപോയി യാചിക്കുന്നതിനെക്കാൾ ഉത്തമം.അവൻ ചോദിച്ചിട്ട് ആളുകൾ കൊടുക്കട്ടെ കൊടുക്കാതിരിക്കട്ടെ രണ്ടായാലും ശരി!*(സ്വഹീഹ് ബുഖാരി വാല്യം 3, കിതാബുസ്സക്കാത്ത്, പ്രസാധനം 2018 ഖാദിയാൻ)*

**പ്രവാചകന്മാർ(അ)എല്ലാതരത്തിലുള്ള പരിഷ്കരണത്തിനുമായാണ് വരുന്നത്. അപ്പോൾ അവർക്ക് ഭാര്യയും കുട്ടികളുമില്ലെങ്കിൽ ഈ വശത്ത് പരിഷ്കരണം പൂർത്തിയാകുന്നതെങ്ങനെയാണ്.**

**ഭൗതികലോകവും അതിലെ വസ്തുക്കളും പ്രവാചകന്മാരുടെമേൽ ഒരു സ്വാധീനവും ചെലുത്തുന്നില്ല. അവർ നശ്വരമായ സ്വാദുകളെ ഒട്ടും ഗൗനിക്കുന്നില്ല.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### പ്രവാചകന്മാർക്ക് ഭാര്യമാരും കുട്ടികളുമുണ്ടാകാൻ കാരണമെന്ത്?

അജ്ഞരായ ചിലയാളുകൾക്ക്, പ്രവാചകന്മാർ അല്ലാഹുവിൽ വിലയം പ്രാപിച്ചവരും ലോകത്തുനിന്നും അതിലെ സ്വാദുകളിൽനിന്നും ദൂരെ ഓടുന്നവരുമായിട്ടും എന്തുകൊണ്ടാണ് അവർക്ക് ഭാര്യമാരും കുട്ടികളുമുണ്ടാകുന്നത്? എന്ന സംശയം എപ്പോഴും ഉണ്ടാകുന്നു. മനുഷ്യൻ ഇക്കാര്യങ്ങളുടെ തടവുകാരനും ഈ നശ്വരമായ സ്വാദുകളിൽ ലയിക്കുന്നവനുമാകുന്നുവെന്ന കാര്യം ഈയാളുകൾ മനസ്സിലാക്കുന്നില്ല. എന്നാൽ, ഈ സംഘം അക്കാര്യങ്ങളിൽനിന്ന് പരിശുദ്ധരാകുന്നു. ഈ കാര്യങ്ങൾ ഇവർക്ക് സേവകരെന്ന നിലയിലാണുള്ളത്. ഇതിനുപുറമെ പ്രവാചകന്മാർ(അ)എല്ലാതരത്തിലുള്ള പരിഷ്കരണത്തിനുമായാണ് വരുന്നത്. അപ്പോൾ അവർക്ക് ഭാര്യയും കുട്ടികളുമില്ലെങ്കിൽ ഈ വശത്ത് പരിഷ്കരണം പൂർത്തിയാകുന്നതെങ്ങനെയാണ്? അതുകൊണ്ട് ഞാൻ പറയുന്നു:ക്രിസ്ത്യാനികൾക്ക് ഭാര്യഭർതൃബന്ധത്തെ കുറിച്ച് യേശുവിന്റെ എന്തു മാതൃകയാണ് കാണിക്കാൻ കഴിയുക? ഒന്നുംതന്നെയില്ല. അദ്ദേഹം ഈ വഴിയിൽ പരിചയമില്ലാത്തവനാകുമ്പോൾ, ആ പദവികളിൽ അജ്ഞനാകുമ്പോൾ അദ്ദേഹം എന്ത് പരിഷ്കരണം നടത്താനാണ്. നബി(സ)തിരുമേനിയുടെ ശ്രേഷ്ഠത ഇതാണ്. എല്ലാ വശത്തും അവിടത്തെ മാതൃക പൂർണമാണ്. ഭൗതികലോകവും അതിലെ വസ്തുക്കളും പ്രവാചകന്മാരുടെമേൽ ഒരു സ്വാധീനവും ചെലുത്തുന്നില്ല. അവർ നശ്വരമായ സ്വാദുകളെ ഒട്ടും ഗൗനിക്കുന്നില്ല. പ്രത്യുത അവരുടെ മനസ്സ് അല്ലാഹുവിനേലക്ക് മലയിൽനിന്നുള്ള നദിയുടെ ഒരു ശക്തമായ പ്രവാഹംപോലെ ഒഴുകുന്നു. അതിന്റെ ഒഴുക്കിൽ എല്ലാ ചപ്പുചവറുകളും ഒഴുകിപ്പോകുന്നു.

ചുരുക്കി പറഞ്ഞാൽ നബിമാർ(അ)ഈ വസ്തുക്കളുടെ അടിമയാകുകയില്ല. പ്രത്യുത ഈ വസ്തുക്കൾ അവർക്ക് സേവകരെന്ന നിലയിലുള്ളതാണ്. അവരുടെ ഉന്നതശ്രേണിയിലുള്ള സ്വഭാവപരമായ ശ്രേഷ്ഠതകളുടെ മാതൃകയെന്താണെന്നാൽ അല്ലാഹുവിനെ കുറിച്ചുള്ള സങ്കല്പത്തിലും വിലയനത്തിലും അവർക്കു ലഭിക്കുന്ന ആനന്ദത്തിലും അഭിരുചിയിലും അത് ഒരു തരത്തിലുള്ള കുഴപ്പവും ഉണ്ടാക്കുകയില്ല. അവർ ദൈവവുമായി എങ്ങനെയുള്ള അലിഞ്ഞുചേരലിലും ലയനത്തിലും ആയിരിക്കുമെന്നാൽ ഭൗതികലോകത്തുനിന്ന് തികച്ചും വേർപെട്ടിരിക്കുന്നു. ഇത്തരത്തിൽ ദൈവഭക്തിമൂലമുണ്ടാകുന്ന മാനസികാവസ്ഥ ഉണ്ടാകുമ്പോൾ അല്ലാഹുവിൽനിന്ന് അശ്രീരി വരാൻ തുടങ്ങുന്നു. ദൈവഭാഷണങ്ങളുണ്ടാകുന്നു. ജദബിന്റെ ശക്തിയുമായി പുറപ്പെട്ടുവരുന്നത് മറ്റുള്ളതിനെ ആകർഷിച്ചെടുക്കുന്നുവെന്നത് സ്വാഭാവികമായ കാര്യമാണ്. ആ ജദബിൽ എത്രമാത്രം ശക്തിയുണ്ടാകുന്നുവെന്നാൽ ഭൗതികലോകത്തിന്റേയും അതിലെ വസ്തുക്കളുടേയും എല്ലാ കാര്യങ്ങളും അതിൽ ഭസ്മമായിപോകുന്നു. അല്ലഹുവിന്റെ ഫള്‌ലിനേയും ഫയ്ളിനേയും തന്നിലേക്ക് വലിച്ചെടുക്കാൻ തുടങ്ങുന്നു. ഇതേ പരമ്പര മറ്റെല്ലാ പരമ്പകരകളുടേയുംമേൽ ഉന്നതവും ഉത്തമവുമായിത്തീരുകയും ചെയ്യന്നു. പക്ഷേ, ഇതിന് ശരിയായ മുജാഹദയുടെ ആവശ്യമുണ്ട്. ഇതുകൂടാതെ ഈ വഴി തുറക്കുകയില്ല. **വല്ലദീന ജാഹദൂ ഫീനാ ലനഹ്ദിയന്നഹും സുബുലനാ** എന്ന് അല്ലാഹു പറഞ്ഞതുപോലെ!(29:70)

**ഇപ്പോൾ വിശുദ്ധ ഖുർആനുമാത്രമേ ഈ സംരക്ഷണമുള്ളു. ഇതിനെ വിശ്വസിക്കുന്നവർ മാത്രമാണ് എക്കാലത്തും അല്ലാഹുവിൽനിന്ന് നേരിട്ട് ഇൽഹാം ലഭിക്കുന്നുവെന്ന വാദവുമായി വന്നിട്ടുള്ളത്.**

**അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ട് എന്റെ വാദമാണ് ഈ ദൈവനിയോഗിതനെ അനുധാവനം ചെയ്യുന്നതിന്റെ അനുഗ്രഹംകൊണ്ട് ഏതെങ്കിലും അറിവിനെ പിൻപറ്റുന്നവർ വിശുദ്ധ ഖുർആന്റെ ഏതെങ്കിലും വിഷയത്തിനുമേൽ ആക്രമണം നടത്തിയാൽ എനിക്കതിന് ബുദ്ധിപരവും പ്രമാണപരവുമായ മറുപടി നല്കാൻ കഴിയും. ദൈവാനുഗ്രഹത്താൽ എല്ലാ അറിവാളന്മാരേയും നിരുദ്ധകണ്ഠരാക്കാനും കഴിയും.**

സൂറത്തുൽ ഹിജ്റിന്റെ 10-ാം വചനമായ, **ഇന്നാ നഹ്നു നസ്സൽനദ്ദിക്റ വഇന്നാ ലഹൂ ലഹാഫിളൂൻ** എന്നതിന് നല്കിയ വ്യാഖ്യാനത്തിൽ സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:

വിശുദ്ധ ഖുർആനിന്റെ സംരക്ഷണത്തിനുള്ള വലിയൊരു മാർഗം വിശുദ്ധ ഖുർആൻ ഇറങ്ങിയതിനുശേഷം വിജ്ഞാനപരമായ അറബി ഭാഷയുടെ മാറ്റം തടയപ്പെട്ടു എന്നതാണ്. അറബിഭാഷ കൂടാതെ ലോകത്ത് 1300 വർഷമുമ്പേയുണ്ടായിരുന്നതുപോലെ ഇന്നും നിലനില്ക്കുന്ന മറ്റൊരു ഭാഷയുമില്ല. ചാസറിന്റേയും ഷേക്സ്പിയറിന്റേയും 300 വർഷം മുമ്പേയുള്ള ഇംഗ്ലീഷിന് വ്യാഖ്യാനം ആവശ്യമുണ്ട്. കാരണം ഇംഗ്ലീഷ് ഒരുപാട് മാറിക്കഴിഞ്ഞിരിക്കുന്നു. എന്നാൽ, വിശുദ്ധ ഖുർആൻ മനസ്സിലാക്കുന്നതിന് പഴയ നിഘണ്ടുക്കളുടെ ആവശ്യമില്ല. കാരണം വിജ്ഞാനപരമായ അറബിഭാഷ ഇന്നു പഠിക്കുന്നവന് വിശുദ്ധ ഖുർആനും ആരുടേയും സഹായം കൂടാതെ മനസ്സിലാക്കാൻ കഴിയുന്നതാണ്. ഈ ബാഹ്യമായ ഭൗതികപദാർഥങ്ങൾക്കു പുറമെ അല്ലാഹു വിശുദ്ധ ഖുർആനിന്റെ സംരക്ഷണത്തിന് മറ്റൊരു മാർഗം കൂടി നിശ്ചയിച്ചിരിക്കുന്നു. അതിൽ മലക്കുകളുടെ കൈകടത്തലുകളില്ല. അത് ഇൽഹാമാണ്. ഇൽഹാമിൽ മലക്കുകൾ ചിലനേരങ്ങളിൽ എത്തിക്കുന്നവർ മാത്രമായിരിക്കും. എന്നാൽ, അവരെ അതിന്റെ കാരണം എന്നു പറയാൻ പറ്റുകയില്ല.

അല്ലാഹുവിന്റെ വചനം മനുഷ്യർക്ക് നേരിട്ടുണ്ടാകുന്നു എന്നതാണ് സത്യം. മലക്കുകൾ

ശേഷം പേജ് 16 ൽ

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ... ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

The Weekly BADR Qadian (Malayalam)

AHMADIPEDIA ahmadipedia.org Search

## ഈ ലക്കത്തിൽ

ജുമുഅ ഖുത്ബ
27-8-2021, 3-9-2021
സമ്പൂർണ പരിഭാഷ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

അല്ലാഹു തന്റെ കല്പന നടപ്പിൽ വരുത്തുന്നവനും വാഗ്ദാനം പൂർത്തിയാക്കുന്നവനുമാകുന്നു. ഒരു ജനതയ്ക്കുശേഷം മറ്റൊരു ജനതയെ വെളിപ്പെടുത്തുന്നതായിരിക്കും. നിങ്ങൾ നിങ്ങളുടെ അവസ്ഥയിൽ ഒരു മാറ്റത്തിരുത്തലുകളും വരുത്തരുത്. അങ്ങനെ വരുത്തിയാൽ അല്ലാഹു നിങ്ങളുടെ സ്ഥാനത്ത് വേറെയുള്ളവരെ കൊണ്ടുവരുന്നതാണ്.....എനിക്ക് ഈ സമയത്ത് മുസ്‌ലിം ഉമ്മത്തിന്റെ നാശത്തിനും തകർച്ചക്കും നിങ്ങൾതന്നെ കാരണമാകുമോ എന്ന' ഭയമാണുള്ളത്. *(ഹദ്റത്ത് ഉമർ ഫാറൂഖ്)*

**നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ റാശിദ്, ഫാറൂഖ് അഅ്ളം ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച**

മുസ്‌ലിമീങ്ങളുടെ അവസ്ഥകളും സംഭവങ്ങളും കേട്ടതിനുശേഷം ചൈനയുടെ ചക്രവർത്തി യസ്ദജർദിന് ഇപ്രകാരം എഴുതി: 'നിങ്ങളുടെ ദൂതൻ മുസ്‌ലിമീങ്ങളുടെ സവിശേഷതകൾ പറഞ്ഞതുകേട്ടപ്പോൾ എനിക്ക് തോന്നുന്നത് അവർ പർവ്വതങ്ങളോട് ഏറ്റുമുട്ടിയാലും അവർപർവ്വതങ്ങളെപ്പോലും ഛിന്നഭിന്നമാക്കുന്നതായിരിക്കുമെന്നാണ്.

നമ്മൾ കളവും ചതിയും ചെയ്യാത്തിടത്തോളം ഉയരങ്ങളിൽ വിരാജിക്കുകയും എല്ലാ ബുദ്ധിമുട്ടുകളിൽ നിന്നു സുരക്ഷിതരായിരിക്കുകയും ചെയ്യും. നമ്മൾ യുദ്ധമുതലിന്റെ കാര്യത്തിൽ വഞ്ചന കാണിച്ചാൽ ഇത്തരത്തിലുള്ള വെറുക്കപ്പെട്ട കാര്യങ്ങൾ നമ്മളിൽ കാണപ്പെടും. ഈ ചീത്തക്കാര്യങ്ങൾ നമ്മുടെ 'ഭൂരിപക്ഷത്തെ മുക്കിക്കളയും. നിങ്ങൾ കളവും വഞ്ചനയും ചെയ്യുകയാണെങ്കിൽ അവതന്നെയായിരിക്കും നിങ്ങളെ ഇല്ലാതാക്കുക.' *(ഹദ്റത്ത് ഉഥ്മാൻ ബിൻ അബുൽആസ്)*

റേ യുദ്ധം, ഖുമൈസ് വിജയം, ആദർബയ്ജാൻ വിജയം, ഖുറാസാൻ വിജയം, ഇസ്ത്വഖർ വിജയം, ഫസാ, ദാരെഅബ്ജർദ്, കർമാൻ വിജയം,സജിസ്താൻ വിജയം, മുക്റാൻ വിജയം, അർമേനിയ സന്ധി എന്നിവയെ കുറിച്ചുള്ള ചർച്ച

**ടർക്കിശ് ഇന്റർനെറ്റ് റേഡിയോയുടെ ഉൽഘാടനം**

മൊറോക്കോയിലെ മുഹമ്മദുൽ മുഖ്ത്താർ ഖിബ്ത്വ സാഹിബ്, ഖാദിയാനിലെ മസ്ജിദ് അഖ്സ്വായിലേയും മസ്ജിദ് മുബാറക്കിലേയും മുൻ ഖാദിമായ മഹ്മൂദ് അഹ്മദ് സാഹിബ്, കേരള സംസ്ഥാനത്തിലെ അബ്ദുർറഹ്മാൻ സാഹിബിന്റെ ഭാര്യ സൗദാ സാഹിബ, ഫയ്സ്വലാബാദിലെ ശെയ്ഖ് അബ്ദുൽ മജീദ് സാഹിബിന്റെ ഭാര്യ സയീദ മജീദ് സാഹിബ എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും

**ഖുത്ബ ജുമുഅ 2021 ആഗസ്റ്റ് 27/1400 ള്വുഹൂർ 27, മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ۝ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ۝
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ الرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ۝
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

ഹദ്റത്ത് ഉമർ(റ)നെ കുറിച്ചുള്ള സംഭവങ്ങളുടെ വിവരണമാണ് നടന്നുകൊണ്ടിരിക്കുന്നത്. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ റേ യുദ്ധം എന്ന പേരിൽ ഒരു ഏറ്റുമുട്ടൽ നടന്നിരുന്നു. പർവ്വതപ്രദേശമായ ഒരു സുപ്രസിദ്ധ പട്ടണമാണ് റേ! നേശാപൂരിൽനിന്ന് 480 മൈൽ അപ്പുറവും കസ്മീനിൽനിന്ന് 51 മൈൽ അകലെയുമാണ് ഇത് സ്ഥിതി ചെയ്യുന്നത്. റേ വാസികളെ റാഡി എന്നാണ് പറയാറുള്ളത്. പ്രശസ്തനായ വിശുദ്ധ ഖുർആൻ വ്യാഖ്യാതാവ് ഹദ്റത്ത് ഇമാം ഫഖ്റുദ്ദീൻ റാസി 'റേ' വാസിയായിരുന്നു. 'റേ' ഭരിച്ചിരുന്നത് സിയാഹോശ് ബിൻ മഹ്റാൻ ബിൻ ദറാം ശോബിനായിരുന്നു. അദ്ദേഹം സഹായത്തിന് ദുമ്പാവൻദ്, തിബ്രിസ്താൻ, ഖുംസ്, ജർജാൻ എന്നീ ദേശക്കാരെ വിളിച്ചുവരുത്തി. മുസ്‌ലിമീങ്ങൾ റേയെ ആക്രമിക്കുകയാണെന്ന് അവരെ അറിയിച്ചു. നിങ്ങൾ അവരെ നേരിടാൻ തയ്യാറെടുപ്പ് നടത്തുക. കാരണം പിന്നിട് തനിച്ച് നിങ്ങൾക്ക് അവരുടെ മുമ്പിൽ പിടിച്ചു നില്ക്കാനാവില്ല. അങ്ങനെ ആ പ്രദേശങ്ങളിലെ സഹായ സൈന്യങ്ങളും റേയിൽ തടിച്ചുകൂടി. മുസ്‌ലിമീങ്ങൾ റേയിലേക്കുള്ള വഴിമധ്യേ ആയിരുന്നപ്പോൾ ഇറാനിയൻ പടത്തലവൻ അബുൽഫർഖാൻ സേനബി രഞ്ജിപ്പിന് മുസ്‌ലിമീങ്ങളെ വന്നു കണ്ടു. അയാൾ റേ ഭരണാധികാരിയുമായി ഇടഞ്ഞുനില്ക്കുന്ന കാരണത്താലായിരുന്നു അതെന്ന് കരുതപ്പെടുന്നു. സൈന്യം റേ യിലെത്തി. ശത്രുക്കളുടേയും മുസ്‌ലിമീങ്ങളുടേയും സൈനിക ബലം തമ്മിൽ അജഗജാന്തരമുണ്ടായിരുന്നു. അതുകണ്ട് സേനബി, നയീമിനോടു പറഞ്ഞു:എനിക്ക് തങ്കൾ കുറച്ച് കുതിരപ്പടയെ അയച്ചുതരിക. ഞാൻ രഹസ്യമാർഗേണ അവരോടൊപ്പം നഗരത്തിൽ പ്രവേശിക്കുന്നതാണ്. ശേഷം താങ്കൾ പുറത്തുനിന്ന് കടന്നാക്രമണം നടത്തുക. അങ്ങനെ നഗരം നമുക്ക് കീഴടക്കാനാകും.' അതനുസരിച്ച് നയീം ബിൻ മുഖർരിൻ തന്റെ സഹോദരപുത്രനായ മുൻദിർ ബിൻ അംറിന്റെ നേതൃത്വത്തിൽ ഒരു ഭാഗം സൈന്യത്തെ സേനബിയുടെ കൂടെ അയച്ചു. തുടർന്ന് സ്വയം സൈന്യത്തോടൊപ്പം വെളയിൽനിന്ന് നഗരത്തെ ആക്രമിക്കുകയും ചെയ്തു. യുദ്ധം തുടങ്ങി. ശത്രുക്കൾ ധൈര്യത്തോടെ പ്രത്യാക്രമണം നടത്തിക്കൊണ്ടിരുന്നു. എന്നാൽ, സേനബിയോടൊപ്പം പട്ടണത്തിൽ കടന്നു കയറിയ മുസ്‌ലിമീങ്ങളുടെ തക്ബീർ ധ്വനി തങ്ങളുടെ പിറകുവശത്തുനിന്ന് കേട്ടപ്പോൾ അവർ ധൈര്യം വെടിഞ്ഞു. അങ്ങനെ ആ നഗരം മുസ്‌ലിമീങ്ങളുടെ നിയന്ത്രണത്തിലായി. പട്ടണവാസികൾക്ക് രേഖാമൂലം അഭയം നല്കുകയുണ്ടായി. ആ അഭയപത്രത്തിലെ വാക്കുകൾ ഇപ്രകാരമായിരുന്നു:ബിസ്മില്ലാഹിർറഹ്മാനിർറഹീം. നയീം ബിൻ മുഖർരിൻ, സേനബിക്കു നല്കുന്ന രേഖയാകുന്നു ഇത്. റേ വാസികൾക്കും ചുറ്റുവട്ടത്തുള്ള തദ്ദേശവാസികൾക്കും ഇനിപ്പറയുന്ന നിബന്ധനയോടെ അഭയം നല്കിയിരിക്കുന്നു. പ്രായപൂർത്തിയായ എല്ലാ വരും നടപ്പനുസരിച്ച് കപ്പം നല്ക്കേണ്ടതാണ്. മുസ്‌ലിമീങ്ങളുടെ അഭ്യുദയകാംക്ഷികളായിരിക്കണം. അവർക്ക് വഴി പറഞ്ഞുകൊടുക്കണം. വിശ്വാസവഞ്ചനയും ചതിയും പാടില്ല. ഒരു രാവും പകലും മുസ്‌ലിമീങ്ങൾക്ക് ആതിഥ്യം നല്കണം. അവരെ ആദരിക്കണം. മുസ്‌ലിമീങ്ങളെ ചീത്ത പറയുന്നവർ ശിക്ഷിക്കപ്പെടും. അവരെ കടന്നാക്രമിക്കുന്നവർ വധശിക്ഷാർഹരാ

കും.’ ഇങ്ങനെ ഉടമ്പടി എഴുതി സാക്ഷിപ്പെടുത്തി. *(മഖാല താരീഖെ ഇസ്‌ലാം ബിഅഹദി ഹ്ദറത്ത് ഉമർ(റ), സയ്യിദ് മീർ മഹമൂദ് അഹ്മദ് സാഹിബ് നാസിർ പേജ് 170-172) (താരീഖു ത്വബ്‌രി, വാള്യം 2, പേജ് 537, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)(മുഅ്ജമുൽ ബുൽദാൻ, വാള്യം 1, പേജ് 511, വാള്യം 3, പേജ് 132, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)* അടുത്തത് ഖുമൈസ്, ജുർജാൻ വിജയങ്ങളാണ്. ഇത് ഹിജ്റ 22 ലാണ് നടന്നത്. റേ വിജയത്തെ കുറിച്ചുള്ള സുവാർത്തയുമായി ഹദ്റത്ത് ഉമറിന്റെ അടുത്ത് ദൂതൻ വന്നപ്പോൾ ഹദ്റത്ത് ഉമർ നുഅയിം ബിൻ മുഖർറിന്, താങ്കളുട സഹോദരൻ സുവയ്ദ് ബിൻ മുഖർറിനെ ഖുമയ്ൻ ജയിച്ചടക്കാൻ അയക്കണമെന്ന് കത്തെഴുതി. ഈ നഗരം റേയ്ക്കും നേശാപൂരിനും ഇടയിൽ തിബ്‌രിസ്താന്റെ പർവ്വതനിരയുടെ അവസാന ഭാഗത്താണ് സ്ഥിതി ചെയ്യുന്നത്. ഖുമയ്സുകാർ മുസ്‌ലിമീങ്ങളെ എതിർക്കാൻ നിന്നില്ല. അപ്പോൾ സുവൈദ് അവർക്കുവേണ്ടിയും അഭയത്തിനും രഞ്ജിപ്പിനുമുള്ള പ്രമാണം തയ്യാറാക്കി. ജുർജാൻ എന്നത് ഖുറാസ്താനും ത്വിബ്‌രിസ്താനും ഇടയിലുള്ള ഒരു വൻ നഗരമായിരുന്നു. ത്വിബ്‌രിസ്താൻകാരും സുവയ്ദിലേക്ക് തങ്ങളുടെ ആളുകളെ അയച്ച് കപ്പം നല്കാമെന്ന് നിബന്ധനയോടെ സന്ധിചെയ്തു. സുവയ്ദ് എല്ലാ പ്രദേശവാസികൾക്കുമായി അഭയത്തിന്റേയും സന്ധിയുടേയും രേഖ തയ്യാറാക്കി നല്കി.*(സീറത്തു അമീറുൽമുഅ്മിനീൻ ഉമർ ബിൻ ഖത്താബ്, അലി മുഹമ്മദു അസ്സ്വലാബീ, പേജ് 432, ദാറുൽമഅ്രിഫ ബെയ്റുത്ത് 2007)* രഞ്ജിപ്പിന് സന്നദ്ധരായവരുമായി മതപരമായ ഒരു കാര്യവും ചർച്ച ചെയ്തില്ല.

അടുത്ത് ആദർബയ്ജാൻ വിജയമാണ്. ഇതും നടന്നത് ഹിജ്റ 22 ലാണ്. ഹദ്റത്ത് ഉമറിനുവേണ്ടി ആദർബയ്ജാന്റെ യുദ്ധക്കൊടി ഉത്ബ ബിൻ ഫർഖദിനും ബുകയ്ർ അബ്ദുല്ലാക്കും ലഭിച്ചു. ഇതിനുമുമ്പേ വിവരിച്ചതുപോലെ ഇരുവർക്കും വ്യത്യസ്ത ദിശകളിൽനിന്നും യുദ്ധനീക്കം നടത്തണമെന്ന് ഹദ്റത്ത് ഉമർ(റ)നിർദേശം നല്കിയിരുന്നു. ബുകയ്ർ ബിൻ അബ്ദുല്ലാഹ് സൈന്യവുമായി മുന്നേറി. ഖാജ്റോസ് യുദ്ധത്തിൽ പരാജിതനായി പിന്തിരിഞ്ഞോടിയ റുസ്തമിന്റെ സഹോദരനായിരുന്ന അസ്‌വൻദ്യാസ്ബിൻ ഫർഖ് ജർമീസാന്റെ സമീപപ്രദേശത്തുനിന്ന് യുദ്ധത്തിന് വന്നു. ആദർബയ്ജാനുമേൽ ബുകയ്റിന്റെ ആദ്യയുദ്ധമായിരുന്നു അത്. യുദ്ധം നടന്നു. ശത്രുക്കൾ പരാജയപ്പെട്ടു. അസ്ഫൻദ്യാസ് ബന്ദിയായി. അയാൾ മുസ്‌ലിം സേനാധിപനായ ബുകയ്റിനോടു ചോദിച്ചു:താങ്കൾക്ക് യുദ്ധമാണോ സന്ധിയാണോ ഇഷ്ടം? ബുകയ്ർ പറഞ്ഞു: സന്ധി! അപ്പോൾ അയാൾ പറഞ്ഞു:ബന്ദിയാക്കിയതാണല്ലോ? എന്നെ ബന്ദിയായിതന്നെ വെക്കുക. ഞാൻ ഇക്കൂട്ടരുടെ പ്രതിനിധിയായി താങ്കളുമായി സന്ധി ചെയ്യാത്തതുവരെ ഇവർ സന്ധിക്ക് തയ്യാറാകില്ല. അങ്ങനെ ചുറ്റുപാടുമുള്ള പർവ്വതങ്ങളിലേക്ക് ചിതറിപ്പോകുകയോ കോട്ടയ്ക്കുള്ളിൽ ഉപരോധിതരാകുകയോ ചെയ്യുന്നതുവരെ ഇവർ യുദ്ധം തുടരും. അയാളെ ബുകയ്ർ തന്റെ പക്കൽത്തന്നെ വെച്ചു. മെല്ലെ മെല്ലെ വേറേയും ഭൂപ്രദേശങ്ങൾ മുസ്‌ലിമീങ്ങളുടെ അധീനതയിൽ വന്നു ചേർന്നു. ഉത്ബ ബിൻ ഫർഖദ് വേറെ ദിക്കിൽനിന്ന് ആക്രമണം നടത്തി. അസ്ഫൻദ് യാസിന്റെ സഹോദരൻ ബഹ്റാം അദ്ദേഹത്തിന്റെ വഴിയിൽ വിലങ്ങുതടിയായി. എന്നാൽ, യുദ്ധാനന്തരം തോറ്റുതുന്നംപാടി. അസ്ഫൻദ്യാസ് ഈ വാർത്ത കേട്ടപ്പോൾ പറഞ്ഞു: ‘യുദ്ധത്തീ അണഞ്ഞിരിക്കുന്നു. സന്ധിയുടെ നേരം വന്നെത്തിയിരിക്കുന്നു.’അങ്ങനെ അവർ സന്ധി ചെയ്തു. ആദർബയ്ജാൻ വാസികൾ അയാളെ പിന്തുണച്ചു. സന്ധിപ്പത്രം എഴുതിയത് ഇപ്രകാരമായിരുന്നു. തുടക്കത്തിൽ ബിസ്മില്ലാഹിർറഹ്മാനിർറഹീം എന്നാണ് എഴുതിയത്. അമീറുൽ മുഅ്മിനീൻ ഉമറിന്റ ഗവർണറായ ഉത്ബ ബിൻ ഫർഖദ്, ആദർബയ്ജാന്റേ ദേശവാസികൾക്ക് എഴുതി നല്കുന്ന സന്ധി. ആദർബയ്ജാന്റെ മൈതാനപ്രദേശത്തും പർവ്വതപ്രദേശത്തും അതിർത്തി പ്രദേശത്തും നാനാകോണുകളിലും അധിവസിക്കുന്ന സകലമതസ്ഥർക്കുമായുള്ള രേഖാപത്രം. ഇവർക്കെല്ലാവർക്കും അഭയം നല്കിയിരിക്കുന്നു; അവരുടെ ജീവനും സ്വത്തിനും മതത്തിനും ന്യായപ്രമാണത്തിനുമെല്ലാം. അവർ തങ്ങളുടെ കഴിവനുസരിച്ച് കപ്പം നല്കുമെന്ന നിബന്ധനയോടെ അവർക്ക് സംരക്ഷണവും അഭയവും നല്കിയിരിക്കുന്നു. സ്ത്രീകളേയും കുട്ടികളേയും നിത്യരോഗികളേയും കപ്പത്തിൽനിന്ന് ഒഴിവാക്കിയിരിക്കുന്നു. അതുപോലെ നിർധനർക്കും ആരാധനകളിൽ മുഴുകി ഏകാന്തവാസം അനുഷ്ഠിക്കുന്നവർക്കും ധനമില്ലാത്തവർക്കും ഇളവുണ്ട്. ഇവിടുത്തുകാർക്കും അതുപോലെ കുടിയേറി സ്ഥിരമായി താമസിച്ചുവരുന്നവർക്കും ഒരുപോലെ കപ്പം ബാധകമാണ്. അപ്രകാരം തന്നെ ഇനി ഇവിടെ വന്ന് താമസിക്കുന്നവരും കപ്പം നല്കേണ്ടതാണ്. ഇവർ ഇസ്‌ലാമിക സൈന്യത്തിന് ഒരു രാവും പകലും ആതിഥ്യം നല്കാൻ ബാധ്യസ്ഥരുമായിരിക്കും. അവർക്ക് വഴി പറഞ്ഞുകൊടുക്കുകയും വേണം. ആരെങ്കിലും ആവശ്യമനുസരിച്ച് പട്ടാളസേവനം കാഴ്ചവെച്ചാൽ കപ്പം ഇളവാക്കപ്പെടുന്നതായിരിക്കും. ഇവിടെ താമസിക്കുന്നവർക്കാണ് ഈ നിബന്ധനകൾ ബാധകമാകുന്നത്. ഇവിടെനിന്ന് നാടു വിട്ട് വേറെ രാജ്യത്ത് പോകുന്നവർ എന്തായാലും സമാധാനാവസ്ഥയിൽ തന്നെയായിരിക്കും. ഈ രേഖാപത്രം ജുൻദബ് എഴുതുകയും ബുകയ്ർ അബ്ദുല്ലായും സിമാഖ് ബിൻ ഖർശയും സാക്ഷ്യപ്പെടുത്തുകയും ചെയ്തു.*(മഖാല താരീഖെ ഇസ്‌ലാം ബിഅഹദി ഹ്ദറത്ത് ഉമർ(റ), സയ്യിദ് മീർ മഹമൂദ് അഹ്മദ് സാഹിബ് നാസിർ പേജ് 176-179) (താരീഖു ത്വബ്‌രി, വാള്യം 2, പേജ് 539-540, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)*

അർമീനിയായുമുള്ള സന്ധിയെ കുറിച്ച് ഇപ്രകാരം വന്നിരിക്കുന്നു. ആദർബയ്ജാൻ വിജയാനന്തരം ബുകയ്ർ ബിൻ അബ്ദുല്ലാഹ് അർമേനിയയിലേക്ക് തിരിച്ചു. അവരെ സഹായിക്കാൻ ഹദ്റത്ത് ഉമർ(റ) സുറാഖ ബിൻ മാലിക് ബിൻ അംറിന്റെ നേതൃത്വത്തിൽ ഒരു സൈന്യത്തെ അയച്ചു. ആ യുദ്ധത്തിൽ സർവസൈന്യാധിപനായി സുറാഖയെ നിശ്ചയിച്ചു. മുൻനിര സൈന്യങ്ങളുടെ കമാണ്ടറായി അബ്ദുർറഹ്മാൻ ബിൻ റബീഅയെ നിയമിച്ചു. ഒരു വിഭാഗത്തിന്റെ ഓഫീസറായി ഹുദയ്ഫാ ബിൻ ഉസയ്ദ് ഗഫ്ഫാരിയേയും നിയമിച്ചു. ഈ സൈന്യം ബുകയ്ർ ബിൻ അബ്ദുല്ലായുടെ (അർമീനിയായിലേക്കയച്ച)സൈന്യവുമായി കണ്ടുമുട്ടുമ്പോൾ മറ്റേ വിഭാഗത്തിന്റെ കമാണ്ടറായി ബുകയ്ർ ബിൻ അബ്ദുല്ലായെ നിശ്ചയിക്കണമെന്നും നിർദേശിച്ചു. ഈ സൈന്യം പുറപ്പെട്ട് മുൻനിരസൈന്യങ്ങളുടെ ഓഫീസറായ അബ്ദുർറഹ്മാൻ ബിൻ റബീഅയെ ദ്രുതചലനം നടത്തി ബുകയ്ർ ബിൻ അബ്ദുല്ലായുടെ സൈന്യത്തെ പിന്നിലാക്കി ബാബ് എന്ന സ്ഥലത്തെത്തി. അവിടെ അർമീനിയ ഭരണാധികാരി ശഹ്റാബറാസ് താമസിച്ചിരുന്നു. അയാൾ പേർഷ്യക്കാരനായിരുന്നു. അയാൾ കത്തെഴുതി അബ്ദുർറഹ് മാനിൽനിന്ന് അഭയം തേടി. എന്നിട്ട് അബ്ദുർറഹ്മാന്റെ സന്നിധിയിൽ ഹാജരായി. അർമീനിയക്കാരോടു അദ്ദേഹത്തിന് വിദ്വേഷമുണ്ടായിരുന്നു. അയാൾ അബ്ദുർറഹ്മാന്റെ മുമ്പിൽ സന്ധിയാലോചന നടത്തി. എന്നിട്ട് പറഞ്ഞു:□എന്നോടു കപ്പം വാങ്ങരുത്. ഞാൻ ആവശ്യാനുസരണം സൈനിക സഹായം നല്കുന്നതായിരിക്കും.’വ്യത്യസ്തമായി ഒരു ഉടമ്പടിയാണ് ഇവിടെ വിവരിക്കപ്പെടുന്നത്. സ്വയം ഹാജരാകുകയും സന്ധിയിലാകുകയും തന്നോടു കപ്പം വാങ്ങരുതെന്നും താൻ സൈന്യസഹായം നല്കാമെന്നും അദ്ദേഹം പറയുകയാണ്. സുറാഖ ആ അഭിപ്രായം അംഗീകരിക്കുകയും യുദ്ധം കൂടാതെ അർമീനിയായുടെ നിയന്ത്രണം കരസ്ഥമാക്കുകയും ചെയ്തു. ഹദ്റത്ത് ഉമറിന്റെ സവിധത്തിൽ ഇത്തരമൊരു സമാധാനസന്ധിയുടെ റിപ്പോർട്ടു ലഭിച്ചപ്പോൾ അദ്ദേഹം അതിന് അംഗീകാരം നല്കുകയും വളരെയധികം സന്തോഷം പ്രകടിപ്പിക്കുകയും ചെയ്തു. ഹദ്റത്ത് സുറാഖ തയ്യാറാക്കിയ സമാധാന കരാറിലെ വചനങ്ങൾ ഇപ്രകാരമായിരുന്നു. ബിസ്മില്ലാഹിർറഹ്മാനിർറഹീം. അമീറുൽമുഅ്മിനീൻ ഉമർ ബിൻ ഖത്താബിന്റെ ഗവർണരായ സുറാഖ ബിൻ അംറ് ശഹ്റാബാസ്, അർമീനിയ, അർമൻ എന്നിവിടങ്ങളിലെ ജനങ്ങളുമായി ചെയ്യുന്ന സമാധാന സന്ധിയാണിത്. അവർക്കെല്ലാവർക്കും ഇതിനകം അഭയം നല്കിയിരിക്കുന്നു. അവരുടെ ജീവനും സ്വത്തിനും മതത്തിനും ഒരു പോറലുമേല്ക്കുന്നതല്ല. അവർ യുദ്ധാവസരത്തിൽ സൈനികസഹായം നല്കുന്നതായിരിക്കും. ഭരണാധികാരിയുടെ ഇഷ്ടാനുസരണം എല്ലാ പ്രവർത്തനങ്ങളിലും സഹായം ചെയ്യുന്നതിയാരിക്കും. അവരിൽനിന്ന് കപ്പം വാങ്ങുകയില്ല. സൈനിക സേവനം കപ്പത്തിന് പകരമായിരിക്കും. എന്നാൽ, സൈനികസേവനം ചെയ്യാത്തവർക്ക് ആദർബയ്ജാൻ വാസികളുടെ ഭാഗത്തുനിന്ന് കപ്പമുണ്ടാകുന്നതാണ്. അതുപോലെ അവർ വഴി പറഞ്ഞുകൊടുക്കേണ്ടതുണ്ട്. ഒരു ദിവസത്തെ ആതിഥ്യം നല്കുകയും വേണം. എന്നാൽ, അവരിൽനിന്ന് സൈനികസേവനം കരസ്ഥമാക്കിയാൽപ്പിന്നെ കപ്പം നിലനില്ക്കുകയില്ല. സൈനികസേവനം നടത്തുന്നില്ലെങ്കിൽ കപ്പം കൊടുക്കേണ്ടതാണ്. ഇതിനു സാക്ഷികൾ അബ്ദുർറഹ്മാൻ ബിൻ റബീഅയും സുൽമാൻ ബിൻ റബീഅയും ബുകയ്ർ ബിൻ അബ്ദുല്ലായുമാണ്. ഈ ഉടമ്പടി മർളീ ബിൻ മുഖർറിൻ എഴുതി സാക്ഷ്യം വഹിച്ചതാണ്.

തദനന്തരം അർമേനിയ(Armenia) ചുറ്റുമുള്ള മലയിടുക്കകളിലേക്ക് സൈന്യങ്ങളെ അയക്കാൻ തുടങ്ങി. ബുകയ്ർ ബിൻ അബ്ദുല്ലാ, ഹബീബ് ബിൻ മസ്‌ലമ, ഹുദയ്ഫ ബിൻ

ഉസയ്ദ്, സൽമാൻ റബീഅ എന്നിവരുടെ മേൽനോട്ടത്തിൽ മലയിടുക്കകളിലേക്ക് സൈന്യങ്ങളെ അയച്ചു. ബുകയ്ർ ബിൻ അബ്ദുല്ലാ മൂഖാനിലേക്ക് അയക്കപ്പെട്ടു. ഹബീബിനെ തഫ്ലീസിലേക്ക് അയച്ചു. ഹുദയ്ഫ ബിൻ ഉസയ്ദിനെ ലാൻ എന്ന പർവ്വതങ്ങളിൽ വസിക്കുന്നവരെ നേരിടുന്നതിന് അയച്ചു. സുറാഖായുടെ ഈ സൈന്യങ്ങളിൽ ഏറ്റവും ഉന്നതവിജയം ബുകയ്ർ ബിൻ അബ്ദുല്ലായ്ക്കാണ് ലഭിച്ചത്. അദ്ദേഹത്തെ മൂഖാനിലേക്കാണ് അയച്ചിരുന്നത്. അദ്ദേഹം മൂഖാനിലെ ജനങ്ങൾക്ക് അഭയം എഴുതി നല്കി. അതിങ്ങനെയായിരുന്നു: 'ബിസ്മില്ലാഹിർറഹ്മാനിർറഹീം. ബുകയ്ർ ബിൻ അബ്ദുല്ലാഹ് 'ഖുബഹ്'മലകളിൽ കഴിയുന്ന മൂഖാൻവാസികൾക്ക് നല്കുന്ന കരാറാണിത്. അവർക്ക് അഭയമുണ്ട്. അവരുടെ ജീവനും സ്വത്തിനും മതത്തിനും ന്യായപ്രമാണത്തിനും സംരക്ഷണമുണ്ട്. ഓരോ പ്രായപൂർത്തിയായവരും ഒരു ദീനാറോ അതിന്റെ വിലയോ നല്കണമെന്ന നിബന്ധനയോടയാണ് അഭയം. ഇപ്രകാരം ഉടമ്പടി നടന്ന ഇടങ്ങളിലെല്ലാം മതപരമായ, ശരീഅത്തുപരമായ സ്വാതന്ത്ര്യം അനുവദിച്ചിരുന്നതായി കാണാം. ഇസ്ലാംമതം വാളാൽ പ്രചരിപ്പിക്കപ്പെട്ടതാണെന്ന ആക്ഷേപത്തിന് ഇവിടെ മറുപടിയുണ്ട്. ആരോടും ബലാൽക്കാരമായി മുസ്ലിമാകാൻ പറയപ്പെട്ടിട്ടില്ല. മുസ്ലിമീങ്ങൾക്ക് നന്മവരണമെന്ന് ആഗ്രഹക്കുകയും അവർക്ക് വഴി പറഞ്ഞു കൊടുക്കുകയും ഒരു ദിവസത്തെ ആതിഥ്യം നല്കുകയും വേണം. ഈ ഉടമ്പടി പാലിക്കുന്ന കാലത്തോളം അവർക്ക് അഭയമുണ്ടാകുന്നതായിരിക്കും. അവർ ഞങ്ങളുടെ നന്മ ആഗ്രഹിക്കേണ്ടതാണ്. അവരോടു വിശ്വസ്തത വെച്ചു പുലർത്തേണ്ടത് ഞങ്ങളുടെ ബാധ്യതയാണ്. വല്ലാഹുൽമുസ്തആൻ അല്ലാഹു സഹായിയാണ്! എന്നാൽ, അവർ ഈ ഉടമ്പടി ഉപേക്ഷിക്കുകയും വല്ല തട്ടിപ്പും നടത്തുകയും ചെയ്താൽ അവർക്കുള്ള അഭയം അവസാനിക്കുന്നതായിരിക്കും. വഞ്ചന കാണിക്കുന്നവരെ അവർ സർക്കാറിന് കൈമാറേണ്ടതാണ്!അല്ലെങ്കിൽ അവരേയും അതിൽ പങ്കാളികളായി കണക്കാക്കപ്പെടുന്നതാണ്. ഈ ഉടമ്പടിയിലും സാക്ഷികൾ നിശ്ചയിക്കപ്പെട്ടിരുന്നു. നാലഞ്ച് സാക്ഷികൾ ഒപ്പിട്ടു.' *(മഖാല താരീഖെ ഇസ്ലാം ബിഅഹദി ഹ്ദറത്ത് ഉമർ(റ), സയ്യിദ് മീർ മഹമൂദ് അഹ്മദ് സാഹിബ് നാസിർ പേജ് 180-184)*

തുടർന്ന് ഖുറാസാൻ വിജയമുണ്ടായി. അത് ഹിജ്റ 22 ലാണ് നടന്നത്. അതിന്റെ വിശദാംശങ്ങൾ ഇപ്രകാരമാണ്. ജലൂലാഅ് യുദ്ധത്തിനുശേഷം പേർഷ്യൻ രാജാവായ യസ്ദജർദ് 'റേ'യിലെത്തി. അവിടുത്തെ ഭരണാധികാരി ആബാൻ ജാദവയഃ, യസ്ദജർദിനെ ആക്രമിച്ചു. എന്നിട്ട് അയാളുടെ മുദ്ര പിടിച്ചെടുക്കുകയും സ്വന്തം ഇഷ്ടപ്രകാരം അതുവച്ച് പ്രമാണങ്ങൾ തയ്യാറാക്കുകയും അയാളുടെ മോതിരം തിരിച്ചേല്പിക്കുകയും ചെയ്തു. എന്നിട്ട് ആബാൻ, ഹദ്റത്ത് സഅ്ദിന്റെ അടുക്കൽ വന്നു.എഴുത്താലെ രേഖപ്പെട്ടതെല്ലാം ന്ലകി. അതായത് ആ പ്രമാണങ്ങൾ നല്കി. യസ്ദജർദ് 'റേ'യിൽനിന്നു അസ്ഫാനിലേക്ക് പുറപ്പെട്ടു. യസ്ദജർദ് അവിടെ താമസിച്ചത് ആബാന് ഇഷ്ടപ്പെട്ടില്ല. അതുകൊണ്ട് യസ്ദജർദിന് കർമാനിലേക്ക് പോകേണ്ടതായിവന്നു. അയാളുട പക്കൽ 'വിശുദ്ധ അഗ്നി'ഉണ്ടായിരുന്നു. അവർ അഗ്നി പൂജകരായിരുന്നു. ആ അഗ്നിയുമെടുത്തായിരുന്നു അവർ സഞ്ചരിച്ചിരുന്നത്. പിന്നീട് അയാൾ ഖുറാസാനിലേക്ക് തിരിക്കുകയും 'മർവി'ൽവന്ന് താമസിക്കുകയും ചെയ്തു. വിശുദ്ധ അഗ്നി അവിടെചെന്ന് തെളിച്ചു. അതിന് അഗ്നി പൂജാകേന്ദ്രവും ഉദ്യാനവും നിർമിച്ചു. അത് 'മർവി'ൽ നിന്ന് രണ്ട് ഫർസഖ് അതായത് 6 മൈൽ അകലെയായിരുന്നു. അവിടെയെത്തി അയാൾ സമാധാനത്തോടെ ജീവിക്കാൻ തുടങ്ങി. അധിനിവേശം നടക്കാത്ത പ്രദേശങ്ങളിലെ അജമികളുമായി അയാൾ കത്തിടപാടുകൾ നടത്തിക്കൊണ്ടിരുന്നു. ബന്ധങ്ങളും ആചാരങ്ങളുമെല്ലാം വർധിപ്പിച്ചു.അങ്ങനെ അവരെല്ലാവരും അയാൾക്ക് വിധേയരായിത്തീർന്നു. അപ്രകാരംതന്നെ അയാൾ അധിനിവിഷ്ട പ്രദേശങ്ങളിലെ പേർഷ്യക്കാരേയും ഹുർമുസാനേയും ഇളക്കിവിടുകയും ചെയ്തു. അതിന്റെ ഫലമായി അവർ മുസ്ലിമീങ്ങളുമായിട്ടുണ്ടായിരുന്ന വിശ്വസ്തപരമായ ബന്ധം വിച്ഛേദിച്ചു. അവർ കലാപം നടത്തി. അവരെ പിന്തുടർന്ന് ജിബൽവാസികളും ഫിറൂസാൻവാസികളും ഉടമ്പടി ലംഘിച്ച് പ്രക്ഷോഭം തുടങ്ങി. ഇറാഖിലെ ഒരു വിശ്രുതമായ പ്രദേശമാണ് ജിബാൽ. അസ്ബഹാനിൽനിന്നു തടങ്ങി സൻജാൻ, ഖസ്വീൻ, ഹമദാൻ , റേ തുടങ്ങിയ പ്രദേശങ്ങൾ റേ തുടങ്ങിയ നഗരങ്ങൾ ചേർന്നതാണിത്.അസ്ബഹാനിലെ ഒരു പ്രദേശത്തിന്റെ പേരാണ് ഫിറൂസാൻ. എന്തായാലും ഇക്കാരണങ്ങളാൽ മുസ്ലിമീങ്ങൾക്ക് ഇറാൻ പ്രദേശങ്ങളിൽ കടന്നുകയറ്റം നടത്താനും യുദ്ധമുന്നേറ്റം നടത്താനും അമീറുൽമുഅ്മിനീൻ ഹദ്റത്ത് ഉമർ(റ)അനുമതി നല്കിയത്. അങ്ങനെ അതിന് കൂഫക്കാരും ബസ്വറക്കാരും പുറപ്പെട്ടു. അവരുടെ മണ്ണിലെത്തി അവർ ശക്തമായ ആക്രമണം നടത്തി. അഹ്നഫ് ബിൻ ഖയ്സ് ഖുറാസാനിലേക്ക് പുറപ്പെട്ടു. യാത്രാ മധ്യേ അവർ മിഹ്ർജാൻ ഖസഖ് കീഴടക്കി. ഹുൽവാനിൽനിന്നു തുടങ്ങി ഹമദാൻവരെയുള്ള വിശാലമായി കിടക്കുന്ന പർവ്വതങ്ങൾക്കിടയിലെ ഒരു പ്രദേശമാണ് മിഹ്ർജാൻ ഖസഖ്. അത് ഒരുപാട് നഗരങ്ങളും പ്രദേശങ്ങളും അടങ്ങിയതാണ്. അവിടെനിന്ന് മുന്നേറ്റം നടത്തി അസ്ബഹാനിലേക്ക് പുറപ്പെട്ടു. ആ സമയത്ത് കൂഫക്കാർ 'ജയ്യ്'എന്ന സ്ഥലം വളഞ്ഞിരിക്കുകയായിരുന്നു. 'ജയ്യ്' എന്നത് അസ്ബഹാനു ചുറ്റുവട്ടത്തുള്ള ഒരു പൗരാണിക നഗരമാണ്. ഇന്ന് അത് ഏതാണ്ട് വിജനമായിക്കഴിഞ്ഞിരിക്കുന്നു. അനറബികൾ അതിനെ 'ശഹ്റസ്താൻ'എന്നായിരുന്നു വിളിച്ചിരുന്നത്. അതുകൊണ്ട് അവർ ത്വബസാന്റെ വഴിയിലൂടെ ഖുറാസാനിൽ കടക്കുകയും ഹറാഥിനുമേൽ ശക്തമായ ആക്രമണം നടത്തി കീഴ്പ്പെടുത്തുകയും ചെയ്തു. നേശാപൂരിനും അസ്ബഹാനുമിടയിലുള്ള സ്ഥലമാണ് ത്വബസാൻ. പേർഷ്യയിൽ ഇതിനെ ഏകവചനരൂപമായ ത്വബസ് എന്ന് വായിക്കാറുണ്ട്. ഖുറാസാനിലെ വലുതും വിഖ്യാതവുമായ നഗരങ്ങളിൽ ഒരു സുപ്രധാനമായ നഗരമാണ് ഹറാഥ്. അദ്ദേഹം അവിടെ സ്വുഹാർ ബിൻ ഫുലാൻ അബ്ദിയെ തന്റെ പ്രതിനിധിയാക്കി. കൂടുതൽ മുന്നേറ്റം നടത്തിക്കൊണ്ട് അദ്ദേഹം 'മർവ് ശാഹെജഹാനി'ലേക്ക് നീങ്ങി. 'മർവ് ശാഹെ ജഹാൻ ഖുറാസാനിലെ നഗരങ്ങളിലും വിഖ്യാതമായ പട്ടണമാണ്. ഇത് നേശാപൂരിൽ നിന്നു 210 മൈൽ ദൂരത്താണ് സ്ഥിതി ചെയ്യുന്നത്. ഇതിന്നിടയിൽ വേറെ യുദ്ധങ്ങളൊന്നും ഉണ്ടായില്ല. അതുകൊണ്ട് നേശാപൂരിലേക്ക് മുത്വർരിഫ് ബിൻ അബ്ദുല്ലാഹ് ബിൻ ശിഖ്ഖീറിനേയും സർഖസിലേക്ക് ഹാരിഥ് ബിൻ ഹസ്സാനേയും അയച്ചു.സർഖസും ഖുറാസാന്റെ ചുറ്റുവട്ടത്തുള്ള പുരാതനവും വലുതമായ ഒരു നഗരമാണ്. അത് നേശാപൂരിനും 'മർവി'നുമിടയിലാണ് സ്ഥിതി ചെയ്യുന്നത്. എന്തായാലും അഹ്നഫ് ബിൻ ഖയ്സ് മർവ് ശാഹെജഹാന്റെ അടുത്തെത്തിയപ്പോൾ യസ്ദജർദ്, മർവ്റൂദിലേക്ക് പോവുകയും അവിടെ താമസമാക്കുകയും ചെയ്തു. maruroz ന് ആ പേര് വന്നതിന്റെ കാരണം ഇതാണ്, വെള്ളാരക്കല്ലിനാണ് മർവ് (maru)എന്ന് പറയുന്നത്. അതിൽ തീ കൊളുത്താറുണ്ട്. അത് കറുപ്പോ ചെമപ്പോ ആകില്ല. നദിക്കാണ് roz എന്ന് പേർഷ്യൻ ഭാഷയിൽ പറയുന്നത്. അതായത് ഇത് നദിയിലെ വെള്ളക്കല്ലാണ്. ഇത് ശാഹെജഹാനിൽ നിന്നു അഞ്ചു ദിവസത്തെ യാത്രാ ദൂരത്തുള്ള ഒരു നദിക്കരയിലാണ് സ്ഥിതി ചെയ്യുന്നത്. അഹ്നഫ് ബിൻ ഖയ്സ് മർവ് ശാഹെജഹാനിൽ ചെന്ന് താമസമാക്കി. യസ്ദജർദ്, മർവ്റൂദിലെത്തിയതിനുശേഷം ഭയപ്പെട്ടുകൊണ്ട് പല ഭരണാധികാരികളുടേയും അടുക്കൽ സഹായം അഭ്യർഥിച്ച് പോവുകയുണ്ടായി. അയാൾ ഹാഖാനിൽ നിന്ന് സഹായം തേടുകയുണ്ടായി. അയാൾ സ്വുഗദ് രാജാവിനും സൈനിക സഹായമെത്തിക്കാൻ എഴുതുകയുണ്ടായി. സ്വുഗദ് എന്നത് സമർഖൻദ്, ബുഖാറാ തുടങ്ങിയ പ്രദേശങ്ങളടങ്ങിയ ഭൂപ്രദേശമാണ്. അതുപോലെ അയാൾ ചൈന രാജാവിനും സഹായം അഭ്യർഥിച്ച് എഴുതുകയുണ്ടായി. അഹ്നഫ് ബിൻ ഖയ്സ് മർവ് ശാഹെജഹാനിൽ ഹാരിഥ ബിൻ നുഅ്മാൻ ബാഹിലിയെ തന്റെ പ്രതിനിധിയായി നിശ്ചയിക്കുകയും ആ സമയത്ത് കൂഫയുടെ സൈന്യങ്ങൾ അവരുടെ നാല് സൈന്യാധിപന്മാരുടെ നേതൃത്വത്തിൽ അഹ്നഫ് ബിൻ ഖയ്സിന്റെ അടുത്തെത്തുകയും ചെയ്തു. സൈന്യങ്ങൾ എല്ലാം മർവ് ശാഹെ ജഹാനിൽ എത്തിച്ചേർന്നപ്പോൾ അഹ്നഫ് ബിൻ ഖയ്സ് മർവ് ശാഹെജഹാനിൽ നിന്നു മർവ്റൂദിലേക്ക് സൈനിക മുന്നേറ്റം നടത്തി. യസ്ദജർദ് ഈ വിവരം അറിഞ്ഞപ്പോൾ ബൽഖിലേക്ക് പോയി. ജീഹൂൻ നദിക്കടുത്ത് ഖുറാസാനിലെ ഒരു സുന്ദര നഗരമാണ് ബൽഖ്. അഹ്നഫ് ബിൻ ഖയ്സ് മർവ്റൂദിൽ താമസമാക്കി. കൂഫയിൽ നിന്നുമുള്ള സൈന്യം നേരിട്ട് ബൽഖിലേക്ക് യാത്ര തിരിച്ചു. അഹ്നഫ് ബിൻ ഖയ്സും അവരുടെ പിറകെ പുറപ്പെട്ടു. ബൽഖിൽ കൂഫക്കാരുടെ സൈന്യവും യസ്ദജർദിന്റെ സൈന്യവും ഏറ്റുമുട്ടി. ഇരു കക്ഷികളും തമ്മിൽ യുദ്ധം നടക്കുകയും അല്ലാഹു യസ്ദജർദിന് പരാജയം നൽകുകയും ചെയ്തു. അയാൾ ഇറാനികളോടൊപ്പം നദിയുടെ ഭാഗത്തേക്ക് പോവുകയും നദി കടന്ന് ഓടിപ്പോവുകയും ചെയ്തു. ആ സമയത്തിനുള്ളിൽ അഹ്നഫ് ബിൻ ഖയ്സും കൂഫയിൽ നിന്നുള്ള സൈന്യങ്ങളും കൂടിച്ചേർന്നു. ആ സമയത്ത് അല്ലാഹു അവരുടെ കൈകളാൽ ബൽഖിലെ വിജയവും നൽകി. അങ്ങിനെ കൂഫ വാസികളുടെ യുദ്ധ നേട്ടങ്ങളിൽ ബൽഖും ഉൾപ്പെട്ടു. അതിന് ശേഷം ഖുറാസാന്റെ ഓടിപോവുകയോ കോട്ട

യ്ക്കകത്ത് ബന്ധനസ്ഥരാകുകയോ ചെയ്ത ആളുകളും നേശാപൂർ മുതൽ ത്വഖാരിസ്താൻ വരെയുള്ള എല്ലാ ജനങ്ങളും എല്ലാവരും സമാധാന സന്ധിക്കായി മുന്നോട്ടു വന്നു. ത്വഖാരിസ്താൻ എന്ന പ്രദേശം ഒരുപാട് പട്ടണങ്ങൾ അടങ്ങുന്നതാണ്. ഇത് ഖുറാസാന്റെ ചുറ്റുവട്ടത്തുള്ള പ്രദേശമാണ്. അതിലെ ഏറ്റവും വലിയ പട്ടണം ത്വാലിഖാനാണ്. അതിനുശേഷം അഹ്നഫ് ബിൻ ഖയ്സ് തിരിച്ച് മർവ്റൂദിലേക്ക് തന്നെ പോയി. അവിടെ താമസമാക്കി. അതെ സമയം റുബയി ബിൻ ആമിർ എന്ന അറബികളിൽ ആദരണീയനായ വ്യക്തിയെ ത്വഖാരിസ്ഥാനിൽ തന്റെ പ്രതിനിധിയായി നിയമിച്ചു. അഹ്നഫ് ബിൻ ഖയ്സ് ഖുറാസാൻ വിജയത്തെ കുറിച്ച് ഹദ്റത്ത് ഉമറിനെ അറിയിച്ചു. ഖുറാസാൻ വിജയത്തെ കുറിച്ച് കേട്ട ഹദ്റത്ത് ഉമർ പറഞ്ഞു: 'അവർക്കെതിരിൽ ഒരു സൈന്യത്തെയും അയക്കരുതെന്നായിരുന്നു ഞാൻ ആഗ്രഹിച്ചത്. നമുക്കും അവർക്കുമിടയിൽ ഒരു അഗ്നിസമുദ്രം ഉണ്ടായിരുന്നെങ്കിലെന്ന് ഞാൻ ആശിച്ചു.' ശത്രുക്കൾ പറയുന്നത് മുസ്‌ലിമീങ്ങൾ ഭൂമി കൈയേറാൻ ആഗ്രഹിച്ചിരുന്നു, രാജ്യങ്ങൾ കീഴടക്കാൻ താൽപര്യം പ്രകടിപ്പിച്ചിരുന്നു എന്നൊക്കെയാണ്. എന്നാൽ, ഹദ്റത്ത് ഉമറിന്റെ ആഗ്രഹം ഇതായിരുന്നു. പറയുന്നു: 'ഞാൻ അവർക്കെതിരിൽ സൈന്യത്തെ അയക്കാൻ ആഗ്രഹിച്ചിരുന്നതേയില്ല.' ഹദ്റത്ത് അലി(റ) ഹദ്റത്ത് ഉമറിന്റെ വാക്കുകൾ കേട്ടപ്പോൾ പറഞ്ഞു: 'യാ! അമീറൽ മുഅ്മിനീൻ അങ്ങെന്തിനാണ് ഇപ്രകാരം പറയുന്നത്?'അപ്പോൾ അദ്ദേഹം മറുപടി പറഞ്ഞു: 'അതിനുകാരണം ഇതാണ്, അവിടുത്തുകാർ മൂന്നു തവണ കരാർ ലംഘനം നടത്തുകയും ഉടമ്പടി ലംഘിക്കുകയും ചെയ്യും. മൂന്നാമത്തെ തവണ അവരെ കീഴടക്കേണ്ടതായി വരുന്നതുമാണ്.' ഒരു നിവേദനത്തിൽ ഇപ്രകാരം വന്നിരിക്കുന്നു. 'ഹദ്റത്ത് അലി ബിൻ അബി ത്വാലിബ് പറയുന്നു: 'ഹദ്റത്ത് ഉമറിൻെറ അടുത്ത് ഖുറാസാൻ വിജയത്തിന്റെ വാർത്തയെത്തിയപ്പോൾ അദ്ദേഹം പറഞ്ഞു: 'അവർക്കും നമുക്കുമിടയിൽ ഒരു അഗ്നിയുടെ സമുദ്രം ഉണ്ടായിരുന്നുവെങ്കിലെന്ന് ഞാൻ ആഗ്രഹിച്ചിരുന്നു.'അപ്പോൾ ഹദ്റത്ത് അലി പറഞ്ഞു: യാ!അമീറൽ മുഅ്മിനീൻ! ഇത് സന്തോഷത്തിന്റെ അവസരമല്ലെ? അങ്ങെന്തിനാണ് വിഷമിക്കുന്നത്? നമുക്ക് വിജയം ലഭിച്ചു കഴിഞ്ഞല്ലോ? തടസ്സമുണ്ടായിരുന്നെങ്കിലെന്ന് താങ്കൾ പറയുന്നു.'അപ്പോൾ ഹദ്റത്ത് ഉമർ(റ) പറഞ്ഞു: 'അതെ! സന്തോഷത്തിന്റെ കാര്യം തന്നെയാണ്. എന്നാൽ, ഇവർ മൂന്നുതവണ ഉടമ്പടി ലംഘിക്കും എന്നതിലാണ് ഞാൻ വിഷമിക്കുന്നത്.' ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. അഹ്നഫ് ബിൻ ഖയ്സ് മർവിലെ രണ്ടു പട്ടണങ്ങളും കീഴടക്കി എന്ന വാർത്ത ഹദ്റത്ത് ഉമറിന് ലഭിച്ചു. ബൽഖും കീഴടക്കി എന്നറിഞ്ഞു. അദ്ദേഹം പറഞ്ഞു അഹ്നഫ് ബിൻ ഖയ്സ് പൗരസ്ത്യരുടെ നേതാവാണ്.' എന്നിട്ട് അഹ്നഫ് ബിൻ ഖയ്സിന് ഇപ്രകാരം എഴുതി അറിയിച്ചു: 'താങ്കൾ നദി കടന്ന് പോകരുത്. മുമ്പേയുണ്ടായിരുന്ന സ്ഥലത്തുതന്നെ തുടരുക. ഖുറാസാനിൽ നിങ്ങൾ പ്രവേശിച്ചപ്പോൾ ഉണ്ടായിരുന്ന നിങ്ങളുടെ സ്വഭാവ സവിശേഷതകൾ നിങ്ങൾ മുറുകെ പിടിക്കുക. അങ്ങനെയായാൽ വിജയവും ദൈവ സഹായവും ഇപ്പോഴും നിങ്ങളുടെ പാദം ചുംബിക്കുന്നതായിരിക്കും. അതുകൊണ്ട് നിങ്ങൾ നദി കടക്കാതിരിക്കുക. അല്ലെങ്കിൽ നിങ്ങൾക്ക് നഷ്ടം സഹിക്കേണ്ടി വരും. *(താരീഖ് ത്വബരി മുത്തർജിം, വാള്യം 3, ഭാഗം 1, പേജ് 183- 185, ദാറുൽ ഇശാഅത്ത് കറാച്ചി 2003)(താരീഖു അത്ത്വബ്‌രി, വാള്യം 2, പേജ് 546-547, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)(മുഅ്ജമുൽ ബുൽദാൻ അക്ർഗുലാം ജീലാനി ബർഖ്, പേജ് 320) (മുഅ്ജമുൽ ബുൽദാൻ, വാള്യം 2, പേജ് 26. 105, വാള്യം 3, പേജ് 451, 250, 37, 252, വാള്യം 4, പേജ് 347, 471, 253 ദാറു അഹ്‌യാഉത്തുറാഥ് അൽ അറബി, ബെയ്റുത്ത്)*

യസ്ദജർദ് മുമ്പേ തന്റെ അയൽരാജ്യങ്ങളിൽനിന്നു സഹായം അഭ്യർഥിച്ചപ്പോൾ അവർ കാര്യമായി സഹായിച്ചിരുന്നില്ല. എന്നാൽ, അയാൾ സ്വയമേവ രാജ്യം വിട്ട് അവരുടെ അടുക്കൽ സഹായത്തിന് ചെല്ലുകയും അവരുടെ സഹായം നേടിയതിനു ശേഷം തന്റെ രാജ്യം വീണ്ടെടുക്കാൻ ഉദ്ദേശിക്കുകയും ചെയ്തു. തുർക്കി പടനായകൻ ഹാഖാൻ അയാളെ പിന്തുണയ്ക്കുകയും ബൽഖിൽ തന്റെ സൈന്യവുമായി വരികയും ചെയ്തു. ബൽഖ്, ജീഹൂൻ നദിയുടെ അടുത്തുള്ള ഖുറാസാനിലെ ഒരു സുന്ദര പട്ടണമായിരുന്നു. മുസ്‌ലിമീങ്ങൾ അവിടെ ഇരുപതിനായിരം പേരുണ്ടായിരുന്നു. അഹ്നഫ് തുർക്കി അശ്വഭടന്മാരിൽ മൂന്നുപേരെ വധിച്ചപ്പോൾ അത് അശകുനമായികണ്ട തുർക്കി സൈന്യാധിപൻ മടങ്ങിപ്പോയി. മുസ്‌ലിമീങ്ങളുടെ അവസ്ഥകളും സംഭവങ്ങളും കേട്ടതിനുശേഷം ചൈനയുടെ ചക്രവർത്തി യസ്ദജർദിന് ഇപ്രകാരം എഴുതി: 'മുസ്‌ലിമീങ്ങളുടെ അവസ്ഥകളും സംഭവങ്ങളും കേട്ടതിനുശേഷം ചൈനയുടെ ചക്രവർത്തി യസ്ദജർദിന് ഇപ്രകാരം എഴുതി: 'നിങ്ങളുടെ ദൂതൻ മുസ്‌ലിമീങ്ങളുടെ സവിശേഷതകൾ പറഞ്ഞതുകേട്ടപ്പോൾ എനിക്ക് തോന്നുന്നത് അവർ പർവ്വതങ്ങളോട് ഏറ്റുമുട്ടിയാലും അവർ പർവ്വതങ്ങളെപ്പോലും ഛിന്നഭിന്നമാക്കുന്നതായിരിക്കുമെന്നാണ്. നിങ്ങളുടെ ദൂതൻ പറഞ്ഞ ഗുണങ്ങൾ അവരിൽ നിലനിൽക്കെ ഞാൻ നിങ്ങളെ സഹായിക്കാൻ വരുകയാണെങ്കിൽ, അതായത് നിങ്ങളുടെ ദൂതൻ വിവരിച്ച ഗുണങ്ങൾ മുസ്‌ലിമീങ്ങളിലുണ്ടെങ്കിൽ അവർ എന്റെ സിംഹാസനം പോലും പിടിച്ചെടുക്കുന്നതായിരിക്കും. എനിക്ക് അവരെ ഒന്നും ചെയ്യാൻ കഴിയുകയുമില്ല . അതുകൊണ്ട് നിങ്ങൾ അവരുമായി സന്ധിയിൽ ഏർപ്പെട്ടുകൊള്ളുക . പിന്നീട് യസ്ദജർദ് പല നഗരങ്ങളിലൂടെയും അലഞ്ഞു തിരിഞ്ഞു നടക്കുകയും അവസാനം ഹദ്റത്ത് ഉഥ്മാനിന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ കൊല്ലപ്പെടുകയും ചെയ്തു. *(താരീഖു അത്ത്വബ്‌രി, വാള്യം 2, പേജ് 548, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012) (സീറത്തു അമീറുൽമുഅ്മിനീൻ ഉമർ ബിൻ ഖത്താബ്, അസ്സ്വലാബീ, പേജ് 433-435, ദാറുൽമഅ്രിഫ ബെയ്റുത്ത് 2007)*

അഹ്നഫ് ബിൻ ഖയ്സ് വിജയത്തിന്റെ സന്തോഷ വാർത്തയും ഗനീമത്ത് മുതലും ഉമറിന്റെ സന്നിധിയിലേക്ക് അയച്ചു . ഹദ്റത്ത് ഉമർ (റ)ജനങ്ങളെ ഒരുമിച്ചുകൂട്ടി പ്രഭാഷണം നടത്തി. വിജയവാർത്തയെ കുറിച്ചുള്ള എഴുത്ത് ഹദ്റത്ത് ഉമറിന്റെ നിർദേശ പ്രകാരം വായിച്ചു കേൾപ്പിക്കപ്പെട്ടു . അതിന് ശേഷം ഹദ്റത്ത് ഉമർ തന്റെ പ്രഭാഷണത്തിൽ ഇപ്രകാരം പറഞ്ഞു: 'അല്ലാഹു സുബ്ഹനാഹുത്തആലാ തന്റെ ദൂതനെ കുറിച്ചു പരാമർശിച്ചിട്ടുണ്ട്. അതുപോലെ നബി(സ) തിരുമേനിക്കുമേൽ ഇറക്കിയ സന്മാർഗത്തെ കുറിച്ചും വിവരിച്ചിട്ടുണ്ട്, അപ്രകാരംതന്നെ നബി(സ)തിരുമേനി പിൻപറ്റുന്നവർക്ക് വേഗം പ്രതിഫലം ലഭിക്കുന്നതിനെക്കുറിച്ചും ഇഹലോകത്തും പരലോകത്തും നീണ്ടുനില്ക്കുന്ന നന്മ ലഭിക്കും എന്ന വാഗ്ദാനവും നൽകിയിട്ടുണ്ട്. അതിനുശേഷം ഹദ്റത്ത് ഉമർ വിശുദ്ധ ഖുറാനിലെ **ഹുവല്ലദീ അർസല റസൂലഹൂ ബിൽഹുദാ വ ദീനിൽഹഖ്ഖി ലിയുള്ഹിറഹൂ അലദ്ദീനി കുല്ലിഹീ വലൗ കരിഹൽ മുശ്രിക്കൂൻ** എന്ന വചനം ഓതുകയുണ്ടായി. സന്മാർഗവും സത്യമതവുംകൊണ്ട് തന്റെ ദൂതനെ അയച്ചവനത്രെ അവൻ; ആ മതത്തെ മറ്റെല്ലാ മതങ്ങളുടെയുംമേൽ അവൻ വിജയിപ്പിക്കുന്നതിനു വേണ്ടി; ബഹുദൈവ വിശ്വാസികൾ അത് വെറുത്താലും ശരി.(9:33) പിന്നീട് അദ്ദേഹം പറഞ്ഞു: സകല സ്തുതിയും അല്ലാഹുവിനാകുന്നു, അവൻ തന്റെ വാഗ്ദാനം പൂർത്തീകരിക്കുകയും തന്റെ സൈന്യത്തെ സഹായിക്കുകയും ചെയ്തു. നോക്കൂ! അല്ലാഹു മജൂസി രാജവാഴ്ചയെ തകർക്കുകയും അവരുടെ ഐക്യത്തെ ഛിന്നഭിന്നമാക്കുകയും ചെയ്തിരിക്കുന്നു. മുസ്‌ലിമീങ്ങൾക്ക് നഷ്ടം വരുത്താൻ മാത്രം തങ്ങളുടെ ഭരണത്തിന്റെ ഒരു ചാൺ സ്ഥലംപോലും ഇപ്പോൾ അവ

ശേഷം പേജ് 12 ൽ

## കലാമുൽ ഇമാം:

**"ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. സ്വലാത്ത് ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.'**

*(മൽഫൂദാത്ത് വാള്യം 3, പേജ് 38)*

ത്വാലിബെ ദുആ:
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**

## അമീറുൽമുഅ്മിനീന്റെ ഉപദേശം:

**'ഏതു കാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ)നമ്മളിൽനിന്ന് പ്രതിജ്ഞവാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക.'**

*(സന്ദേശം, ജൽസാസാലാന ഡന്മാർക്ക് 2019)*

ത്വാലിബെ ദുആ:
**P.Abdul Ameer**
**Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

## ഖുത്ബ ജുമുഅ

ഒരു മുത്തായിരുന്നു. അത് നമ്മളിൽനിന്ന് അകന്നുപോയി! അല്ലാഹു അത്തരം വാക്കുപാലിക്കുന്നവരും ഖിലാഫത്തിനോടു ആത്മാർഥതയോടും കൂറോടും കൂടിയുള്ള ബന്ധം പുലർത്തുന്നവരും ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്നവരുമായവരെ ജമാഅത്തിന് പ്രദാനം ചെയ്യുമാറാകട്ടെ.

**സയ്യിദ് ത്വാലിഅ് അഹ്മദ് ശഹീദിന്റെ മിന്നിത്തിളങ്ങുന്ന സവിശേഷഗുണങ്ങളുടെ ചർച്ച**

ഈ നഷ്ടം എങ്ങനെയുള്ളതാണെന്നാൽ അത് എല്ലാവരേയും പിടിച്ചുലച്ചു കളഞ്ഞു. ആ പ്രിയപ്പെട്ട വ്യക്തിത്വം വഖ്ഫിന്റെ ആത്മാവിനെ മനസ്സിലാക്കുന്നവനും താൻ ചെയ്ത പ്രതിജ്ഞയെ യഥാവിധം പൂർത്തിയാക്കുന്നവനുമായിരുന്നു.

ഞാൻ ദുആ ചെയ്യുകയാണ് അല്ലാഹു ഈ ദാരുണ സംഭവത്തിനുശേഷം ഇതേ നിലവാരത്തിലുള്ള ഒരുപാട് പേരെ ജമാഅത്തിന് നൽകുമാറാകട്ടെ.

എന്റെ പ്രിയപ്പെട്ട ത്വാലീ! എനിക്ക് നിന്നോട് പറയാനുള്ളത് എന്തെന്നാൽ, നിന്റെ ഈ അവസാന വാക്കുകൾക്ക് മുമ്പേതന്നെ നിനക്ക് ഖിലാഫത്തിനോട് സ്നേഹത്തിന്റേയും അനുരക്തിയുടേയും ബന്ധമുണ്ടെന്ന് എനിക്കറിയാമായിരുന്നു. നിന്റെ എല്ലാ പ്രവൃത്തികളിൽ നിന്നും എല്ലാ അനക്കമടക്കങ്ങളിൽ നിന്നും എന്റെ മുന്നിൽ നീ ക്യാമറയുമായി നിൽക്കുമ്പോഴും ക്യാമറ കൂടാതെ നീ എന്നെ കാണുമ്പോഴും നീ വ്യക്തിപരമായി കൂടിക്കാഴ്ച നടത്തുമ്പോഴും ഔദ്യാഗികമായ കൂടിക്കാഴ്ച നടത്തുമ്പോഴും നിന്റെ കണ്ണുകളിലുണ്ടായിരുന്ന തിളക്കത്തിൽ ആ സ്നേഹ പ്രകടനം പ്രകടമായിരുന്നു. നിന്റെ മുഖത്തുണ്ടായിരുന്ന അസാധാരണമായ ജ്യേതിസിൽ ആ സ്നേഹ പ്രകടനം ദൃശ്യമായിരുന്നു.
ചുരുക്കത്തിൽ കാലത്തിന്റെ ഖലീഫയോടുള്ള സ്നേഹം എങ്ങനെ നീ പ്രകടിപ്പിക്കുമെന്ന നിന്റെ ചിന്ത നിന്റെ ഓരോ പ്രവൃത്തികളിൽ നിന്നും മനസ്സിലാകുന്നുണ്ടായിരുന്നു.

എന്റെ പ്രിയപ്പെട്ട ത്വാലീ! നിശ്ചയമായും നീ നിന്റെ വഖ്ഫിന്റേയും പ്രതിജ്ഞയുടേയും കാര്യത്തിൽ ശ്രേഷഠമായ നിലവാരം കാഴ്ച്ച വെച്ചിരിക്കുന്നുവെന്ന് ഞാൻ സാക്ഷ്യപെടുത്തുകയാണ്.

അല്ലാഹു അവന് നബി(സ)തിരുമേനിയുടെ തൃപ്പാദങ്ങളിൽ ഇടം നല്കിയിട്ടുണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്.

**ഖുത്ബ ജുമുഅ 2021 സെപ്റ്റംബർ 03/1400 തബൂക് 03,**
**മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ ۞ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ ۞
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۞ الرَّحْمٰنِ الرَّحِيْمِ ۞ مٰلِكِ يَوْمِ الدِّيْنِ ۞ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ۞
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۞ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۞

കഴിഞ്ഞ ദിവസം നമ്മുടെ ഏറ്റവും പ്രിയപ്പെട്ട കുട്ടിയും വാഖ്ഫെ സിന്ദഗിയുമായ സയ്യിദ് ത്വാലിഅ് അഹ്മദ് ഇബ്നു സയ്യിദ് ഹാശിം അക്ബറിന്റെ ശഹാദത്ത് ഘാനയിലുണ്ടായി. ആഗസ്റ്റ് 23 നും 24 നും ഇടക്കുള്ള രാത്രി ഘാനയുടെ നോർത്തേൺ റീജ്യണിൽ MTA ടീം റെക്കോർഡിങ് നടത്തി കുമാസി(Kumasi)യിലേക്ക് വരുകയായിരുന്നു. വഴിമധ്യേ ഏഴേകാൽമണിനേരത്ത് കൊള്ളക്കാർ അവർക്കെതിരെ വെടിയുതിർത്തു. അപ്പോൾ ആ ടീമിൽ മൂന്നു അംഗങ്ങളുണ്ടായിരുന്നു. അവരിൽ രണ്ടു പേർക്ക്, അതായത് സയ്യിദ് ത്വാലിഅ്നും ഉമർ ഫാറൂഖിനും പരിക്കേൽക്കുകയുണ്ടായി. ഏതാണ്ട് നാലര മണിക്കൂറിനു ശേഷം ആദ്യം പോളി ക്ലിനിക്കിൽ അവർക്ക് മെഡിക്കൽ ട്രീറ്റ്മെന്റ് ലഭിച്ചു. അതിനുശേഷം ടമാലെയിലെ വലിയ ഹോസ്പിറ്റലിലേക്ക് അവരെ കൊണ്ടുപോവുകയായിരുന്നു. വഴിയിൽവെച്ചു തന്നെ സയ്യിദ് ത്വാലിഅ് അഹ്മദ് വഫാത്തായി. MTA INTERNATIONAL ടീമിൽ മറ്റു രാജ്യങ്ങളിൽ ശഹാദത്തുകളുണ്ടായിട്ടുണ്ട്. എന്നാൽ, ഇവിടെ ഇത് ആദ്യത്തെ ശഹാദത്താണ്.
യു.കെ.വാഖ്ഫീനെ നൗയിലെ ആദ്യത്തെ ശഹാദത്താണ് ഇതെന്ന് ഞാൻ കരുതുന്നു. സയ്യിദ് ത്വാലിഅ് അഹ്മദ് അമത്തുൽല്ലത്വീഫ് ബീഗം സാഹിബയുടെയും സയ്യിദ് മീർ മുഹമ്മദ് അഹ്മദ് സാഹിബിന്റേയും പൗത്രനായിരുന്നു. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)ന്റെ പ്രപൗഹിത്രനും അതായത് മകളുടെ മകനായിരുന്നു. അതുപോലെ ഡോക്ടർ മീർ മുഹമ്മദ് ഇസ്മായീൽ സാഹിബിന്റെ പ്രപൗത്രനുമായിരുന്നു. അതായത് പൗത്രന്റെ മകൻ! മീർ മുഹമ്മദ് ഇസ്മായീൽ സാഹിബ് ഹദ്റത്ത് അമ്മാജാൻ നുസ്റത്ത് ജഹാൻ ബീഗം സാഹിബയുടെ ഇളയ സഹോദരനായിരുന്നു. ഇങ്ങനെ ഹദ്റത്ത് അമ്മജാനുമായി ത്വാലിഅ്ന്റെ വംശപരമ്പര കണ്ണിചേരുന്നുണ്ട്. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് മുഖേന ഹദ്റത്ത് മസീഹ് മൗഊദു(അ)മായും അതുപോലെ അമ്മാ ജാനുമായും ബന്ധമുണ്ട്. മിർസാ ഗുലാം ഖാദിർ ശഹീദിന്റെ മകളുടെ ഭർത്താവായിരുന്നു ത്വാലിഅ്.അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. ഞാൻ സൂചിപ്പിച്ചതുപോലെ വഖ്ഫെ നൗ എന്ന അനുഗൃഹീത പദ്ധതിയിലും അംഗമായിരുന്നു.
ത്വാലിഅ് ബയോമെഡിക്കൽ സയൻസിൽ ബിരുദം കരസ്ഥമാക്കിയതിനുശേഷം ജേർണലിസത്തിൽ ബിരുദാനന്തരബിരുദവും നേടുകയുണ്ടായി. 2013-ൽ ജീവിതം വഖ്ഫ് ചെയ്തു. അതുകഴിഞ്ഞ് വിവിധ ഓഫീസുകളിൽ സേവനമനുഷ്ഠിക്കുകയും അവസാനം പ്രസ്സ് ആൻഡ് മീഡിയയിൽ നിയമിതനാവുകയും ചെയ്തു. അതിനുമുമ്പേ സയ്യിദ് ത്വാലിഅ് അഹ്മദ് ജമാഅത്തിൽ പ്രാദേശിക തലത്തിലും സേവനങ്ങൾ അനുഷ്ഠിച്ചിട്ടുണ്ട്. HARTLEYPOOL ഖുദ്ദാമുൽ അഹ്മദിയ്യായിൽ തബ്ലീഗ്, തഅ്ലീം, ഇശാഅത്ത്, അത്ഫാലിന്റെ വകുപ്പുകളിലും പ്രവൃത്തിച്ചിട്ടുണ്ട്. 2016-ൽ അദ്ദേഹം MTA ന്യൂസിൽ സ്ഥിരമായി നിയമിതനായി. അതിനുമുമ്പേ റിവ്യൂ ഓഫ് റിലീജ്യൻസിൽ ഇൻഡക്സിങ്(Indexing) ആൻഡ് ടാഗിംഗ്(Tagging)ന്റെ ഹെഡ്ഡായും അദ്ദേഹത്തിന് സേവനത്തിനുള്ള തൗഫീഖ് ലഭിച്ചു. MTA ന്യൂസിനു വേണ്ടി അദ്ദേഹം ഡോക്യൂമെന്ററി തയ്യാറാക്കിയിട്ടുണ്ട്. മൂന്നോ നാലോ ഡോക്യൂമെന്ററികളുടെ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. എന്റെ ജോലിത്തിരക്കുകളെ കുറിച്ച് ആഴ്ചയിൽ സംപ്രേഷണം ചെയ്യുന്ന പരിപാടി 'This week with Huzoor' അദ്ദേഹം മുൻകൈയെടുത്ത് ആരംഭിച്ചതാണ്. അവസാനംവരെ അദ്ദേഹം അതിൽ പ്രത്യേക താൽപര്യത്തോടെ എഡിറ്റിങ് മുതലായ എല്ലാ പ്രവർത്തനങ്ങളിലും ഏർപ്പെടുകയും ചെയ്തിരുന്നു. MTA പ്രേക്ഷകരെ സംബന്ധിച്ചിടത്തോളം വളരെ പ്രസിദ്ധമായ ഒരു പരിപാടിയാണിത്. ത്വാഹിർ മാഗസിന്റെ എഡിറ്റർ അതുകൂടാതെ മജ്ലിസ് ഖുദാമുൽ അഹ്മദിയായുടെ ഇശാഅത്ത് വിഭാഗത്തിലും അദ്ദേഹം പ്രവർത്തിക്കുകയുണ്ടായി. അതുപോലെ വിവിധ ജമാഅത്ത് മാസികകളിൽ, ഉദാഹരണത്തിന് റിവ്യൂ ഓഫ് റിലീജ്യൻസ്, ത്വാരിഖ് മാഗസിൻ എന്നിവയിൽ ലേഖനങ്ങൾ എഴുതുകയുണ്ടായി. പ്രസ്സ് ആൻഡ് മീഡിയായുടെ ഓഫീസിനു കീഴിൽ വിവിധ രാജ്യങ്ങളിൽ അദ്ദേഹം എന്നോടൊപ്പവും അല്ലാതെയും പര്യടനം നടത്തുകയുണ്ടായി.
അസീസം ത്വാലിഅ്ന് തന്റെ ജോലികൾ പൂർത്തിയാക്കുന്ന കാര്യത്തിലെന്നു മാത്രമല്ല അവ നല്ല നിലവാരത്തിൽ എത്തിക്കുന്നതിലും അസാധാരണമായ ആവേശവും

അഭിനിവേശവുമുണ്ടായിരുന്നു. അതിനുവേണ്ടി ഏതു അപകടവും അദ്ദേഹം വകവെച്ചിരുന്നില്ല. അദ്ദേഹത്തിന്റെ ശഹാദത്ത് സംഭവത്തിൽ നിന്നു മനസ്സിലാകുന്നതും അദ്ദേഹത്തിന് ഒരു നിമിഷനേരംപോലും മുന്നിലുള്ള അപകടത്തെ കുറിച്ച് ചിന്ത ഉണ്ടായിരുന്നില്ലെന്നാണ്. ആകെക്കൂടെ അദ്ദേഹത്തിനുണ്ടായിരുന്ന ആധി താനെന്ത് ജോലിക്കു വേണ്ടിയാണോ വന്നിട്ടുള്ളത്, അത് എങ്ങനെ നല്ലനിലയിൽ പൂർത്തിയാക്കും, സമയ ബന്ധിതമായി എങ്ങനെ ചെയ്തു തീർക്കും എന്നതായിരുന്നു. അതുകൊണ്ടുതന്നെ അപകട സാധ്യത ഏറെയുണ്ടായിരുന്ന സമയത്തുതന്നെ അദ്ദേഹം യാത്ര ആരംഭിക്കുകയുണ്ടായി. ടമാലെ(Tamale)യുടെ സോണൽ മിഷണറി അബൂബക്ർ ഇബ്റാഹിം സാഹിബ് അല്പം വിവരങ്ങൾ ഇപ്രകാരം നല്കുന്നുണ്ട്: 'ഓഗസ്റ്റ് 23-ന് രാവിലെ MTA യുടെ ടീം സലാഗ(Salaga)യിലേക്ക് പുറപ്പെടുകയായിരുന്നു. ത്വാലിഅ് തന്റെ സാധനങ്ങൾ പാക്ക് ചെയ്യുന്നതു കണ്ടപ്പോൾ അദ്ദേഹം ചോദിച്ചു, 'ഹോട്ടലിൽനിന്നു ചെക്ക് ഔട്ട് ചെയ്യുകയാണല്ലോ, തിരിച്ചുവന്ന് ഇവിടെ തങ്ങാൻ ഉദ്ദേശ്യമുണ്ടോ?' ത്വാലിഅ് പറഞ്ഞു: 'സമയം വളരെ കുറച്ചായതുകൊണ്ട് എനിക്ക് കുമാസി(Kumasi)യിലേക്ക് മടങ്ങേണ്ടതുണ്ട്.' അപ്പോൾ അദ്ദേഹത്തോട് മൗലവി സാഹിബ് പറഞ്ഞു: 'സലാഗയിൽനിന്നു തിരിച്ചു വരുമ്പോൾ വൈകുകയാണെങ്കിൽ രാത്രി യാത്ര ഉചിതമായിരിക്കില്ല.' എന്തായാലും അദ്ദേഹം പറഞ്ഞു: 'ശരി എന്താണ് വേണ്ടതെന്ന് നോക്കാം.' അതുപോലെ അദ്ദേഹം ഇങ്ങനെയും പറഞ്ഞു: 'എനിക്ക് ഇതുകൂടാതെ സിയറ ലിയോണിലേ(Sierra Leone)ക്കും പോകേണ്ടതുണ്ട്. ആകെ രണ്ടു ദിവസം മാത്രമേ എന്റെ കൈയിലുള്ളു. കുമാസിയിലും അക്രയിലും(Accra) വളരെയധികം ജോലികൾ ചെയ്തു തീർക്കാനുമുണ്ട്. അതുകൊണ്ട് എന്റെ യാത്ര അനിവാര്യമാണ്. എന്നാൽ, താങ്കൾ പറയുന്ന സ്ഥിതിക്ക് അതെക്കുറിച്ച് ആലോചിക്കുന്നതാണ്.' അങ്ങനെ അദ്ദേഹം തിരികെ വന്നപ്പോൾ മടക്കയാത്ര ചെയ്യാമെന്ന തീരുമാനത്തിലെത്തി. അങ്ങനെയാണ് അദ്ദേഹം ടമാലെയി(Tamale)ലേക്ക് മടക്കയാത്ര ആരംഭിച്ചത്. ആറേമുക്കാലിന് ഉമർ ഫാറൂഖ് സാഹിബിനോട് പറഞ്ഞു: 'ഇനി നമുക്ക് നമസ്കരിക്കാം.' ഉമർ സാഹിബുമൊത്ത് അദ്ദേഹം മഗ്‌രിബും ഇശായും ജംഅ് ജമാഅത്തായി നമസ്കരിച്ചു. സലാഗ(Salaga)യിൽ വെച്ചും ടമാലെ(Tamale)യിൽവെച്ചും റെക്കോഡ് ചെയ്ത ഫയലുകൾ CORRUPT-ായി പോയാലോ എന്ന് അദ്ദേഹത്തിന് 'ഭയമുണ്ടായിരുന്നു. അതുകൊണ്ട് അദ്ദേഹം യാത്രയിൽത്തന്നെ അത് ലാപ്ടോപ്പിൽ സേവ് ചെയ്യുന്നതിനുള്ള കാര്യങ്ങൾ തുടങ്ങി. അദ്ദേഹം യാത്രാവേളയിൽ ആ പണിയിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. ഒരുതരത്തിലും സമയം പാഴാവുന്നത് അദ്ദേഹത്തിന് സഹിക്കുമായിരുന്നില്ല. അതുപോലെ ജമാഅത്തിന്റെ സാധനസാമഗ്രികളെകുറിച്ചും അദ്ദേഹത്തിന് എപ്പോഴും ചിന്തയുണ്ടായിരുന്നു. വളരെ വിലപിടിച്ച സാധനങ്ങളാണ്. അതൊന്നും നഷ്ടമായിപോകരുത്.

എന്തായാലും പോലീസ് റിപ്പോർട്ടനുസരിച്ച് ഇദ്ദേഹം പറയുന്നു: MTA യുടെ വണ്ടി പാഹാ ജംഗ്ഷനു (Mpaha) അടുത്തെത്തിയപ്പോൾ കൊള്ളക്കാർ അവർക്കുമേൽ നിറയൊഴിക്കാൻ തുടങ്ങി.' ഞാൻ പറഞ്ഞതുപോലെ MTA ടീമിൽ രണ്ടു പേർക്ക് പരിക്കേൽക്കുകയുണ്ടായി. അവരുടെ ഡ്രൈവർ പറയുന്നു: 'ഞങ്ങളുടെ മുന്നിലൂടെ ഒരു വണ്ടി കടന്നു പോയിരുന്നു. അവർ ഞങ്ങൾക്ക് അപായ സൂചന നൽകുകയും ചെയ്തിരുന്നു. എന്നാൽ, എനിക്ക് അത് അപ്പോൾ മനസ്സിലായിരുന്നില്ല. എന്തായാലും ഞാൻ പിന്നെ കാണുന്നത് കൊള്ളസംഘം ഞങ്ങളുടെ മുന്നിൽ എത്തിയതാണ്. രാത്രിയിൽ പെട്ടെന്ന് ഹെഡ്‌ലൈറ്റുകൾ തെളിഞ്ഞതായി കണ്ടപ്പോൾ ഞാൻ ഉറക്കെ കലിമ ചൊല്ലി. എന്നാൽ, ഉടൻതന്നെ കൊള്ളക്കാർ ഫൈറിങ്ങ് തുടങ്ങി. സയ്യിദ് ത്വാലിഅ് വണ്ടിയുടെ പിറകു വശത്തായിരുന്നു ഇരുന്നിരുന്നത്. വെടിയൊച്ച കേട്ടപ്പോൾ ആയുധ ധാരികളായ കൊള്ള സംഘം(armed robbers) തങ്ങളെ ആക്രമിക്കുകയാണെന്ന് അദ്ദേഹത്തിന് മനസ്സിലായി.' ഉമർ ഫാറൂഖ് സാഹിബ് പറയുന്നു: 'ആ ഫൈറിങ്ങിൽ എന്റെ ഇടുപ്പിന്, അതായത് കാലിന് മുകളിൽ, തുടയുടെ മുകൾ ഭാഗത്ത് വെടിയുണ്ട കൊണ്ടു. എന്നാൽ, അപ്പോൾ എനിക്ക് വെടിയുണ്ട കൊണ്ടതായി അനുഭവപ്പെട്ടില്ല. തുരുതുരെ വെടി ഉതിർത്തതിനുശേഷം അല്പ സമയത്തേക്ക് കൊള്ളക്കാർ നിശബ്ദരായി. കുറച്ചുസമയം അവർ അവിടെത്തന്നെ ഇരുന്നു.' അദ്ദേഹം പറയുന്നു: 'അല്പ സമയത്തിനുശേഷം കൊള്ളക്കാർ ടോർച്ചുമായി മുന്നോട്ടുവന്നു. എന്നെയും ഡ്രൈവറെയും വണ്ടിയിൽനിന്ന് ഇറക്കി. ഞങ്ങളുടെ കൈയിലുണ്ടായിരുന്ന ഫോണും പണവുമെല്ലാം അവരെ ഏൽപിക്കേണ്ടി വന്നു. അവർ ഞങ്ങളെ പുറത്ത് റോഡിൽ കിടത്തി മർദ്ദിച്ചു.' ഇദ്ദേഹം പറയുന്നു: 'അവർ ഒരു വടികൊണ്ട് എന്റെ തലയിൽ ശക്തമായി അടിച്ചു. തലപൊട്ടി ചോരയൊഴുകാൻ തുടങ്ങി. എന്നിട്ടും എനിക്ക് ത്വാലിഅ്നെ കുറിച്ചായിരുന്നു ചിന്ത. ഇദ്ദേഹം ഇപ്പോഴും സുഖം പ്രാപിച്ചിട്ടില്ല. വെടി കൊള്ളുകയും തലയ്ക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. അല്ലാഹു ഇദ്ദേഹത്തിന് ശിഫാ നൽകുമാറാകട്ടെ. ഇദ്ദേഹത്തിനു വേണ്ടിയും ദുആ ചെയ്യുക. ഡ്രൈവർമാരായിരുന്ന അബ്ദുർറഹ്മാനും, ഉമർ ഫാറൂഖും പറയുന്നു: 'കൊള്ളക്കാർ ഞങ്ങളെ കൊള്ളയടിച്ച് സ്ഥലം വിട്ടു. ഞങ്ങൾ എങ്ങനെയൊക്കെയോ ധൈര്യം സംഭരിച്ച് എഴുന്നേറ്റ് ത്വാലിഅ്ന് എന്താണ് സംഭവിച്ചതെന്നറിയാൻ വണ്ടിയുടെ ഭാഗത്തേക്കു പോയി. അപ്പോൾ അദ്ദേഹത്തിന്റെ വലതുഭാഗത്ത് മുതുകിൽ വെടിയേറ്റതായി കണ്ടു. അത് ഉള്ളിലേക്ക് തറച്ച് കയറിയിരുന്നു. അക്കാരണത്താൽ വണ്ടി മുഴുവനും ചോര ഒഴുകിയിരുന്നു. മെഡിക്കൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അതു തന്നെയാണ് മരണ കാരണമായി മാറിയത്.'

എന്തായാലും സംഭവം നടന്നതിന് ശേഷം അതുവഴി കടന്നുപോയ ഒരു ബസ് മുഖേന Buipe പോളി ക്ലിനിക്കിൽ അദ്ദേഹത്തെ എത്തിച്ചു. അവിടെ കുറച്ച് സമയത്തെ ട്രീറ്റ്മെൻറിനുശേഷം അവർ ടമാലെ (Tamale)യിലെ ടീച്ചിങ്ങ് ഹോസ്പിറ്റലിലേക്ക് കൊണ്ട് പോകാൻ തീരുമാനിച്ചു. എന്നാൽ, യാത്ര മധ്യേതന്നെ അദ്ദേഹത്തിന്റെ വഫാത്ത് സംഭവിച്ചിരുന്നു. ഹോസ്പിറ്റലിൽ ചെന്നതിനുശേഷം അദ്ദേഹത്തിന്റെ മരണം അവർ സ്ഥിരീകരിച്ചു. ഉമർ ഫാറൂഖ് സാഹിബ് പറയുന്നു: ത്വാലിഅ്ന്റെ തല എന്റെ മടിയിലായിരുന്നു. ഹുദൂറിന് നമ്മുടെ ഈ സംഭവത്തെ കുറിച്ച് വിവരം നൽകിയോ എന്ന് ത്വാലിഅ് കൂടെക്കൂടെ ചോദിക്കുന്നുണ്ടായിരുന്നു. ദുആക്കായി പറഞ്ഞിട്ടുണ്ടോ എന്നുചോദിച്ചു. ഇദ്ദേഹം പറയുന്നു: 'ഈ സംഭവം ഞങ്ങളെ ആകെ പിടിച്ചുകുലുക്കിയിരുന്നു. ഒരുപാട് ആശങ്കയും ഉൽഭയവും ഞങ്ങളെ വേട്ടയാടിയിരുന്നു.' പറയുന്നു: 'ഞങ്ങൾ അദ്ദേഹത്തെ ഹോസ്പിറ്റലിലേക്ക് കൊണ്ടുപോകുമ്പോൾ അദ്ദേഹം ഞങ്ങളോട് ഇങ്ങനെയും പറഞ്ഞു: ഫൈറിങ്ങ് നടക്കുമ്പോൾ ലാപ്ടോപ്പും മറ്റു വസ്തുക്കളും ഞാൻ പിറകിലുള്ള സീറ്റിന്റെ അടിഭാഗത്തേക്ക് തള്ളിവെച്ചിട്ടുണ്ട്. അതവിടെ സുരക്ഷിതമാണ്. അതവിടെ നിന്നെടുക്കണം.' അതിനുശേഷം അദ്ദേഹം എന്നോട് ക്യാമറയും ഫോണും ലാപ്ടോപ്പുമെല്ലാം സുരക്ഷിതമാണോ എന്ന് ചോദിച്ചു. കാരണം അദ്ദേഹത്തിന് ആ റെക്കോർഡുകൾ നഷ്ടപെട്ടാലോ എന്ന ആശങ്കയുണ്ടായിരുന്നു. ഞാൻ അദ്ദേഹത്തോട് പറഞ്ഞു, അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതുമായി ബന്ധപ്പെട്ട എല്ലാ സാധനങ്ങളും സുരക്ഷിതമാണ്.

അദ്ദേഹത്തിന് ജമാഅത്തിന്റെ വസ്തുക്കളെ കുറിച്ചും സാധന സാമഗ്രികളെകുറിച്ചും സ്വത്തിനെ കുറിച്ചും അതുപോലെ ജമാഅത്തിന്റെ ചരിത്രം റെക്കോർഡ് ചെയ്യുന്നതിനുവേണ്ടി നടത്തുന്ന അധ്വാനങ്ങളെ കുറിച്ചുമായിരുന്നു വ്യാകുലത. അദ്ദേഹം അത് സംരക്ഷിക്കുകയുണ്ടായി. എന്തായാലും പറയുന്നു: 'ഒമ്പതു ഒമ്പതര മണിയോടടുത്ത് അദ്ദേഹത്തിന്റെ സ്ഥിതി വഷളാകാൻ തുടങ്ങി. അതുകാരണം പോളി ക്ലിനിക് അധികൃതർ അദ്ദേഹത്തെ പെട്ടെന്നുതന്നെ വേറെ ഹോസ്പിറ്റലിലേക്ക് മാറ്റാൻ തീരുമാനിച്ചു. ഞാൻ പറഞ്ഞതുപോലെ അദ്ദേഹത്തെ ടമാലയിലെ ഹോസ്പിറ്റലിലേക്ക് കൊണ്ടുപോവുകയായിരുന്നു. വഴിയിൽവെച്ച് ത്വാലിഅ്ന്റെ മരണം സംഭവിച്ചു. ആംബുലൻസിലാണെങ്കിൽ അത്യാവശ്യമായ വസ്തുക്കളൊന്നുമുണ്ടായിരുന്നുമില്ല. ഇത്തരം രാജ്യങ്ങളിൽ പലപ്പോഴും ഇതുതന്നെയാണ് സ്ഥിതി. ഒന്നാമത് ചികിത്സയും വൈകിയാണ് തുടങ്ങിയത്. ആംബുലൻസും അപര്യാപ്തമായിരുന്നു. ഒരുപാട് ബ്ലീഡിങ്ങുമു ണ്ടായി. എന്തായാലും അവസാനം അല്ലാഹുവിന്റെ തഖ്ദീർ തന്നെ നടപ്പിലായി. ഉമർ ഫാറൂഖ് സാഹിബ് പറയുന്നു: 'ഞങ്ങൾ പരിക്കുകളോടെ യാത്ര ചെയ്തുകൊണ്ടിരിക്കവേ ത്വാലിഅ് എന്നോട് പറഞ്ഞു: 'Tell Huzur that I love him and tell my family that I love them."

ഉമർ ഫാറൂഖ് സാഹിബ് പറയുന്നു: 'അല്പം ബോധം തെളിഞ്ഞാലുടനെ ഇതുതന്നെയാണ് അദ്ദേഹം ആവർത്തിച്ച് പറഞ്ഞുകൊണ്ടിരുന്നത്. അതു പല തവണ സംഭവിച്ചു. ഇത് ഒരിക്കലല്ല, പല പ്രാവശ്യം അദ്ദേഹം പറയുകയുണ്ടായി.' അതുകൂടാതെ അദ്ദേഹം ഇപ്രകാരവും പറഞ്ഞു: 'നിങ്ങളെല്ലാവരും എന്നെ ഒരുപാടു നോക്കി. സാധ്യമാകുന്നത്ര സഹായിക്കുകയും ചെയ്തു. അക്കാര്യത്തിൽ ഞാൻ നിങ്ങളോട് ഹൃദയാത്മനാ നന്ദി അറിയിക്കുന്നു.' ഞാൻ അദ്ദേഹത്തിന് ധൈര്യം നൽകിക്കൊണ്ടിരുന്നു. എന്നാൽ, അദ്ദേഹം അപ്പോഴേക്കും ധൈര്യം കൈവെടിഞ്ഞിരുന്നു. ഞാൻ എന്തെങ്കിലും ചോദിക്കുമ്പോൾ അദ്ദേഹത്തിന്റെ അവസ്ഥ എന്തായിരുന്നുവെന്നാൽ മറുപടി നൽകുന്നതിനുപകരം കൈമുഷ്ടി ചുരുട്ടി തള്ളവിരൽ ഉയർത്തി എല്ലാം OKയാണെന്ന് ആംഗ്യം കാണിക്കുകയായിരുന്നു ചെയ്തത്. അക്കാരണത്താൽ ഞാൻ വളരെയധികം 'ഭയപ്പെട്ടു. പിന്നെ അദ്ദേഹത്തിന്റെ ശ്വാസം ദ്രുതഗതിയിലായി. തുടർന്ന് ഒരു നീണ്ട മൗനം തളം കെട്ടി. ഞങ്ങൾ എന്താണോ സംഭവിക്കരുതെന്ന് കരുതിയിരുന്നത് അത് സംഭവിച്ചിരിക്കുന്നുവെന്ന് അപ്പോളെനിക്ക് മനസ്സിലായി!' പറയുന്നു: 'ഡ്രൈവറും MALE നഴ്സും പരസ്പരം തദ്ദേശ'ഭാഷയിൽ സംസാരിക്കുകയായിരുന്നു. അതിൽനിന്ന് എനിക്ക് മനസ്സിലായി അവർ ഞങ്ങാളോട് പറയാൻ ആഗ്രഹിക്കുന്നില്ലെങ്കിലും സയ്യിദ് ത്വാലിഅ് അഹ്മദ് ഇഹലോകവാസം വെടിഞ്ഞിരിക്കുന്നുവെന്ന്! എന്തായാലും ഞാൻ പറഞ്ഞതുപോലെ അവർ ടമാലെ(Tamale)യിലെത്തിയ ശേഷം 1.50 ന് അദ്ദേഹത്തിന്റെ മരണം ആശുപത്രി അധികൃതർ ഡിക്ലയർ ചെയ്തു.' പറയുന്നു: 'ആ വാർത്ത കേട്ട് ടമാലയിലുള്ളവരെല്ലാം വളരെ വിഷമത്തിലായി. കാരണം അല്പം സമയത്തിനു മുമ്പേയായിരുന്നു അവർ അദ്ദേഹത്തെ ചിരിച്ചും കളിച്ചും യാത്രയാക്കിയത്. എന്തായാലും അദ്ദേഹത്തിന്റെ ശഹാദത്ത് സംഭവത്തെ കുറിച്ചുള്ള ചില വിശദീകരണങ്ങളാണ് ഇവിടെ നൽകിയത്.

ഒരു മുത്തായിരുന്നു. അത് നമ്മളിൽനിന്ന് അകന്നുപോയി! അല്ലാഹു അത്തരം വാക്കുപാലിക്കുന്നവരും ഖിലാഫത്തിനോടു ആത്മാർഥതയോടും കൂറോടും കൂടിയുള്ള ബന്ധം പുലർത്തുന്നവരും ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്നവരുമായവരെ ജമാഅത്തിന് പ്രദാനം ചെയ്യുമാറാകട്ടെ. എന്നാൽ, ഈ നഷ്ടം എല്ലാവരെയും പിടിച്ചുലച്ചിരിക്കുകയാണ്. ആ പ്രിയപ്പെട്ട വ്യക്തിത്വം വഖ്ഫിന്റെ ആത്മാവിനെ മനസ്സിലാക്കുന്നവനും താൻ ചെയ്ത പ്രതിജ്ഞയെ യഥാവിധം പൂർത്തിയാക്കുന്നവനുമായിരുന്നു. അവനെ കണ്ട് എനിക്ക് അത്ഭുതം തോന്നിയിട്ടുണ്ട്. ഇപ്പോഴും തോന്നുന്നുണ്ട്. ഭൗതിക സാഹചര്യത്തിൽ വളർന്നു വലുതായ ഒരു കുട്ടിക്ക് എങ്ങനെയാണ് ഇപ്രകാരം തന്റെ വഖ്ഫിനെ മനസ്സിലാക്കാനും നിറവേറ്റാനും എന്നു മാത്രമല്ല അക്കാര്യത്തിൽ ഉന്നത ശ്രേണിയിലെത്താനും സാധിച്ചത്? അവൻ തന്റെ പൂർവികരുടെ സംഭവങ്ങൾ വായിക്കുമായിരുന്നു. അത് ചരിത്രത്തെ കുറിച്ച് അവബോധം ലഭിക്കാനോ അവരുടെ ത്യാഗങ്ങളെ കുറിച്ച് ഓർത്തു അത്ഭുതപ്പെടാനോ ആയിരുന്നില്ല. മറിച്ച് ജീവിതത്തിന്റെ ഭാഗമാക്കാനായിരുന്നു.

ഖിലാഫത്തിനോട് ഉണ്ടായിരിക്കേണ്ട വിശ്വസ്തതയേയും ആത്മാർഥതയേയും കുറിച്ചുള്ള അവന്റെ ഗ്രാഹ്യം വളരെ വിരളമായി മാത്രമേ മറ്റുള്ളവരിൽ കാണാൻ സാധിക്കുകയുള്ളു. എന്നുമാത്രമല്ല ദീനിനെ കുറിച്ച് അഗാധജ്ഞാനമുള്ള പലർക്കും ആ നിലയിലുള്ള ഗ്രാഹ്യം ഇല്ലെന്ന് ഞാൻ പറയും. ചില സമയങ്ങളിൽ അത്തരക്കാരിൽനിന്നു അറിവുകാരണം അഹങ്കാ

രത്തിന്റെ ദുർഗന്ധം വമിക്കുന്നതായി കാണാം. മാത്രമല്ല, തങ്ങൾ ഖിലാഫത്തിന്റെ സ്ഥാനമാനങ്ങളെ മനസിലാക്കുന്നവരും അതിനോട് ഉണ്ടായിരിക്കേണ്ട വിശ്വസ്തതയുടെ നിലവാരം മനസിലാക്കുന്നവരുമാണെന്ന് ധരിച്ചുവെച്ചിരിക്കുന്ന പലർക്കും അത്തരത്തിലുള്ള ഗ്രാഹ്യം ഇല്ലെന്ന് ഞാൻ പറയുന്നതാണ്. ത്വാലിഅ് ഖിലാഫത്തിനോട് വിശ്വസ്തത കാണിച്ചു. എത്രത്തോളമെന്നാൽ ജീവിതത്തിനും മരണത്തിനുമിടയിലുള്ള നിർണായക ഘട്ടത്തിൽ ത്വാലിഅ് പറഞ്ഞ അവസാനത്തെ വാക്കുകളിൽനിന്ന് കാലത്തിന്റെ ഖലീഫയോടുള്ള സ്നേഹവും കൂറും പ്രതിഫലിക്കുന്നുണ്ടായിരുന്നു. സ്വന്തം 'ഭാര്യാമക്കളെ കുറിച്ച് എല്ലാവർക്കും ചിന്ത ഉണ്ടാകുന്നത് സ്വാഭാവികമാണ്. എന്നാൽ, ഓരോതവണയും പല തവണയായി തന്റെ 'ഭാര്യമാക്കളെക്കാൾ മുമ്പേ അല്ലെങ്കിൽ അവരോടൊപ്പം കാലത്തിന്റെ ഖലീഫയോടുള്ള സ്നേഹവും വിശ്വസ്തതയും പ്രകടിപ്പിക്കാനുള്ള ചിന്ത വളരെ ചുരുക്കം പേർക്കുമാത്രമേ ഉണ്ടാവുകയുള്ളു.

രണ്ടോ മൂന്നോ വർഷം മുമ്പേയാണെന്ന് തോന്നുന്നു, ത്വാലിഅ് ഒരു പദ്യം രചിക്കുകയുണ്ടായി. അത് തന്റെ സുഹൃത്തിനെ ഏല്പിച്ചുകൊണ്ട് സൂക്ഷിച്ചുവെക്കണമെന്നും അതാർക്കും കാണിച്ച് കൊടുക്കരുതെന്നും പറഞ്ഞിരുന്നു. ആ പദ്യം ഖിലാഫത്തിനോടുള്ള ബന്ധത്തെയും സ്നേഹത്തെയും കുറിച്ചായിരുന്നു. അത് തുടങ്ങിയത് ഇപ്രകാരമായിരുന്നു: ഞാൻ കാലത്തിന്റെ ഖലീഫയെ എല്ലാവരേക്കാളുമധികം സ്നേഹിക്കുന്നു.' അതിന്റെ അവസാന ഭാഗം ഇപ്രകാരമായിരുന്നു: കാലത്തിന്റെ ഖലീഫയോട് എനിക്കുള്ള സ്നേഹവും അനുരക്തിയും അദ്ദേഹത്തിന് ഒരിക്കലുംതന്നെ അറിയാ നാകുകയില്ല.' എന്നാൽ, എന്റെ പ്രിയപ്പെട്ട ത്വാലീ! എനിക്ക് നിന്നോട് പറയാനുള്ളത് എന്തെന്നാൽ, നിന്റെ ഈ അവസാന വാക്കുകൾക്ക് മുമ്പേതന്നെ നിനക്ക് ഖിലാഫത്തിനോട് സ്നേഹത്തിന്റേയും അനുരക്തിയുടേയും ബന്ധമുണ്ടെന്ന് എനിക്കറിയാമായിരുന്നു. നിന്റെ എല്ലാ പ്രവൃത്തികളിൽ നിന്നും എല്ലാ അനക്കമടക്കങ്ങളിൽ നിന്നും എന്റെ മുന്നിൽ നീ ക്യാമറയുമായി നിൽക്കുമ്പോഴും ക്യാമറ കൂടാതെ നീ എന്നെ കാണുമ്പോഴും നീ വ്യക്തിപരമായി കൂടിക്കാഴ്ച നടത്തുമ്പോഴും ഔദ്യാഗികമായ കൂടിക്കാഴ്ച നടത്തുമ്പോഴും നിന്റെ കണ്ണുകളിലുണ്ടായിരുന്ന തിളക്കത്തിൽ ആ സ്നേഹ പ്രകടനം പ്രകടമായിരുന്നു. നിന്റെ മുഖത്തുണ്ടായിരുന്ന അസാധാരണമായ ജ്യേതിസിൽ ആ സ്നേഹ പ്രകടനം ദൃശ്യമായിരുന്നു. ചുരുക്കത്തിൽ കാലത്തിന്റെ ഖലീഫയോടുള്ള സ്നേഹം എങ്ങനെ നീ പ്രകടിപ്പിക്കുമെന്ന നിന്റെ ചിന്ത നിന്റെ ഓരോ പ്രവൃത്തികളിൽ നിന്നും മനസ്സിലാകുന്നുണ്ടായിരുന്നു. ഈ ഒരു സ്നേഹം മറ്റാരിൽ നിന്നെങ്കിലും കാണാൻ സാധിച്ചിട്ടുണ്ടോ എന്നെനിക്ക് ഉറപ്പില്ല. ഞാൻ വീട്ടിൽ പറയുകയായിരുന്നു, 'മസീഹ് മൗഊദ്(അ)ന്റെ കുടുംബത്തിലുള്ള യുവാക്കളിൽ ആരിൽനിന്നും എനിക്ക് ഇത്തരമൊരു സ്നേഹ പ്രകടനം കാണാൻ സാധിക്കുന്നില്ല. എന്നാൽ, ഹൃദയത്തിലുള്ളത് അറിയുന്നവൻ അല്ലാഹുവാണ്. മാത്രവുമല്ല മുതിർന്നവരിലും ചുരുക്കം ചിലരിൽ മാത്രമേ അതുണ്ടാകാൻ തരമുള്ളു. ഞാൻ ദുആ ചെയ്യുകയാണ് അല്ലാഹു ഈ ദാരുണ സംഭവത്തിനുശേഷം ഇതേ നിലവാരത്തിലുള്ള ഒരുപാട് പേരെ ജമാഅത്തിന് നൽകുമാറാകട്ടെ.

ത്വാലിഅ്ന്റെ വ്യക്തിത്വം ഈ പദ്യത്തിൽ പ്രസ്താവിച്ചതുപോലെ തന്നെയായിരുന്നു. ത്വാലിഅ് തന്റെ സ്നേഹം പ്രകടമാവരുതെന്ന് ആഗ്രഹിച്ചു. മാത്രമല്ല അത് മറച്ചുവെക്കാനായിരുന്നു ഇഷ്ടപ്പെട്ടിരുന്നത്. എന്നാൽ, അത് മറഞ്ഞിരുന്നില്ല. ഏതെങ്കിലുമൊക്കെ നിലയിൽ അല്ലാഹു ആ ബന്ധം വെളിപ്പെടുത്തുമായിരുന്നു. അതുകൊണ്ടുതന്നെ അവൻ എനിക്ക് വളരെയധികം പ്രിയപ്പെട്ടവനായിരുന്നു. കാലത്തിന്റെ ഖലീഫയുടെ നിർദേശത്തിനുവേണ്ടി കാതോർക്കുകയും അതനുസരിച്ച് സ്വയം പ്രവൃത്തിക്കുകയും ചെയ്യുക മാത്രമല്ല എങ്ങനെ എപ്പോൾ ഖിലാഫത്തിന്റെ മഹിത സ്ഥാനത്തെ കുറിച്ച് ലോകത്തിന് മുമ്പാകെ അവതരിപ്പിക്കുമെന്ന ചിന്തയായിരുന്നു ത്വാലിഅ്നെ ഇപ്പോഴും ഗ്രസിച്ചിരുന്നത്. ഖിലാഫത്തിന്റെ സംരക്ഷണത്തിനുവേണ്ടി ജീവൻബലിയർപ്പിക്കേണ്ടിവന്നാൽ അതും നല്കണമെന്നുമു ണ്ടായിരുന്നു. അതുപോലെ തന്റെ ജോലികളോട് അദ്ദേഹത്തിന് ഉണ്ടായിരുന്ന തീവ്രമായഅഭിലാഷം അനിതരസാധാരണ നിലയിലുള്ളതായിരുന്നു.

അദ്ദേഹത്തിന് തന്റെ ജോലിയോട് ഉണ്ടായിരുന്ന പ്രതിപത്തി അത് തന്റെ ജോലി തനിക്ക് ഏറെ ഇഷ്ടമായിരുന്നു എന്ന കാരണത്താലായിരുന്നില്ല. ഒരുപാട് പേർക്ക് തങ്ങളുടെ ജോലികൾ പ്രിയങ്കരമായിരിക്കും. തങ്ങളുടെ ജോലിയോട് ഇഷ്ടവും താല്പര്യവും ഉള്ളതായി പലരുമുണ്ട്. എന്നാൽ, ത്വാലിഅ്ന് തന്റെ ജോലിയോടു ഉണ്ടായിരുന്ന ആഭിമുഖ്യം ഹദ്റത്ത് മുഹമ്മദ് മുസ്തഫ(സ)തിരുമേനിയുടെ ദീനിനെ, അതായത് ഇസ്ലാമിനുവേണ്ടി തനിക്ക് ഇതിലൂടെ പ്രതിരോധിക്കാൻ സാധിക്കുമെന്നതിനാലായിരുന്നു. ഇസ്ലാമിന്റെ സന്ദേശം ലോകത്ത് പ്രചരിപ്പിക്കാൻ ആകുമെന്നതിനാലായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സന്ദേശം ലോകത്തിന്റെ കോണുകളോളം എത്തിക്കുന്നത് തന്റെ ഉത്തരവാദിത്വമാണെന്നതിനാലും അതുപോലെ കാലത്തിന്റെ ഖലീഫയുടെ ഉത്തമ സഹായിയാകണം എന്നതിനാലുമാണ്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ന്റെ ഖബറടക്കം നടക്കുന്ന സമയത്ത് ഞാൻ തലഭാഗത്ത് മണ്ണിടുന്നതിനു മുന്നിൽ നിൽപ്പുണ്ടായിരുന്നു. ത്വാലിഅ് എന്റെ വലതു ഭാഗത്ത് വന്നു നിന്നു. അപ്പോൾ അതാരാണ് വന്നുനിന്നതെന്ന് എനിക്കറിയില്ലായിരുന്നു. ഇപ്പോൾ ആ ഫോട്ടോ കണ്ടപ്പോൾ അതാരായിരുന്നുവെന്നും അത് ഏത് അവസരത്തിലുള്ളതാണെന്നും എനിക്ക് മനസിലായി. എന്നാൽ, ആ പതിമൂന്നു വയസ്സുള്ള ബാലൻ ചിലപ്പോൾ ആ സമയത്ത് ഇങ്ങനെ പ്രതിജ്ഞ എടുത്തു കാണും. ഞാൻ വഖ്ഫ് നൗ ആണ്. ഇനി ഞാൻ കാലത്തിന്റെ ഖലീഫയുടെ സഹായി ആകേണ്ടതാണ്. ഖലീഫയുടെ വലംകൈയാകേണ്ടതാണ്. പിന്നെ അദ്ദേഹം വർഷങ്ങൾക്കുശേഷം തന്റെ വിദ്യഭ്യാസം പൂർത്തിയാക്കുകയും തന്റെ പ്രതിജ്ഞ പാലിക്കുകയും ചെയ്തുവെന്ന് മാത്രമല്ല ഉത്തമമായ നിലയിൽ അത് നിറവേറ്റുകയും ചെയ്തു. ജേർണലിസത്തിനായും അദ്ദേഹം എന്റെ അഭിപ്രായ പ്രകാരമാണ് അഡ്മിഷൻ എടുത്തത്. തുടർന്ന് പഠനം പൂർത്തിയാക്കുകയും ശഹീദ് ആകുകയും ചെയ്തുകൊണ്ട് താൻ ഖിലാഫത്തിന്റെ യഥാർഥ സഹായിയാണെന്ന് തെളിയിക്കുകയുണ്ടായി. എന്റെ പ്രിയപ്പെട്ട ത്വാലീ!നിശ്ചയമായും നീ നിന്റെ വഖ്ഫിന്റേയും പ്രതിജ്ഞയുടേയും കാര്യത്തിൽ ശ്രേഷ്ഠമായ നിലവാരം കാഴ്ച്ച വെച്ചിരിക്കുന്നുവെന്ന് ഞാൻ സാക്ഷ്യപെടുത്തുകയാണ്.

ത്വാലിഅ് കാലത്തിന്റെ ഖലീഫയുടെ വാക്കുകൾ പ്രാവർത്തികമാക്കാൻ ഏതെല്ലാം തരത്തിലാണ് പരിശ്രമിച്ചതെന്ന് ഇനി പറയുന്ന സംഭവത്തിൽനിന്ന് വ്യക്തമാകുന്നതാണ്. ഞാൻ മുറബ്ബിമാരോട് ചെയ്ത ചില മീറ്റിംഗുകളിൽ മുറബ്ബിമാരോട് കുറഞ്ഞത് ഒരു മണിക്കൂറെങ്കിലും തഹജ്ജുദ് നമസ്കരിക്കണമെന്ന് പറഞ്ഞിരുന്നു. എന്നാൽ, ചില മുറബ്ബിമാരെപോലെ പ്രിയപ്പെട്ട ത്വാലിഅ് ഉഷ്ണ കാലത്ത് രാത്രി വളരെ ചെറുതായിരുന്നതിനാൽ അത്രയും നേരത്തെ എഴുന്നേറ്റ് മണിക്കൂറോളം തഹജ്ജുദ് നമസ്കരിക്കാൻ എങ്ങനെ സാധിക്കുമെന്ന് ചോദിച്ചില്ല! മറിച്ച് അപ്രകാരം പ്രവർത്തിക്കാനായി പരിശ്രമിക്കുകയാണ് ചെയ്തത്. ത്വാലിയിന്റെ ഒരു സുഹൃത്തായ മുറബ്ബി ഒരു ദിവസം അദ്ദേഹത്തെ ക്ഷീണിതനായി കണ്ടു. കാരണം ചോദിച്ചപ്പോൾ ത്വാലിഅ് പറഞ്ഞു: 'കാലത്തിന്റെ ഖലീഫ മുബല്ലിഗുമാരോടു ഒരു മണിക്കൂറിന്നടുത്ത് തഹജ്ജുദ് നമസ്കരിക്കണമെന്ന് പറഞ്ഞിരിക്കുന്നു. ഞാനും വഖ്ഫായ സ്ഥിതിക്ക് ഈ കല്പന എനിക്കും ബാധകമാണ്. ഇന്ന് തഹജ്ജുദ് കാരണത്താൽ പൂർണമായും ഉറങ്ങാൻ കഴിഞ്ഞില്ല. അതുകൊണ്ട് ക്ഷീണം തോന്നുന്നുണ്ട്.' ആ മുറബ്ബി എനിക്കെഴുതി: അദ്ദേഹത്തിന്റെ സംസാരം എന്നെ വല്ലാതെ നാണം കെടുത്തി. ഞാൻ നേരിട്ട് സംബോധിതനായിരുന്നു. ഞാൻ കാലത്തിന്റെ ഖലീഫയുടെ നിർദേശമനുസരിച്ച് പ്രവൃത്തിച്ചില്ല. അദ്ദേഹം ഒരു വാഖ്ഫെ സിന്ദഗിയുടെ പ്രതിജ്ഞ നിറവേറ്റുന്നതിനുവേണ്ടിമാത്രം അതനുസരിച്ച് പ്രവർത്തിച്ചു. ഇതായിരുന്നു അദ്ദേഹത്തിന്റെ പ്രതിജ്ഞാപാലനത്തിന്റെ നിലവാരം. അതുകൊണ്ട് വാഖ്ഫീനെ സിന്ദഗിക്കും അദ്ദേഹം ഒരു മാതൃകയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കുടുംബത്തിലെ അംഗമെന്ന നിലയിൽ കുടുംബത്തിലെ മറ്റംഗങ്ങൾക്കും അദ്ദേഹം കൂറിന്റേയും ആത്മാർഥതയുടേയും ഒരു മാതൃക സ്ഥാപിച്ചാണ് പോയത്. ഇപ്പോൾ ഏതു പരിധിവരെ അവർ ഈ മാതൃകയനുസരിച്ച് കർമങ്ങൾ ചെയ്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കുടുംബമെന്ന് പറയുന്നതിന്റെ കടമ നിറവേറ്റുന്നുവെന്നത് ഈ കുടുംബാംഗങ്ങളുമായി ബന്ധപ്പെട്ടതാണ്. കുടുംബത്തിന്റെ ആദരവോ ശാരീരികമായ ബന്ധുത്വമോകൊണ്ട് ഒരു പദവിയും കിട്ടുകയില്ല. അവരെ ആരെയെങ്കിലും ബഹുമാനക്കുന്നുവെങ്കിൽ അവരുടെ ഭൗതികത കാരണത്താലല്ല. അങ്ങനെയൊരിക്കലും നടക്കുകയുമില്ല. യഥാർഥ ബഹുമാനം ദീനിന്റെ സേവകനാകുന്നതിലാണ്. ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്നവനാകുന്നതിലാണ്. ഇല്ലെങ്കിൽ ഭൗതികരായിട്ടുള്ളവരിൽ കോടിക്കണക്കിനാളുകൾ സാമ്പത്തികാടിസ്ഥാനത്തിൽ അവരെക്കാൾ മെച്ചപ്പെട്ടവരായിട്ടുണ്ട്. ഭൗതികാടിസ്ഥാനത്തിൽ മെച്ചപ്പെട്ടവരല്ലാത്തവരുടെ പക്കലും അവർക്ക് ഒരു ബഹുമാനവുമില്ല. അതുകൊണ്ട് ഞാൻ കുടുംബത്തിലെ അംഗങ്ങളോടും പറയുകയാണ്, 'വിടപറഞ്ഞുപോയ ഈ ആളിൽനിന്ന് ഉപദേശം കരസ്ഥമാക്കുക. ആത്മാർഥതയിലും കൂറിലും അഭിവൃദ്ധിപ്പെടുക. എപ്രകാരം ഈ കൂറിന്റെ ആൾരൂപം തന്റെ പ്രതിജ്ഞ നിറവേറ്റിയോ ദീനിനെ ദുൻയാവിനെക്കാൾ മുന്തിച്ചുവോ മറ്റുള്ള കുടുംബാംഗങ്ങളും ആ മാതൃക നോക്കുക. ഇക്കാര്യമാണ് ആദരവുകൊണ്ടുവരുന്നത്. അല്ലാഹുവിന്റെ അനുഗ്രഹം കരസ്ഥമാക്കാൻ പോരുന്നതാണ്. ഇല്ലെങ്കിൽ ഭൗതികതയും ഭൗതികതയോടുള്ള ആഗ്രഹവും കുടുംബാംഗങ്ങൾക്ക് നിസ്സാരമായ ആദരവുപോലും വാങ്ങി നല്കുകയില്ല. നിങ്ങളുടെ സ്വന്തം കർമങ്ങൾ ശരിയായതല്ലെങ്കിൽ ഏതെങ്കിലും മഹാത്മാവിന്റെ മകനാകുക എന്നതോ ഏതെങ്കിലും മഹാത്മാവിന്റെ മകളാകുക എന്നതോ അന്തസ്സിന്റെ സ്ഥാനമല്ല.

ഞാൻ പറഞ്ഞതുപോലെ വാഖ്ഫീനെ സിന്ദഗിക്കും ത്വാലിഅ് വിസ്മയകരമായ മാതൃകയായിരുന്നു. അലവൻസ് കുറച്ചാണെന്നോ ജീവിക്കാൻ കഴിയുന്നില്ലെന്നോ പറഞ്ഞ് ഒരിക്കലും പരാതിപ്പെട്ടിട്ടില്ല. എന്താണോ കിട്ടുന്നത് നന്ദിയോടെ അതുകൊണ്ട് ജീവിച്ചിരുന്നു. എവിടെനിന്നെങ്കിലും കൂടുതൽ തുക എന്തെങ്കിലും വന്നാൽ നന്ദിവികരങ്ങളാൽ ഹൃദയം നിറയുമായിരുന്നു: 'അല്ലാഹുവേ! തനിക്കൊരിക്കലും ഞെരുക്കം വരുത്തരുതെ' എന്ന് അല്ലാഹുവിനോടു അവൻ ദുആ ചെയ്തിരുന്നു. പിന്നെ അല്ലാഹു ഒരിക്കലും ഞെരുക്കമുണ്ടക്കിയിട്ടുമില്ല. മുടങ്ങാതെ നോമ്പു പിടിക്കുന്നയാളായിരുന്നു. അവനിൽ ഒരുപാട് സവിശേഷ ഗുണങ്ങളുണ്ടായിരുന്നു. അടുത്ത സ്നേഹിതന്മാരും ബന്ധുക്കളും അനുശോചനം എഴുതി എന്നെ അറിയിക്കുന്നുണ്ട്. അവർ അവന്റെ നിരവധി സൽഗുണങ്ങളാണ് എഴുതി അറിയിച്ചിട്ടുള്ളത്. അത് എന്നെയും വിസ്മയപ്പെടുത്തുന്നതാണ്. അവന്റെ കൂറ് ഒരു പരിധിവരെ എനിക്കറിയാമായിരുന്നു.പക്ഷേ, അവന്റെ നന്മയുടേയും തഖ്‌വയുടേയും നിലവാരവും വളരെ ഉയർന്നതായിരുന്നു. അതുകൊണ്ട് അവന്റെ ജീവിതത്തെ കുറിച്ച് അവർ പറഞ്ഞിട്ടുള്ള ചില കാര്യങ്ങൾ നിങ്ങളോടു വിവരിക്കുന്നത് കൂടുതൽ ഉചിതമായിരിക്കുമെന്ന് ഞാൻ കരുതുന്നു. ഇതിൽ ത്വാലിയിന്റെ ഭാര്യയുടേയും മാതാപിതാക്കളുടേയും സഹോദരിസഹോദരന്മാരുടേയും സുഹൃത്തുക്കളുടേയും വികാരങ്ങളുണ്ട്. ചില യാഥാർഥ്യങ്ങളും സംഭവങ്ങളുമുണ്ട്.

റിവ്യു ഓഫ് റിലീജ്യൻസിന്റെ എഡിറ്റർ ആമിർ സഫീർ സാഹിബ് പറയുന്നു: ത്വാലിഅ് നാലുവർഷം വരെ റിവ്യുവിൽ ജോലിചെയ്തു. ഇൻഡക്സിംഗ് ഡിപ്പാർട്ടുമെന്റിൽ ആർക്കൈവ്ടേഗിംഗ് പ്രൊജക്ടിൽ മേൽനോട്ടക്കാരനെന്ന നിലയിൽ സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. വളരെ വലിയ ഉത്തരവാദിത്വമാണ് അദ്ദേഹം നിർവഹിച്ചത്. റിവ്യു ഓഫ് റിലീജ്യൻസിന്റെ നൂറുവർഷത്തിലേറെയുള്ള കാലത്തെഇൻ്റക്സ് തയ്യാറാക്കുക, വിവിധ കാറ്റഗറിസുകളിൽ(categaries)അതിന്റെ പട്ടിക തയ്യാറാക്കുക, വിവിധ തലക്കെട്ടുകളിൽ വിഷയങ്ങളെ ക്രമീ

കരിക്കുക, വളരെ വിപുലമായൊരു ജോലിയായിരുന്നു. അതിൽ അദ്ദേഹം വളരെ അധ്വാനത്തോടും താൽപര്യത്തോടുംകൂടി പ്രവൃത്തിച്ചു. പതിനൊന്ന് പേരടങ്ങുന്ന ഒരു ടീമായിരുന്നു. വളരെ ശ്രമകരമായ ജോലിയായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാവരും ഈ ജോലി ചെയ്തു. അതിന്റെ മേൽനോട്ടം വഹിച്ചത് ത്വാലിഅ് ആയിരുന്നു. പിന്നീട് ഇദ്ദേഹം പറയുന്നു, ത്വാലിഅ് വളരെ കഴിവുള്ള ആളായിരുന്നുവെന്നത് ഞാൻ കണ്ണുകൊണ്ട് കണ്ടതാണ്. സംഘടനാപരമായ ജോലികൾ ഉദാത്തമായി നിലയിൽ ചെയ്തിരുന്നു. സേവനം ചെയ്യാൻ വളരെയധികം വികാരവും ഉത്സാഹവുമുമായിരുന്നു. ഖിലാഫത്തിനോടു അളവറ്റ കൂറും സ്നേഹവുമായിരുന്നു. പിന്നീട് പറയുന്നു, അദ്ദേഹം ഏതെങ്കിലും പ്രൊജക്ട് അടിത്തറയിൽനിന്ന് ആരംഭിച്ച് ഒരു വികാരത്തോടും ആവേശത്തോടുംകൂടി അന്തസാർഹമായ വസ്തുവാക്കിത്തീർക്കുമായിരുന്നു എന്നതാണ് ഞാൻ ത്വാലിയിൽ കണ്ട ഒരു സവിശേഷത. ഏതെങ്കിലും വ്യവസ്ഥിതി തനിക്ക് ജോലിചെയ്യാൻ പ്രേരണ നല്കുന്നുണ്ടോ അല്ലെങ്കിൽ തന്നെ ഓർമിപ്പിക്കുന്നുണ്ടോ എന്നൊന്നും അദ്ദേഹം പ്രതീക്ഷിച്ചിരുന്നില്ല. ഒരു ഉന്മത്തനെപോലെ മുന്നോട്ടുവന്ന് ജോലി ചെയ്യുമായിരുന്നു. അവർ ഉന്മാദന്റെ പരിധിവരെ നിശ്ചയദാർഢ്യതത്തിന്റേയും ആത്മാർഥതയുടേയും വികാരമുൾക്കൊണ്ട് പ്രവർത്തിക്കുന്നവരാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞവരിൽപ്പെട്ടയാളായിരുന്നു. ത്വാലിഅ്! ത്വാലിഅ് ലോകരെ വകവെച്ചില്ല. ജമാഅത്തിനും ഖിലാഫത്തിനുംവേണ്ടി സേവനം ചെയ്യാനുള്ള തൗഫീഖ് ലഭിച്ചപ്പോഴൊക്കെ അദ്ദേഹത്തിന് അതു തന്നെയായിരുന്നു സർവസ്വവും. തുടർന്ന് പറയുന്നു: ഞാൻ അദ്ദേഹത്തിൽ ദർശിച്ചതിന്റെ ചുരുക്കം ഇതാണ്. അദ്ദേഹത്തിന്റെ സർവ്വകാര്യങ്ങളും ഖിലാഫത്തിനെ ചുറ്റിപ്പറ്റിയുള്ളവയായിരുന്നു. കാലത്തിന്റെ ഖലീഫയുമായി അദ്ദേഹത്തിന് വ്യക്തിപരമായ ബന്ധമുണ്ടായിരുന്നു. എന്നിരുന്നാലും ഞാൻ അദ്ദേഹത്തിന് ഹുദൂറിന്റെ എന്തെങ്കിലും നിർദേശമെത്തിച്ചാൽ അദ്ദേഹം ചാടിയെഴുന്നേറ്റ് നിൽക്കുമായിരുന്നു. ഒരു കുട്ടി candy ലേക്ക് നോക്കുന്നതുപോലെ കണ്ണുകൾ മിഴിച്ചു അദ്ദേഹം നോക്കിനിൽക്കുമായിരുന്നു. അതുപോലെ ഹുദൂറിന്റെ നിർദേശം എത്തിച്ചതിന് എന്നോട് നന്ദിയും പറയുമായിരുന്നു. തുടർന്ന് പറയുന്നു: അദ്ദേഹം ഒരേ സമയത്ത് ഒന്നല്ല ഈരണ്ടു ഡോക്യൂന്ററികളുടെ പണികളിൽ ഏർപ്പെട്ടിരുന്നു. രണ്ടു ഡോക്യൂമെന്ററികളിൽ ഒരുമിച്ച് എങ്ങനെ ജോലി ചെയ്യാൻ കഴിയുന്നു വെന്നോർത്ത് ഞാൻ അത്ഭുതപ്പെടുമായിരുന്നു. ചിലപ്പോഴൊക്കെ ത്വാലിഅ് ഏത് ഡോക്യൂമെന്ററിയുടെ ജോലിയാണ് ചെയ്യുന്നതെന്ന് ഞങ്ങൾക്ക് നിശ്ചയം ഉണ്ടായിരുന്നില്ല. ഞങ്ങൾക്ക് അദ്ദേഹം സർപ്രൈസ് തരാൻ ആഗ്രഹിച്ചിരുന്നു. ത്വാലിഅ്ന്റെ ഗവേഷണത്തിലുള്ള പ്രാഗൽഭ്യവും വളരെ മികച്ചതായിരുന്നു.

അതുപോലെ ത്വാലിയിലുണ്ടായിരുന്ന പ്രധാനപ്പെട്ട ഗുണവിശേഷം അദ്ദേഹം എപ്പോഴും തന്റെ കുടുംബവും കുടുംബക്കാരും ജമാഅത്തുമായി ഒട്ടിച്ചേർന്നു നിൽക്കുന്നതും ജമാഅത്തിന് സേവനങ്ങൾ ചെയ്യുന്നതും കാണാൻ ആഗ്രഹിച്ചിരുന്നു എന്നതാണ്. ഞാൻ അദ്ദേഹത്തോട് തങ്ങളുടെ ഇന്ന ബന്ധു റിവ്യൂവിന്റെ ഇന്ന കാര്യത്തിന് സേവനം ചെയ്യുന്നുണ്ടെന്ന് പറയുമ്പോൾ അദ്ദേഹം അതീവ സന്തുഷ്ടനാകുമായിരുന്നു. സ്വദ്ർ ഖുദാമുൽ അഹ്മദിയ്യ ഖുദൂസ് ആരിഫ് സാഹിബ് പറയുന്നു. ചെറുപ്പം മുതൽക്കേ എനിക്ക് അദ്ദേഹവുമായി നല്ല ബന്ധമുണ്ട്. അദ്ദേഹം മലിക് ഗുലാം ഫരീദ് സാഹിബിന്റെ വിശുദ്ധ ഖുർആനിന്റെ Short Commentaryയിലും Five Volume Commentaryയിലും പലയിടത്തും അടയാളപ്പെടുത്തിയിരുന്നത് ഞാൻ കണ്ടിട്ടുണ്ട്. ഫൈവ് വാള്യം അദ്ദേഹം വളരെ വിശദമായി വായിച്ചിട്ടുണ്ടായിരുന്നു. പല ആയത്തുകളും ഹൈലൈറ്റ് ചെയ്തിട്ടുണ്ടായിരുന്നു. ഇടയിൽ കടലാസിൽ എഴുതി അടയാളവും വെച്ചിരുന്നു.

ഫൈവ് വാള്യം Commentary യുടെ കാര്യത്തിലുള്ള വിശദീകരണം ഞാൻ പറയാം. BSC പഠിച്ചതിനു ശേഷം ത്വാലിഅ് ഒരു വർഷം gap year എടുത്തു. ആ നേരത്ത് ഞാൻ ത്വാലിഅ്നോട് ഇതേ കുറിച്ച് വഖ്ഫെനൗ ക്ലാസ്സിൽ പറഞ്ഞിരുന്നു. പിന്നീട് ഓഫീസിൽവെച്ച് കൂടിക്കാഴ്ച നടത്തിയപ്പോൾ ഞാൻ ഫൈവ് വാള്യം Commentary വായിക്കാൻ പറഞ്ഞിരുന്നു. ഞാൻ കരുതിയിരുന്നത് ത്വാലിഅ് അതിന് കുറച്ച് വർഷങ്ങളെടുക്കുമെന്നായിരുന്നു എന്നാൽ, ഏതാനും മാസങ്ങൾക്കുശേഷം താൻ അത് മുഴുവനും വായിച്ചുവെന്ന് ത്വാലിഅ് എന്നോട് പറയുകയുണ്ടായി. എനിക്കത് കേട്ടപ്പോൾ അത്ഭുതം തോന്നി. അതുപോലെ യുവാക്കൾക്കു ഇഷ്ടപെടുന്ന ഡോക്യൂമെന്ററികൾ ത്വാലിഅ് തയ്യാറാക്കുമായിരുന്നു. ഫുട്ബോളിനെ കുറിച്ച് ത്വാലിഅ് ഡോക്യുമെന്ററി തയ്യാറാക്കി. അതിൽ തർബിയ്യത്തിന്റെ വശവും ഉൾപ്പെടുത്തിയിരുന്നു.

തുടർന്ന് പറയുന്നു: ഞഠഅയിൽ തയ്യാറാക്കിയിരുന്ന ഡോക്യുമെന്ററികൾ ഒന്നിനൊന്ന് മെച്ചപ്പെട്ടതായിരുന്നു. അദ്ദേഹം പറയുന്നു: ഞാൻ ഓർക്കുന്നു; Two Trials in a Time:Brutality and Injustice എന്ന ഡോക്യുമെന്ററി സംപ്രേഷണം ചെയ്തപ്പോൾ ഞാൻ ത്വാലിഅ്ന് ഡോക്യുമെന്ററി വളരെയധികം വിശ്വാസവർധകമായിരുന്നുവെന്ന് പറഞ്ഞ് മെസ്സേജ് അയച്ചു. അദ്ദേഹം വിനയത്തോടെ ഇപ്രകാരം മറുപടി പറഞ്ഞു: 'ഞങ്ങളെ ദുആയിൽ ഓർക്കുക. ഇതെല്ലം ദൈവാനുഗ്രഹം ഒന്ന് മാത്രമായിരുന്നു.' ട്വിറ്ററിൽ ആരോ ആ ഡോക്യുമെന്ററിയുടെ പേരിനെ കുറിച്ച് ആക്ഷേപം ഉന്നയിച്ചു. അപ്പോൾ അതിന് ത്വാലിഅ് മറുപടി നൽകി. ഞാൻ അതെ കുറിച്ച് അദ്ദേഹത്തോട് ചോദിച്ചപ്പോൾ പറഞ്ഞു: 'ഈ പേര് കാലത്തിന്റെ ഖലീഫ അംഗീകരിച്ചതാണ്. അതുകൊണ്ടാണ് ഞാൻ ഇതിനെ പ്രതിരോധിച്ചത്. ഈ പേര് ആബിദോ ഞാനോ ആയിരുന്നു കൊടുത്തതെങ്കിൽ ഞാനൊരിക്കലും ഒന്നും പറയുമായിരുന്നില്ല. എന്നാൽ, കാലത്തിന്റെ ഖലീഫയുടെ അനുമതിയോടുകൂടി ആയതിനാൽ ഞാൻ തീർച്ചയായും അതിന് വിശദീകരണം നൽകുകയും ഡിഫൻഡ് ചെയ്യുകയും ചെയ്യുന്നതാണ്. തുടർന്ന് പറയുന്നു: കഴിഞ്ഞ വർഷം ഢശൃൗമഹ അളേമഹ റാലിയിൽ ഞാൻ മുഹ്തമിം അത്ഫാൽ മുഖേന കാലത്തിന്റെ ഖലീഫയുമായുണ്ടായിട്ടുള്ള ത്വാലിഅ്ന്റെ ഏതാനും സംഭവങ്ങൾ അതിൽ അവതരിപ്പിക്കാൻവേണ്ടി അപേക്ഷിക്കുകയുണ്ടായി. എന്നാൽ, ആദ്യം അദ്ദേഹം അതിന് സമ്മതിച്ചില്ല. തുടർന്ന് ഞാൻ സ്വദ്ർ മജ്‌ലിസ് എന്ന നിലയിൽ പറഞ്ഞപ്പോൾ അതിനു തയ്യാറായി. എന്തായാലും ആ സംഭവങ്ങളും ആളുകൾക്ക് വളരെയധികം ഇഷ്ടമായി. അത്ഫാൽ അത് വളരെയേറെ ഇഷ്ടപ്പെട്ടു. അദ്ദേഹം അതിനുശേഷം സ്വദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയായ്ക്ക് ഇപ്രകാരം മെസ്സേജ് അയച്ചു: 'ആദ്യം എന്റെ കർമ സംസ്കരണം നടക്കട്ടെ എന്നാണ് ഞാൻ കരുതിയത്. ഞാൻ മനസ്സിലാക്കിയത് ജനങ്ങളെ ഉപദേശിക്കാനും സംഭവങ്ങൾ കേൾപ്പിക്കാനും മാത്രം എന്റെ കർമങ്ങൾ സംസ്ക്കരിക്കപ്പെട്ടിട്ടില്ല . (അത് പിന്നീടാകാം). ഞാൻ വയസ്സായി മരണത്തോട് അടുത്താൽ ഈ സംഭവങ്ങളൊക്കെ കേൾപ്പിക്കാം. അതുവരെ മൗനമായി കാലം കഴിച്ച് കൂട്ടാമെന്നാണ് ഞാൻ കരുതിയിരുന്നത്. എന്നാൽ, താങ്കൾ എന്നെക്കൊണ്ട് അതെല്ലാം പറയിച്ചു. എന്നാൽ, അല്ലാഹുവിന് അറിയാമായിരുന്നു, ഈ സംഭവങ്ങളൊക്കെ ഷെയർ ചെയ്യേണ്ട സമയം വന്നിരിക്കുന്നുവെന്ന്!'

ത്വാലിയിന്റെ ഭാര്യ അസീസ സത്വ്വത്ത് പറയുന്നു: 'എന്നേയും മക്കളേയും വളരെയധികം സ്നേഹിക്കുകയും ഞങ്ങളോടു വാത്സല്യത്തോടെ പെരുമാറുകയും ചെയ്യുന്ന ആളായിരുന്നു. ഒരുപാട് വാത്സല്യം പ്രകടിപ്പിച്ചിരുന്നു. ഓരോ ചെറിയ ചെറിയ കാര്യങ്ങളിൽപോലും പ്രശംസിച്ചിരുന്നു. 'ഭക്ഷണം എങ്ങനെ ആയിരുന്നാലും ഇഷ്ടപെട്ടിരുന്നു.' പറയുന്നു: 'എന്റെ പിതാവിന്റെ ശഹാദത്തിനുശേഷം ഞാൻ അല്പം ദുഖിതയായിരുന്നു. എന്നാൽ, അതിനുശേഷം വേഗമാണ് എന്റെ വിവാഹ നിശ്ചയം നടന്നത്. പിതാവില്ലാത്തതുകൊണ്ട് എനിക്ക് വളരെ വിഷമമുണ്ടായിരുന്നു. വിവാഹ നിശ്ചയത്തിനുശേഷം ത്വാലിഅ് എന്റെ കാര്യങ്ങൾ ഒരുപാട് ശ്രദ്ധിച്ചിരുന്നു. പിതാവിന്റെ കുറവ് എനിക്ക് അനുഭവപ്പെട്ടില്ല. എന്റെ വിവാഹ നിശ്ചയം നടന്നതിനുശേഷം നബി(സ)തിരുമേനിയോട് ത്വാലിയിന് എത്ര മാത്രം സ്നേഹമാണെന്ന് ഞാൻ ചിന്തിച്ചിരുന്നു. യുവാവായിരുന്നിട്ടുകൂടി നബി(സ)തിരുമേനിയെ കുറിച്ച് സംസാരിക്കുമ്പോൾ കുട്ടികളെപോലെ കരയുമായിരുന്നു. മകൻ ത്വലാലിനും നബി(സ)തിരുമേനിയുടെ കഥകൾ പറഞ്ഞു കൊടുക്കുമ്പോൾ തൊണ്ടയിടറി കരയുമായിരുന്നു. നബി(സ)തിരുമേനിയെ കുറിച്ച് ഒരുപാട് കഥകൾ അദ്ദേഹത്തിന് അറിയാമായിരുന്നു. ഒരു പാടു സംഭവങ്ങൾ മനഃപാഠമായിരുന്നു.' ഇതേ കുറിച്ച് മറ്റുള്ളവരും ഒരുപാടെഴുതിയിട്ടുണ്ട്. 'ത്വാലിയിന് ചരിത്രത്തിൽ നല്ല അവഗാഹമുണ്ടായിരുന്നു.നബി(സ)തിരുമേനിയുടെ ജീവചരിത്രവും നന്നായി അറിയാമായിരുന്നു. സത്വ്വത്ത് പറയുന്നു: ത്വലാലിന്റേത് ഒരു ക്രിസ്ത്യൻ സ്കൂളാണ്. ഞാൻ സ്കൂളിൽ പോകുമ്പോൾ വഴിയിൽ അവന് സൂറ ഇഖ്‌ലാസ്വ് ആവർത്തിച്ച് ചൊല്ലി കൊടുക്കുകയും എന്നോടൊപ്പം ചൊല്ലാൻ അവനോടു പറയുകയും ചെയ്യുമായിരുന്നുവെന്ന് എന്നോടു പറയുമായിരുന്നു, ഖിലാഫത്തിനോട് ഒരുപാടു സ്നേഹമായിരുന്നു. അതിൽ വല്ലാത്ത അഭിമാനമായിരുന്നു. ചെറിയ ചെറിയ സംഭവങ്ങളാണെങ്കിലും അതിൽ അദ്ദേഹത്തിന്റെ ആത്മാർഥതയെ കുറിച്ച് മനസ്സിലാക്കാവുന്നതാണ്. സത്വ്വത്ത് പറയുന്നു: 'ഹുദൂർ അദ്ദേഹത്തിലും അദ്ദേഹത്തിന്റെ മകനിലും സന്തോഷവാനാണ് എന്നറിയുമ്പോൾ ത്വാലിയിന് അതിയായ സന്തോഷമുണ്ടാകുമായിരുന്നു. ഹുദൂറുമായുള്ള കൂടിക്കാഴ്ചയ്ക്കുശേഷം എപ്പോഴും ട്രീറ്റ് തരാറുണ്ടായിരുന്നു. അല്ലെങ്കിൽ ത്വലാലിന് ചോക്ലേറ്റ് കൊടുക്കുമായിരുന്നു. നീ നല്ല കുട്ടിയായി പെരുമാറിയല്ലോ എന്ന് പറയുമായിരുന്നു. അല്ലെങ്കിൽ ഞങ്ങൾക്ക് ഐസ്ക്രീമും മറ്റും വാങ്ങി നൽകുമായിരുന്നു. ചെറിയ ചെറിയ കാര്യങ്ങൾക്കുപോലും വളരെയധികം സന്തോഷിച്ചിരുന്നു. കാലത്തിന്റെ ഖലീഫയുടെ മുന്നിൽ നീ നല്ലകുട്ടിയായി പെരുമാറിയല്ലോ എന്നും ഇന്നത്തെ കൂടിക്കാഴ്ച വളരെ നന്നായിയെന്നും പറയുമായിരുന്നു. ചിലപ്പോൾ അദ്ദേഹത്തിന് തോന്നുമായിരുന്നു എന്തെങ്കിലും കാര്യത്തിൽ ഹുദൂറിന് അതൃപ്തി ഉണ്ടായി എന്ന്! (ഹുദൂർ പറയുന്നു) ഇത് ത്വാലിയിന്റെ തോന്നൽ മാത്രമായിരിക്കാം. കാരണം അങ്ങനെ എന്തെങ്കിലും സംഭവിച്ചതായി എനിക്കോർമയില്ല. 'അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു: എനിക്കോർമയുണ്ട്. കാലത്തിന്റെ ഖലീഫക്ക് നീരസമുണ്ടായി എന്ന് തോന്നിയാൽ അദ്ദേഹം തഹജ്ജുദിൽ കരഞ്ഞു വിലപിച്ച് അല്ലാഹുവിനോട് മാപ്പ് അപേക്ഷിക്കുമായിരുന്നു. കുട്ടികളെപോലെ തേങ്ങിത്തേങ്ങി കരയുമായിരുന്നു. ഡോക്യുമെന്ററി നിർമിച്ചു കഴിഞ്ഞാലും കാലത്തിന്റെ ഖലീഫയുടെ അംഗീകാരം ലഭിക്കുമോ എന്ന ചിന്ത തന്നെയായിരുന്നു. അതുപോലെ ദിസ്‌വീക്ക്(ഠവശ ംലലസ) എന്ന പ്രോഗ്രാം തുടങ്ങിയപ്പോൾ ത്വാലിഅ് വളരെ സന്തോഷവാനായിരുന്നു. അതിനുകാരണം അദ്ദേഹത്തിന് കൂടുതൽ കൂടുതലായി എന്റെ ഓഫീസിൽ വരാനും റെക്കോർഡിങ്ങ് നടത്താനും അവസരം ലഭിക്കുമെന്നതായിരുന്നു. തുടർന്ന് 'ഭാര്യ പറയുന്നു: അദ്ദേഹത്തിലുണ്ടായിരുന്ന വളരെ വലിയ നന്മ അദ്ദേഹം ദീനിനെ എപ്പോഴും ദുൻയാവിനേക്കാൾ മുന്തിച്ചിരുന്നുവെന്നതാണ്.

ഭൗതികത തീണ്ടിയിട്ടില്ലാത്ത ആളായിരുന്നു. ഒരിക്കലും ഒരുവസ്തുവും ആഗ്രഹിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ മനസ്സിലൊരിക്കലും ാമല്യേശമഹ വസ്തുക്കളോടു ഭ്രമമുണ്ടായിരുന്നില്ല. ഒരിക്കലും ലൗകിക കാര്യങ്ങളിൽ താൽപര്യവുമുണ്ടായിരുന്നില്ല. ആരെങ്കിലും അദ്ദേഹത്തിന് വിലപിടിച്ച സമ്മാനം നൽകുമ്പോൾ തന്റെ കൈയിൽ അത് കിട്ടിയതോർത്ത് പരിഭ്രമിക്കുമായിരുന്നു. അല്ലാഹുവിനോട് ഒരുപാട് ശുക്ർ ചെയ്തിരുന്നു. അല്ലാഹു അദ്ദേഹത്തിന് നൽകിയതിൽ അദ്ദേഹം സന്തുഷ്ടനായിരുന്നു. ഉള്ളതുകൊണ്ട് അദ്ദേഹം തൃപ്തിപ്പെട്ടിരുന്നു. അദ്ദേഹം പറയുമായിരുന്നു, 'ഞാൻ ചെറുപ്പത്തിൽ ഹദ്റത്ത് ഖലീഫ അവ്വൽ(റ)ന്റെ ഒരു സംഭവം വായിച്ചിട്ടുണ്ട്. അതിൽ അല്ലാഹു അദ്ദേഹത്തോട് ധനകാര്യത്തിൽ എങ്ങനെ പെരുമാറി എന്ന് പ്രതിപാദിച്ചിരുന്നു. അദ്ദേഹം പറഞ്ഞു: അത് വായിച്ചശേഷം ഉടൻതന്നെ

ഞാൻ അല്ലാഹുവിനോട് ഇപ്രകാരം ദുആ ചെയ്തു, 'അല്ലാഹുവേ! നീ എന്നോടും ഇതേ രീതിയിൽ പെരുമാറേണമെ.' അല്ലാഹു തന്റെ ദുആ സ്വീകരിച്ചുവെന്നും എപ്പോഴും തന്നോട് ഹദ്റത്ത് ഹക്കീം മൗലവി നൂറുദ്ദീൻ സാഹിബിനോട് എന്നതുപോലെ പെരുമാറുമെന്നും അദ്ദേഹത്തിന് അടിയുറച്ച വിശ്വാസമായിരുന്നു.' ഇക്കാര്യം സത്യവുമാണ്. 'ഭാര്യ പറയുന്നു: 'ഞാൻ നേരിൽ കണ്ടിട്ടുണ്ട്. പെട്ടെന്ന് അദ്ദേഹത്തിന് എന്തെങ്കിലും ആവശ്യം നേരിട്ടാൽ അദ്ദേഹത്തിന്റെ കൈയിൽ പണം എത്തിച്ചേരുമായിരുന്നു.' പറയുന്നു: 'പത്തുവർഷം മുമ്പേയുള്ള ഇടപാടു സംബന്ധമായി ഒരു ലോൺ കമ്പനിയിൽ നിന്ന് 'തങ്ങളുട അടുത്ത് താങ്കളുടെ 1000 പൗണ്ട് ഉണ്ട്' എന്നറിയിച്ചുകൊണ്ട് അദ്ദേഹത്തിന് ഫോൺ വന്നു. അതുകേട്ട് അദ്ദേഹം വളരെയധികം സന്തോഷിച്ചു. ഇനി തനിക്ക് വാഹനത്തിന്റെ ഇൻഷൂറൻസ് അടക്കാമെന്നും വണ്ടിയുടെ അറ്റകുറ്റ പണികൾ(maintenance) നടത്താമെന്നും അദ്ദേഹം പറഞ്ഞു. (ഹുദൂർ പറയുന്നു:) അല്ലാതെ അതിന് ജമാഅത്തിൽനിന്ന് സഹായം തേടാമെന്ന് ത്വാലിഅ് കരുതിയില്ല. ഭാര്യ പറയുന്നു: അല്ലാഹു അദ്ദേഹത്തോട് കാണിച്ചിരുന്ന സ്നേഹത്തോടെയുള്ള പെരുമാറ്റത്തിന്റെ കാര്യത്തിൽ ഞാനും അനുഭവസ്ഥയാണ്. അദ്ദേഹം പറയുമായിരുന്നു, ഞാൻ വിദ്യാർഥിയായിരുന്നപ്പോൾ യൂണിവേഴ്സിറ്റിയിൽ പഠിക്കുന്ന സമയത്തായിരുന്നു അത്. പത്തുവർഷം മുമ്പേയുള്ള കാര്യമാണ്. ത്വാലിഅ് പറയുന്നു: 'ഒരിക്കൽ എനിക്ക് നല്ല വിശപ്പുണ്ടായി. എന്റെ പക്കൽ പൈസയൊന്നുമുണ്ടായിരുന്നില്ല. കൈയിലുള്ള പൈസയൊക്കെ തീർന്നിരുന്നു. ഞാൻ നമസ്കരിച്ചു, സലാം വീട്ടിയപ്പോൾ ഞാൻ കണ്ടത് എന്റെ കിടക്കയുടെ അടിയിൽ പത്ത് പൗണ്ട് വെച്ചതായാണ്. ഞാൻ അത്ഭുതപ്പെട്ടു. എനിക്ക് അല്ലാഹു പൈസ അയച്ചുതന്നു' എന്നദ്ദേഹം പറയുമായിരുന്നു.'

അദ്ദേഹത്തിന് ഉറച്ച വിശ്വാസമുണ്ടായിരുന്നു. ഞാൻ പറഞ്ഞു: ജനങ്ങൾ സാമ്പത്തികമായ നിലയിൽ ഭാവിയിലേക്കുവേണ്ടി കുറച്ചൊക്കെ തയ്യാറെടുപ്പുകൾ ചെയ്യാറുണ്ട്.' പക്ഷേ, അല്ലാഹു തനിക്ക് രിസ്ഖ് ലഭ്യമാക്കുമെന്ന് അദ്ദേഹത്തിന് ദൃഢവിശ്വാസമുണ്ടായിരുന്നു. അതുകൊണ്ട് തനിക്ക് അനാവശ്യമായി ലോകത്തിന്റെ പിന്നാലെ ഓടേണ്ട ആവശ്യമില്ല. തന്റെ വഖ്ഫ് നിറവേറ്റുകയാണ് വേണ്ടത്.' തുടർന്ന് 'ഭാര്യ പറയുന്നു: 'ഞങ്ങൾ ആദ്യം വാടക വീട്ടിലായിരുന്നു. ഞങ്ങളുടെ വാടക എഗ്രിമെൻറ് കഴിഞ്ഞപ്പോൾ കറണ്ട് ബില്ലും മറ്റുമായി കുറച്ച് വലിയ തുക ഞങ്ങളുടെ അക്കൗണ്ടിൽ ബാക്കിയുണ്ടെന്ന് ഞങ്ങളെ ബന്ധപ്പെട്ട കൗൺസിൽ എഴുതി അറിയിക്കുകയുണ്ടായി. 200,300 പൗണ്ട് ഉണ്ടായിരുന്നു. അദ്ദേഹം ഈ തുക പെട്ടെന്നുതന്നെ റീഫണ്ട് ചെയ്യുന്നതായിരിക്കുമെന്ന് ജമാഅത്തിനെ അറിയിച്ചു. ജമാഅത്ത് ഒരിക്കലും അദ്ദേഹത്തോട് ഇങ്ങനെ കർശനമായി നടപടി എടുക്കണമെന്നോ പൈസ തിരിച്ചേൽപിക്കണമെന്നോ പറഞ്ഞിട്ടുണ്ടായിരുന്നില്ല. പക്ഷേ, അത് അദ്ദേഹത്തിന് സമ്മതിക്കാനാകുമായിരുന്നില്ല. അദ്ദേഹം പറഞ്ഞു: 'ഞാൻ അത് ജമാഅത്തിന് എന്തായാലും തിരിച്ചേൽപിക്കേണ്ടതാണ്. ഞാൻ ജമാഅത്തിന് ഭാരമാകുകയില്ല.' അതുപോലെ സാധ്യമാകുമായിരുന്നെങ്കിൽ ഇതെല്ലം ഞാൻ ജമാഅത്തിന് സൗജന്യമായി ചെയ്യുമായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു. ജമാഅത്തിന് ഭാരമാകുകയോ ജമാഅത്തിൽനിന്ന് എന്തെങ്കിലും കാര്യം അപേക്ഷിക്കുകയോ ചെയ്യുന്നത് ത്വാലിഅ്ന് ഇഷ്ടമായിരുന്നില്ല. അവസാന സമയത്തും അദ്ദേഹത്തിന് ചിന്ത ഉണ്ടായിരുന്നത് ജമാഅത്തിന്റെ ഇത്ര വിലകൂടിയ സാധങ്ങൾ എടുത്താണ് താൻ ആഫ്രിക്കയിലേക്ക് പോകുന്നതതെന്നും ഇതെല്ലം താൻ എങ്ങനെ സംരക്ഷിക്കുമെന്നുമായിരുന്നു. അദ്ദേഹത്തിന് തന്നെ ക്കുറിച്ച് ഒരു ചിന്തയുമുണ്ടായിരുന്നില്ല.

വലിയ അതിഥി സൽക്കാരപ്രിയനായിരുന്നു. സ്വന്തം കുടുംബത്തെയും എന്റെ കുടുംബത്തെയും നല്ലവണ്ണം നോക്കിയിരുന്നു. ലളിതമായ വസ്ത്രധാരണമായിരുന്നു. എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട് അദ്ദഹത്തെ ചിലർ അഹങ്കാരി എന്നും വിടുവായൻ എന്നും തെറ്റിദ്ധരിച്ചിരുന്നോ എന്ന്. എന്നാൽ,അങ്ങനെ ആയിരുന്നില്ല. അദ്ദേഹം നല്ല ആത്മവിശ്വാസമുള്ള വ്യക്തിയായിരുന്നു. എല്ലാവരോടും സ്നേഹത്തോടെ സംസാരിച്ചിരുന്നു. അഹങ്കാരം അദ്ദേഹത്തിൽ തൊട്ടുതീണ്ടിയിരുന്നില്ല. ത്വാലിഅ് വളരെ ക്ഷമാ ശീലനായിരുന്നു. എല്ലാവരുടെയും ന്യൂനതകൾ മറച്ചു വെക്കുമായിരുന്നു. ഒരിക്കലും ആർക്കുമെതിരെ മനസ്സിൽ ഒന്നും വെച്ചു പുലർത്തിയിരുന്നില്ല.

അദ്ദേഹത്തിന്റെ പിതാവ് എഴുതുന്നു: അൽഹംദുലില്ലാഹ്. അല്ലാഹു തന്റെ മഹത്തായ അനുഗ്രഹത്താൽ ഞങ്ങളുടെ മകനെ ശഹാദത്തിന് തിരഞ്ഞെടുത്തിരിക്കുന്നു. ഞാൻ ഒരു സ്വപ്നം കണ്ടതിന്റെ അടിസ്ഥാനത്തിൽ എന്റെ 'ഭാര്യയെയും ത്വാലിഅ്നെയും മാനസ്സികമായി തയ്യാറാക്കാൻ തുടങ്ങി. ഞാൻ ആ സ്വപ്നം ത്വാലിഅ്നെ കേൾപ്പിച്ചപ്പോൾ അവൻ എന്നോട് ചോദിച്ചു: 'ശഹീദായി എന്ന സ്വപ്നം അങ്ങ് കണ്ടുവോ?' പിതാവ് പറയുന്നു. ഞാൻ അത്ഭുതപ്പെട്ടു പോയി. നിനക്കു എങ്ങനെ മനസ്സിലായെന്ന് ഞാൻ അവനോടു ചേദിച്ചു. അപ്പോൾ താനും അതേ സ്വപ്നം കണ്ടിട്ടുണ്ടെന്ന് അവൻ പറഞ്ഞു.' പിതാവ് പറയുന്നു: 'എന്റെ മകന് അല്ലാഹു ഒരു മകന് പിതാവിനോടുണ്ടാകേണ്ട സ്നേഹത്തിന്റേയും അടുപ്പത്തിന്റേയും നിശ്ചയിച്ച പരമാവധി അളവോളം അവന് എന്നോട് സ്നേഹം മുണ്ടായിരുന്നു. ഞാൻ കരുതുന്നത് അക്കാരണത്താൽ, തന്റെ പിതാവിന്റെ ശഹാദത്തിനുപകരം തനിക്ക് ശഹാദത്തിന്റെ പദവി നൽകേണമേ എന്ന് അവൻ ദുആ ചെയ്തു കാണും! ശഹാദത്ത് ലഭിക്കാൻ വേണ്ടി മാത്രമുള്ള ഒരു സ്ഥാനത്ത് അവനെത്തിയിട്ടുണ്ടായിരുന്നു. അതുകൊണ്ട് അല്ലാഹു അവനു ശഹാദത്ത് നൽകി. അവൻ മിഷണറി സാഹിബിനോടു വെടിയേറ്റശേഷം ഇപ്രകാരം പറഞ്ഞു: 'ഞാൻ ജീവിച്ചിരുന്നാലുംവേണ്ടില്ല ഇനി മരിച്ചാലും വേണ്ടില്ല ഞാൻ എന്റെ ദൗത്യം പൂർത്തിയാക്കിയിരിക്കുന്നു.'

പിതാവ് പറയുന്നു: ചെറുപ്പം മുതലേ അല്ലാഹു അവന്റെ ഹൃദയത്തിൽ, നീ മസീഹിന്റെ കുടുംബത്തിൽ ജനിച്ചിരിക്കുന്നതുകൊണ്ട് ആ ഉത്തരവാദിത്വം മനസ്സിലാക്കുകയും അത് പൂർത്തിയാക്കുകയും ചെയ്യണമെന്ന കാര്യം പ്രബലമാക്കിയിരുന്നു. അറിയുക! നിന്റെ ജീവിതം ഇനി നിന്റേതല്ല അത് എന്റേതാണ്. എന്റെ കല്പനകളനുസരിച്ച് മാത്രം നീ മുഴുവൻ ജീവിതവും ചെലവഴിക്കണം.' പറയുന്നു: 'ത്വാലിഅ് തന്റെ ജീവിതം കൊണ്ടും മരണംകൊണ്ടും ആ ഉത്തരവാദിത്വം യാഥാർഹം നിറവേറ്റിയെന്ന് മുദ്ര വെക്കുകയുണ്ടായി.' തുടർന്ന് പറയുന്നു: അവന്റെ ഹൃദയത്തിൽ അല്ലാഹു തന്നോടും തന്റെ പ്രിയ ജനങ്ങളോടുമുള്ള സ്നേഹം നിറച്ചു വെച്ചിരുന്നു. ചെറുപ്പം മുതൽക്കേ നബി(സ)ത്രിമേനിയുടെ പേരും സ്മരണയും നടത്തുമ്പോൾ ആ നിഷ്കളങ്കമായ അവന്റെ ചുണ്ടുകൾ വിറ കൊള്ളുകയും കണ്ണുകൾ നിറഞ്ഞൊഴുകയും ചെയ്യുമായിരുന്നു. ആ പരിശുദ്ധാത്മാവിൽ ഒരു തരത്തിലുള്ള തിന്മയുടെ അടയാളംപോലും ഉണ്ടായിരുന്നില്ല. ബാഹ്യവും ആന്തരികവുമായി സൗന്ദര്യവാനായിരുന്നു. അവനെ ആരുമായെങ്കിലും സാദൃശ്യപ്പെടുത്തണമെങ്കിൽ ഞാൻ ഹദ്റത്ത് യുസുഫുമായി ഉപമിക്കുന്നതാണ്. സ്വഭാവ പ്രകൃതത്തിലും അത് യൂസുഫിനെപോലെ ഉറച്ച വ്യക്തിത്വമായിരുന്നു. അതുപോലെ അവന്റെ ആത്മാവ് നബി(സ)തിരുമേനിയോടുള്ള അനുരക്തിയിൽ പതിനാലു നൂറ്റാണ്ടു മുമ്പേയുള്ള മക്കയുടെയും മദീനയുടെയും തെരുവോരങ്ങളിൽകൂടി കറങ്ങി നടക്കുമായിരുന്നു. അവന്റെ ശരീരം അടിമുടി സ്നേഹത്തിന്റെ മൂർത്തീമത്ഭാവമായിരുന്നു. അവന്റെ ഊടും പാവും അശനപാനീയങ്ങളും ശ്വാസനിശ്വാസങ്ങൾപോലും ഖലീഫത്തുൽ മസീഹിന് വേണ്ടിയായിരുന്നു.'

ത്വാലിയിന്റെ മാതാവ് അമത്തു ശക്കൂർ സാഹിബ എഴുതുന്നു: 'ഞാൻ വളരെ സൗഭാഗ്യവതിയാണ്. അല്ലാഹു എനിക്ക് ഒരു മഹത്തായ മകനെ നൽകിയിരിക്കുന്നു. ത്വാലിഅ്നോടൊപ്പമുള്ള എന്റെ 31 വർഷകാല ജീവിതം ഈ ലോകത്തുള്ള ഏറ്റവും വലിയ അനുഗ്രഹമായി ഞാൻ കണക്കാക്കുന്നു. അതു പോലെ അവർ ഏതോ ഒരു സ്ത്രീയുടെ സ്വപ്നത്തെ കുറിച്ച് വിവരിക്കുന്നു: 'ഒരു സ്ത്രീ ഇങ്ങനെ സ്വപ്നം കണ്ടു. ഒരു കുട്ടി തൊട്ടിലിലാണുള്ളത്. അവന്റെ കൈ തൊട്ടിലിന്റെ പുറത്തേക്ക് വരുന്നുണ്ടായിരുന്നു. അവർ പറയുന്നു: ആ കുട്ടി അസ്സലാമു അലയ്ക്കും എന്ന് പറയുന്നതായി ഞാൻ കേട്ടു. അവന്റെ പക്കൽ ഒരു നീല നിറത്തിലുള്ള കാർഡുണ്ടായിരുന്നു. അതിൽ അറബിയിൽ 'അല്ലാഹു' എന്നെഴുതിയിട്ടുണ്ടായിരുന്നു. അതിനോടൊപ്പം ഇംഗ്ലീഷിൽ God എന്നും എഴുതിയിരുന്നു. അവർ പറയുമായിരുന്നു, നീല നിറം കൊണ്ടുള്ള ഉദ്ദേശ്യം ആൺ കുട്ടിയാണ്.' ഇത് ത്വാലിഅ്ന്റെ ജനനത്തിനു മുമ്പേ ഒരു സ്ത്രീ സ്വപ്നം കണ്ടത് അവരോട് പറഞ്ഞതാണ്. നിങ്ങളുടെ വീട്ടിൽ ഒരു ആൺകുട്ടി പിറക്കുന്നതാണെന്നും അവൻ പോകുന്നിടത്തെല്ലാം ശാന്തിയും സമാധാനവും പരത്തുന്നതാണെന്നും അവർ പറയുകയുണ്ടായി!

'എന്തായാലും അല്ലാഹു എനിക്ക് ഒരു സുന്ദരനും കോമളനുമായ മകനെ പ്രദാനം ചെയ്തു. മാതാവ് പറയുന്നു:പതിനഞ്ചാമത്തെ വയസ്സിൽ അതായത് 2005ൽ ഞങ്ങളിരുവരും ഒരുമിച്ച് വസ്വിയ്യത്ത് ചെയ്തു. ദീനീ കാര്യത്തിലും അവന് നല്ല പരിജ്ഞാനമുണ്ടായിരുന്നു.' മാതാവ് പറയുന്നു: 'മൂന്ന് വയസ്സ് പ്രായത്തിൽ ഖുർആനിന്റെ ചില സൂറത്തുകൾ അവൻ മനഃപാഠമാക്കിയിരുന്നു. ഞാൻ എന്റെ മാതാവിനോട് അക്കാര്യം പറഞ്ഞപ്പോൾ അവർ അത്ഭുതപരതന്ത്രയായി. തുടർന്ന് പറയുന്നു: എനിക്കോർമയുണ്ട് മൂന്ന് വയസ്സ് പ്രായത്തിൽ അവനോട് ഞാൻ തബ്‌ലീഗ് കാര്യങ്ങൾ പങ്കു വെക്കുമായിരുന്നു. അപ്പോൾ അവൻ എന്നോട് വളരെ ഗൗരവത്തോടെ അതിനെക്കുറിച്ച് സംസാരിക്കുമായിരുന്നു. പഠനത്തിലും വളരെ മുന്നിലായിരുന്നു. നല്ല മാർക്കു വാങ്ങിക്കുമായിരുന്നു. ഡോക്ടർ ആക്കണം എന്നായിരുന്നു എന്റെ ആഗ്രഹം. എന്നാൽ, അല്ലാഹുവിന്റെ പദ്ധതി വേറെയായിരുന്നു. ബയോ മെഡിക്കൽ സയൻസിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയതിനുശേഷം അല്ലാഹു അവന് ജേർണലിസത്തിൽ ബിരുദാനന്തര ബിരുദം എടുക്കാനുള്ള തൗഫീഖ് നൽകി. പറയുന്നു: എന്റെ മകന്റെ മരണത്തിനുശഷമാണ് അങ്ങയോടു അവനെത്രമാത്രം സ്നേഹമായിരുന്നുവെന്ന കാര്യം മുമ്പേയുള്ളതിനെക്കാളുപരി എനിക്ക് അനുഭവപ്പെട്ടത്. പറയുന്നു: അങ്ങ് MTA ക്കുവേണ്ടി ചരിത്ര ഡോക്യുമെന്ററികൾ നിർമിക്കാനുള്ള ജോലി ഏൽപിച്ചപ്പോൾ ശിറലുലിറലിേ ആയി ജോലി പൂർത്തിയാക്കാൻ അങ്ങ് അവനു അനുവാദം നൽകിയിരുന്നു. അക്കാരണത്താൽ അവൻ വളരെയധികം പ്രചോദിതനായിരുന്നു. 8 പ്രോഗ്രാമുകളെ കുറിച്ചുള്ള ഒരു പ്ലാൻ 2019ൽ അവൻ അവൾക്ക് ഈമെയിലായി അയച്ചു കൊടുത്തിരുന്നുവെന്ന് അവന്റെ 'ഭാര്യ സത്വ്വത്ത് എന്നോട് പറഞ്ഞിരുന്നു. അതിന്റെ കൂടെ 'തനിക്കെന്തെങ്കിലും സംഭവിക്കുകയാണെങ്കിൽ ഈ പ്രോഗ്രാമുകൾ പൂർത്തിയാക്കുവാൻ ബന്ധപ്പെട്ടവരെ ഏല്പിക്കേണ്ടതാണെന്നും എഴുതിയിരുന്നു.' ത്വാലിയിന്റെ സഹോദരി നദ്റത്ത് പറയുന്നു: 'ത്വാലിഅ്നോടൊപ്പം കഴിഞ്ഞതുകൊണ്ട് അവന് ജമാഅത്തിന്റെ ജോലികളോടുള്ള പ്രതിപത്തി എനിക്ക് മനസ്സിലാവുകയുണ്ടായി. ദീനീ സേവനത്തിൽ വ്യാപൃതനായിരുന്നതിനാൽ മിക്കവാറും വീട്ടിൽ വൈകിയായിരുന്നു വന്നിരുന്നത്. ഞാൻ ഇവിടെ ഡിശ്ല്യശ്യ േയിൽ പഠിക്കാൻ വന്നപ്പോൾ അവന്റെകൂടെയായിരുന്നു താമസിച്ചിരുന്നത്.' അവർ പറയുന്നു: 'ചിലപ്പോൾ രാത്രി പത്തുമണിക്കുശേഷമോ അർധരാത്രി കഴിഞ്ഞോ വീട്ടിൽ വരികയും 'ഭക്ഷണം കഴിച്ച് വീണ്ടും ജോലിയിൽ വ്യാപൃതനാകുകയും ചെയ്യുമായിരുന്നു. അവധി ദിവസവും സത്യത്തിൽ ജമാഅത്തിന്റെ ജോലി തീർക്കുന്നതിനുമുമ്പേ അവന് അവധിയുണ്ടായിരുന്നില്ല. എപ്പോഴും വളരെ ആവേശത്തോടും ഉത്സാഹത്തോടും ജമാഅത്തിന്റെ ജോലിയിൽ മുഴുകിയിരുന്നു. ഒഴിവ് സമയങ്ങളിൽ മിക്കവാറും ഡോക്യൂമെന്ററി വീഡിയോകളും കാണുമായിരുന്നു. ഞാൻ ഒരാളെയും ഒരിക്കലും ഇങ്ങനെ ഒരു പ്രോഗ്രാമും ഇത്രത്തോളം ശ്രദ്ധയോടെ കാണുന്നതായും വിലയിരുത്തുന്നതായും കണ്ടിട്ടില്ല. വായന എന്ന പോലെയായിരുന്നു അത്. ചോദിച്ചാൽ പറയുമായിരുന്നു, തന്റെ ഫീൽഡിൽ ഉന്നത വിജയം കരസ്ഥമാക്കാൻ ഒരുപാട് ഡോകുമെന്ററി ഫിലിമുകളും വീഡിയോകളും പാരായണ വിധേയമാക്കേണ്ടതുണ്ട്. ജമാഅത്തിനുവേണ്ടി Contentകൾ തയ്യാറാക്കി ഉയർന്ന നിലവാരത്തിലുള്ള

മികച്ച ചരിത്ര ഡോക്യുമെന്ററികൾ രൂപകൽപന നല്കാൻ അവന് നല്ല പ്രാവീണ്യമായിരുന്നു.

അവന്റെ ദീനീ പരിജ്ഞാനവും വളരെ വിശാലമായിരുന്നു. ഇസ്‌ലാമിക അധ്യാപനങ്ങളെ കുറിച്ച് വളരെ സൂക്ഷ്മമായ എന്തെങ്കിലും കാര്യം എന്റെ മനസ്സിൽ വന്നാൽ എനിക്കു പെട്ടെന്നുതന്നെ അതിനെക്കു റിച്ച് അവനോട് ചോദിയ്ക്കാനായിരുന്നു താൽപര്യമുണ്ടായിരുന്നത്. അതുപോലെ ഹദീഥുകളുടെയും പരന്ന വായന ഉണ്ടായിരുന്നു. ചിലപ്പോഴൊക്കെ പലർക്കും സുപരിചിതമല്ലാത്ത ചില ഹദീഥുകൾ അവൻ അവതരിപ്പിക്കുകയും അതിന്റെ റഫറൻസ് പറഞ്ഞു തരുകയും ചെയ്തിരുന്നു. വിവിധ വിഷയങ്ങളിൽ ഖുർആനിക സൂക്തങ്ങളുടെ റഫറൻസ് നൽകുമായിരുന്നു. എല്ലാതരും ചർച്ചയിലും സംസാരിക്കുമായിരുന്നു. സംവാദത്തിന്നിടയിൽ വളരെ വിശ്വാസ ദാർഢ്യത്തോടെ തന്റെ പോയിൻറുകൾ അവതരിപ്പിക്കുമായിരുന്നു. മറ്റുള്ളവർക്ക് അത് അംഗീകരിക്കാതെ നിർവ്വാഹമുണ്ടായിരുന്നില്ല. അറബി ഭാഷയിലും നല്ല വായനയുണ്ടായിരുന്നു. അതിലും നല്ല പ്രാവീണ്യം നേടാൻ ശ്രമിച്ചിരുന്നു. അതിന്റെ ഗ്രാമറും അവന് അറിയാമായിരുന്നു. കാരണം അല്ലാഹുവിന്റെ കലാമിനെ അതിന്റെ മൂലഭാഷയിൽ മനസ്സിലാക്കുവാൻ അവൻ ആഗ്രഹിച്ചിരുന്നു. ഞാൻ അവനോട് ചോദിച്ചു, അറബി ഭാഷയിൽ ഇത്ര ആഴത്തിൽ വായന എങ്ങനെയാണ് സാധ്യമായത്? അപ്പോൾ അവൻ എനിക്ക് വിവിധ പോയിൻറുകൾ അടങ്ങിയ ഒരു സമ്പൂർണ പട്ടിക അയച്ചു തന്നു. എന്നിട്ട് എനിക്കു വേണ്ടുന്ന നിർദേശങ്ങളും നൽകി. ആ പട്ടികയിൽ 26 അധ്യായങ്ങളും ഒരുപാട് പോയിന്റുകളും വ്യത്യസ്ത വാക്യ ഘടനകളുമുണ്ടായിരുന്നു. എല്ലാതരം ബുദ്ധി വൈഭവവും ത്വാലിഅ് അല്ലാഹുവിന്റെ സാമീപ്യം നേടാനും ജമാഅത്തിന് സേവനം ചെയ്യാനുംവേണ്ടി ഉപയോഗിക്കുകയുണ്ടായി.' സഹോദരി പറയുന്നു: 'എന്നോട് ത്വാലിഅ് രണ്ടു സ്വപ്നങ്ങൾ നേരിട്ട് പറയുകയുണ്ടായി. അവ അവന്റെ ശഹാദത്തിലേക്ക് വിരൽ ചൂണ്ടുന്നവയായിരുന്നു. ഒരു സ്വപ്നം തന്റെ മകൻ ത്വലാലിനെ കുറിച്ച് സംസാരിക്കവെ ഇപ്രകാരം പറഞ്ഞു: ത്വലാലിന് തന്റെ മാതാപിതാക്കളിൽ ഒരാളുടെ മരണത്തെ കുറിച്ച് വളരെയധികം 'ഭയമുണ്ടായിരുന്നു. കാരണം അവനു ഖാദിർ സാഹിബിന്റെ ശഹാദത്തിനെ കുറിച്ച് അറിയുമായിരുന്നു. ഈ കാര്യം സ്മരിക്കുമ്പോൾ ത്വാലിഅ് വളരെ സീരിയസാകുകയും തന്റെ ശബ്ദം പതുക്കെ ആക്കുകയും ചെയ്തു.' പറയുന്നു: ഈ സ്വപ്നത്തിന്റെ വിശദാംശങ്ങൾ എന്റെ ഓർമയിൽ പൂർണ്ണമായും വ്യക്തമല്ല. എന്നാൽ, അതിന്റെ ഉള്ളടക്കം ഇപ്രകാരമാണ്. ത്വാലിഅ് പറയുന്നു: തനിക്ക് തന്റെ 'ഭാര്യാപിതാവിനോടു നടന്നതു പോലെയുള്ള സംഭവത്തെ കുറിച്ച് വാദമൊന്നുമില്ലെങ്കിലും താൻ അങ്ങനെയൊരു സ്വപ്നം കണ്ടു. അതിന് സമാനമായ എന്തോ സംഭവിക്കുന്നതായി അതിൽ പരാമർശമുണ്ടായിരുന്നു. സ്വപ്നത്തിൽ കാണുകയുണ്ടായി, ത്വാലിഅ് ഖുദ്ദാമുൽ അഹ്‌മദിയായുടെ വസ്ത്രം ധരിച്ച് പതാകയുമേന്തി സ്വർഗത്തിൽ പ്രവേശിക്കുന്നു. അവിടെയുള്ളവർ എല്ലാവരും അവനെ തന്റെ'ഭാര്യാപിതാവിന്റെ പേരെടുത്ത് വിളിക്കുന്നുണ്ട്: മിർസാ ഗുലാം ഖാദിർ വന്നിരിക്കുന്നു!

ത്വാലിഅ്ന്റെ രണ്ടാമത്തെ സ്വപ്നം ഒരു സന്ദേശത്തിന്റെ രൂപത്തിൽ എന്റെ പക്കൽ സുരക്ഷിതമാണ്. ഞാൻ ഗർഭിണിയായിരുന്നപ്പോൾ രോഗബാധിതയായി. എന്റെ സ്ഥിതി വളരെ മോശമായിക്കൊണ്ടിരുന്നു. ഒരുപാടു തവണ എന്നെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അപ്പോഴൊക്കെ എന്നെ അടിക്കടി ഫോൺ ചെയ്ത് അവൻ എന്റെ അവസ്ഥ തിരക്കുകയും എന്നെ സമാധാനിപ്പിക്കുകയും ചെയ്തിരുന്നു. ആ സമയത്ത് അവൻ തന്റെ ഒരു സ്വപ്നത്തെ കുറിച്ച് പറയുകയാണ്. പറഞ്ഞു: എന്റെ സഹോദരിമാർ എന്റെ മരണശേഷവും ജീവിച്ചിരിക്കുന്നതായിരിക്കും. പറഞ്ഞു: ഞാൻ കുറച്ച് വർഷം മുമ്പേ ഒരു സ്വപ്നം കണ്ടു. ഞാൻ സ്വർഗത്തിൽ പ്രവേശിക്കുകയാണ്. അവിടെ എന്റെ ബന്ധുക്കൾ എന്നെ സ്വീകരിക്കാനായി ഒരു വിരുന്നൊരുക്കിയിരിക്കുന്നു. ഞാൻ മരണപ്പെട്ടതിനുശേഷം വളരെയധികം ചിന്താധീനനായിരുന്നു. അതായത് എന്റെ ഇളയ സഹോദരിമാർ എന്നെക്കാൾ മുമ്പേ മരിക്കരുതെന്ന് ഞാൻ ആഗ്രഹിച്ചിരുന്നു. അതുകൊണ്ട് ഞാൻ അങ്ങുമിങ്ങും നോക്കി. എന്നാൽ, ആരെയും എനിക്ക് അവിടെ കാണാൻ സാധിച്ചില്ല. പറയുന്നു: ഈ സ്വപ്നം സത്യമാണെങ്കിൽ നീ 'ഭയപ്പെടേണ്ട.' സഹോദരി പറയുന്നു: ഹോസ്പിറ്റലിൽ പോകുമ്പോഴൊക്കെ ഡോക്ടർ എന്റെ അവസ്ഥ വളരെ ഗുരുതരമാണെന്ന് പറയുമായിരുന്നു. എന്നാൽ, എന്നോട് 'ഭയപ്പെടേണ്ട' എന്നവൻ പറയുമായിരുന്നു. എന്റെ സ്വപ്നം സത്യമാണെങ്കിൽ നീ സുഖം പ്രാപിക്കുന്നതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാം ശരിയാവുകയും ചെയ്തു. സഹോദരി പറയുന്നു: എനിക്ക് ത്വാലിഅ്ന്റെ ബുദ്ധി കൂർമതയിൽ അഭിമാനമുണ്ടായിരുന്നു. അവന്റെ ഖിലാഫത്തിനോടുള്ള സ്നേഹവും അസാധാരണമായിരുന്നു.'

ത്വാലിയിന്റെ ഇളയ സഹോദരി പറയുന്നു: 'ത്വാലിഅ് ഒരു നല്ല റോൾ മോഡലായിരുന്നു. എനിക്ക് ത്വാലിയിൽനിന്ന് ഒരുപാട് കാര്യങ്ങൾ പഠിക്കാൻ അവസരം ലഭിച്ചു. എനിക്ക് പതിമൂന്നു പതിനാലു വയസ്സുള്ളപ്പോൾ ത്വാലിഅ് വീട്ടിൽ തനിക്കിഷ്ടപെട്ട സൂറത്ത് ചൊല്ലിത്തരാമെന്ന് പറഞ്ഞു. എന്നിട്ട് സൂറ യൂസുഫ് ചൊല്ലിക്കേൾപ്പിച്ചു. അത് വളരെ നല്ല ഉച്ചാരണശുദ്ധിയോടും സ്വരമധുരിമയോടുമാണ് അവൻ കേൾപ്പിച്ചത്. ഖലീഫത്തുൽ മസീഹ് റാബിഅ്(റ)ന്റെ ദർസുൽ ഖുർആൻ ഞാൻ കേൾക്കാറുണ്ടെന്ന് പറയുമായിരുന്നു. ഓഫീസിൽ പോകുമ്പോഴും വരുമ്പോഴും ആ ദർസുകൾ കേട്ട് കൊണ്ടിരുന്നു. അവർ പറയുന്നു: ഞാനൊരിക്കൽ ഒരു തമാശ കേൾപ്പിച്ചു. അത് ക്രിസ്ത്യാനികളെ മതത്തിന്റെ പേരിൽ കളിയാക്കുന്ന തമാശ ആയിരുന്നു. അപ്പോൾ ത്വാലിയ് എന്നോട് പറഞ്ഞു: 'നമ്മൾ ഒരു മതത്തെയും പരിഹസിക്കരുത്. അങ്ങനെയായാൽ മറ്റുള്ളവർ നമുക്കെതിരിലും സംസാരിക്കുന്നതായിരിക്കും.'

കേന്ദ്ര Press Secretaryയും ത്വാലിഅ്ന്റെ അമ്മാവനുമായ ആബിദ് വഹീദ് സാഹിബ് പറയുന്നു: 'ത്വാലിഉമായി എനിക്ക് പ്രത്യേക ബന്ധമായിരുന്നു. വെറും ബന്ധമായിരുന്നില്ല അത്. ഒരുപാട് ബന്ധങ്ങൾ അടങ്ങിയ ഒരു ബന്ധമായിരുന്നു അത്. ഞാൻ അദ്ദേഹത്തിന്റെ അമ്മാവനാണെങ്കിൽ കൂടി വലിയ പ്രായ വ്യത്യാസം ഞങ്ങൾ തമ്മിൽ ഉണ്ടായിരുന്നില്ല. എനിക്ക് അവൻ ഒരു ചെറിയ സഹോദരനും സുഹൃത്തുമാ യിരുന്നു. ഞങ്ങൾ തമ്മിലുള പ്രായവ്യത്യാസം ഏഴു വയസായിരുന്നു. ഞാൻ ത്വാലിയിൽ കണ്ടറിഞ്ഞ ഒരു ഗുണം എന്തെന്നാൽ, അവന് ഹദറത്ത് മസീഹ് മൗഊദ്(അ)ന്റെ കുടുംബത്തോട് ഉണ്ടായിരുന്നത് അഗാധമായ സ്നേഹമായിരുന്നു. എന്നാൽ, കുടുംബാംഗങ്ങളിലാരെങ്കിലും തെറ്റായ പ്രവൃത്തി ചെയ്താൽ വളരെയധികം ദുഃഖിക്കുകയും സങ്കടപ്പെടുകയും ചെയ്യുമായിരുന്നു. കാരണം അത് ഹദ്റത്ത് മസീഹ് മൗഊദി(അ)നും കാലത്തിന്റെ ഖലീഫയ്ക്കും പേരുദോഷമുണ്ടാക്കുന്ന കാര്യമാണ്. സ്നേഹമുണ്ടായിരുന്നു. പക്ഷേ, അന്ധമായ സ്നേഹമായിരുന്നില്ല. പിന്നെ ദുഃഖവും വേദനയുമുണ്ടാകുമായിരുന്നു. ഏതെങ്കിലും കുടുംബാംഗം അത്തരം പ്രവൃത്തി ചെയ്തുകൊണ്ട് മസീഹ് മൗഊദിന്റെ പേരിനും കുടുംബത്തിന്റെ പേരിനും കാലത്തിന്റെ ഖലീഫയുടെ പേരിനും ചീത്തപ്പേരുണ്ടാക്കുന്നത് സഹിക്കുമായിരുന്നില്ല. അദ്ദേഹം പറയുന്നു: അധികവും ഇത്തരം കാര്യങ്ങളായിരുന്നു ഞാനുമായി സംസാരിച്ചിരുന്നത്. അവന്റെ ശബ്ദത്തിൽ എപ്പോഴും ദുഃഖം പ്രകടമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കുടുംബാംഗമെന്ന നിലയിൽ ഒരു ഭാഗത്ത് അവന് അഭിമാനമുണ്ടായിരുന്നു. പക്ഷേ, ഈ ബഹുമതി മറ്റുളളവരുടെ മുമ്പിൽ വിളംബരം ചെയ്തു നടക്കുന്നതോ അതിൽനിന്ന് അനുവദനീയമല്ലാത്ത ഫലമെടുക്കുന്ന തരത്തിൽ പരിശ്രമിക്കുന്നതോ ആയിരുന്നില്ല. ഇതുക്രൊണ്ട് ധാരാളമാളുകൾക്ക് അവനെ അറിയുകതന്നെയില്ല. അദ്ദേഹം പറയുന്നു: എം.ടി.എ ന്യൂസിൽ ജോലിചെയ്തുവരുന്നതിന് കുറച്ചു മാസങ്ങൾക്കുശേഷം ത്വാലിഅ് എന്റെയടുത്തുവന്നു. പറഞ്ഞു:എം.ടി.എ ന്യൂസ്, എം.ടി.എ യിൽ വളരെ നിസാര സെക്ഷനായി മനസ്സിലാക്കപ്പെടുന്നു. എം.ടി.എയിൽ ആളുകൾ പരസ്യമായോ അല്ലെങ്കിൽ തങ്ങളുടെ പണം മുഖേനയോ എം.ടി.എ ന്യൂസ് എം.ടി.എയുടെ ഏറ്റവും ബലഹീനമായ വകുപ്പാണെന്ന് പ്രകടിപ്പിക്കുന്നു. പക്ഷേ, ത്വാലിഅ് ഈ ബലഹീനതയെ തന്റെ ദൗത്യമായി ഏറ്റെടുത്തു. പൂർണവിശ്വസ്തതയോടെ പറയുമായിരുന്നു, ഇൻശാഅല്ലാഹ് ജോലി പൂർത്തിയായി കഴിയുമ്പോൾ ആളുകൾ എം.ടി.എ ന്യൂസ് വളരെ താൽപര്യത്തോടെ നോക്കിക്കാണുന്നതായിരിക്കും. എം.ടി.എയിലെ ഏറ്റവും നല്ല പരിപാടി എം.ടി.എ ന്യൂസാണെന്ന് പറയുന്നതായിരിക്കും. ഇതെന്റെ ചാലഞ്ചാണ്! ഞാൻ അത് സ്വീകരിച്ചിരിക്കുന്നു.' അതിനുശേഷം ത്വാലിഅ് കുറച്ച് ഡോക്യുമെന്ററികൾ നിർമിക്കുകയും വീണ്ടും മറ്റു പരിപാടികൾ തുടങ്ങുകയും ചെയ്തു. ഡോക്യുമെന്ററികൾ നിർമിക്കുന്നതിന്നിടയിൽ ത്വാലിഅ് 18, 19 മണിക്കൂർ ജോലി ചെയ്യുന്നത് ഞാൻ കണ്ടു.

ആബിദ് വഹീദ് സാഹിബ് പറയുന്നു: 'ന്യൂസ് വിഭാഗത്തോടു നുസ്‌റത്ത് ജഹാൻ സ്കീമിനെ കുറിച്ച് ആഫ്രിക്കയിൽപോയി ഒരു ഡോക്യുമെന്ററി തയ്യാറാക്കാൻ ഞാൻ നിർദേശിച്ചിരുന്നു. അതിന്റെ പശ്ചാത്തലത്തിൽത്തന്നെയായിരുന്നു ഇപ്പോൾ ആഫ്രിക്കൻ പര്യടനത്തിനു പോയത്. അടിസ്ഥാനപരമായ കാരണം അതുതന്നെയായിരുന്നു. പരിപാടി അനുസരിച്ച് ആദ്യം ഘാനയിൽ പോകണമായിരുന്നു; പിന്നീട് സിയറലോണിലും ഗാംബിയായിലും. നുസ്‌റത്ത് ജഹാനെ അടിസ്ഥാനമാക്കി ഡോക്യുമെന്ററി നിർമിക്കാനും തയ്യാറെടുത്തുകൊണ്ടാണ് പോയത്. ആഫ്രിക്കയിൽ പോകുന്നതിനുമുമ്പേ ത്വാലിഅ് എല്ലാ ഏർപാടോടുംകൂടി കാര്യങ്ങളെല്ലാം തയ്യാറാക്കിയിരുന്നു. വിശദമായ യാത്രാ വിവരണം തയ്യാറാക്കി. സമയം പാഴായിപ്പോകാതിരിക്കാൻ പൂർണമായ ഷഡ്യൂൽ ഉണ്ടാക്കുകയും നിത്യേനയുളള പ്രോഗ്രാം തയ്യാറാക്കുകയും ചെയ്തു. ത്വാലിഅ് യഥാർഥത്തിൽ വളരെ ഗൗരവത്തോടുകൂടിതന്നെയാണ് ഈ തയ്യാറെടുപ്പുകളെല്ലാം നടത്തിയത്. പറയുന്നു: മിക്കപ്പോഴും ത്വാലിഅ്ന്റെ അഭിപ്രത്തിലും എന്റെ അഭിപ്രായത്തിലും വൈരുദ്ധ്യമുണ്ടാകാറുണ്ടായിരുന്നു. ഞാൻ അവനുമായ ചർച്ച ആരംഭിക്കുമ്പോൾ കുറച്ചു മിനിറ്റുകൾക്കുശേഷം പരാജയം സമ്മതിക്കുമായിരുന്നു. കാരണം അവൻ പറയുന്നതിൽ ഞാൻ വിശ്വസിക്കാത്തിടത്തോളം വാദിച്ചുകൊണ്ടിരിക്കുമെന്നും തെളിവുകൾ നല്കിക്കൊണ്ടിരിക്കുമെന്നും എനിക്കറിയാമായിരുന്നു. എങ്കിലും പറയുന്നു, ഒരു കാര്യം ഞാൻ അദ്ദേഹത്തിൽ കണ്ടു, കാലത്തിന്റെ ഖലീഫയുടെ അഭിപ്രായം ഇതാണെന്ന് പറഞ്ഞാൽ അപ്പോൾ അദ്ദേഹം പറയുമായിരുന്നു, ഹുദൂറിന്റെ അഭിപ്രായം എന്റെ അഭിപ്രായത്തിന് അല്പംപോലും വ്യത്യാസമുള്ളതാണെങ്കിൽ ഞാൻ തെറ്റിലാണെന്ന് മനസ്സിലാക്കി പൂർണമനസ്സോടെ അതു സ്വീകരിക്കുന്നതായിരിക്കും.

ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ്(റ)നെ കുറിച്ചുളള ഡോക്യുമെന്ററി നിർമിക്കുകയായിരുന്നു. ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബിന്റെ പ്രപൗത്രിയായ ത്വാലിഅ്ന്റെ കസിൻ അവനോടു പറഞ്ഞു: അബ്ബാജാനെ കുറിച്ചുളള ഡോക്യുമെന്ററി വളരെ നല്ല രീതിയിൽ നിർമിക്കണം. നിത്യേന നിർമിക്കാനാകുകയില്ലല്ലോ!' അപ്പോൾ ത്വാലിഅ് പറഞ്ഞു: അത്ര നല്ലതാകുമെന്ന് ഞാൻ കരുതുന്നില്ല. കാരണം അതു നേരിട്ട് ഖലീഫയെ കുറിച്ചുളളതല്ല. പക്ഷേ, ജനങ്ങൾ ഇഷ്ടപ്പെടാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.' ഇതായിരുന്നു ഖിലാഫത്തിനോടുളള ത്വാലിഅ്ന്റെ ബന്ധം!

മിർസാ ത്വൽഹ അഹ്‌മദും എഴുതിയിരിക്കുന്നു, 'ചൗദ്‌രി സഫ്റുല്ലാഹ് ഖാൻ സാഹിബിനെക്കുറിച്ചും ഒരു ഡോക്യുമെന്ററി നിർമിക്കാൻ പദ്ധതിയിടുകയായിരുന്നു. അതിനുവേണ്ടി ത്വാലിഅ് എനിക്കും കുറച്ചു ജോലി തന്നിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ നല്ല ഡോക്യുമെന്ററികൾ നിർമിക്കാറുണ്ടായിരുന്നു. ത്വാലിഅ്ന് സ്ക്രിപ്റ്റ് എഴുതുന്നതിലും story telling ലും നല്ല കഴിവുണ്ടായിരുന്നു.'

Adam Walker സാഹിബ് എഴുതുന്നു:(ആദംവാക്കർ സാഹിബ്തന്നെയാണെന്ന് തോന്നുന്നു)ത്വാലിഅ്നെ എനിക്ക് കുട്ടിക്കാലംമുതലെ അറിയാം. ഞങ്ങൾ ഒരുമിച്ച് ഖുദ്ദാമുൽ അഹ്‌മദിയ്യായിലും പിന്നീട് മർക്കസി പ്രസ്സ് ഓഫീസിലും എം.ടി.എയിലും ജോലി ചെയ്തിട്ടുണ്ട്.

ശേഷം പേജ് 16 ൽ

പേജ് 5 ൽ നിന്ന്

രുടെ ഉടമസ്ഥതയിലില്ല; നിങ്ങളെ ങ്ങനെയാണ് പ്രവർത്തിക്കുന്നത് എന്നറിയാൻ വേണ്ടി! നോക്കൂ! അല്ലാഹു നിങ്ങളെ അവരുടെ ഭൂമിയുടെയും വീടുകളുടെയും സ്വത്തിന്റെയും സന്താനങ്ങളുടെയും അവകാശികളാക്കിയിരിക്കുന്നു. ഇക്കാര്യം നല്ലപോല മനസ്സിലാക്കിക്കൊള്ളുക, നിങ്ങളെപോലെ ഒരു പാട് ജനതകൾ സൈനിക ശക്തിയുടെ ഉടമകളായിരുന്നു. അതായത് ഹദ്റത്ത് ഉമർ (റ)പറയുകയാണ്, മുസ്‌ലിമീങ്ങളെ ഉപദേശിക്കുകയാണ്! നല്ലവണ്ണം മനസ്സിലാക്കിക്കൊള്ളുക. നിങ്ങളെപ്പോലെ പല സമൂഹങ്ങളും സൈനിക ശക്തിയുള്ളവരായിരുന്നു. കഴിഞ്ഞ കാലങ്ങളിൽ പല സംസ്കാര സമ്പന്നരായ സമൂഹങ്ങളും വിദൂരമായ രാജ്യങ്ങളെപോലും കീഴടക്കിയിരുന്നു. അല്ലാഹു തന്റെ കല്പനയെ പ്രാവർത്തികമാക്കുന്നവനാണ്, തന്റെ വാഗ്ദാനവും പൂർത്തിയാക്കുന്നവനാണ്. അവൻ ഒരു സമൂഹത്തിനുശേഷം മറ്റൊരു സമൂഹത്തെ ഉയർത്തി ക്കൊണ്ട് വരുന്നവനാണ്. നിങ്ങൾ അവന്റെ കല്പനകൾ പ്രാവർത്തികമാക്കുന്നതിനുവേണ്ടി, നിങ്ങൾക്കു വേണ്ടി അവന്റെ ഉടമ്പടിയും വാഗ്ദാനവും പൂർത്തിയാക്കുന്ന വ്യക്തിയെ പിന്തുടരുക. നിങ്ങളുടെ അവസ്ഥയിൽ മാറ്റം വരുത്തരുത്. അങ്ങനെ ചെയ്താൽ അല്ലാഹു നിങ്ങൾക്കുപകരം വേറെ ആളുകളെ കൊണ്ടുവരുന്നതായിരിക്കും. നിങ്ങളുടെ അവസ്ഥ നിങ്ങൾ മാറ്റുകയാണെങ്കിൽ, നിങ്ങൾ നിങ്ങളുടെ ദീനിനെ മറക്കുകയാണെങ്കിൽ അതിന്റെ അധ്യാപനങ്ങളനുസരിച്ച് പ്രവൃത്തിക്കുന്നില്ലെങ്കിൽ അല്ലാഹു വേറെ ആളുകളെ കൊണ്ടുവരുന്നതായിരിക്കും. വീണ്ടും പറഞ്ഞു: 'എനിക്ക് ഈ സമയത്ത് മുസ്‌ലിം ഉമ്മത്തിന്റെ നാശത്തിനും തകർച്ചക്കും നിങ്ങൾ തന്നെ കാരണമാകുമോ എന്ന ഭയമാണുള്ളത്. ശത്രുക്കൾ മുസ്‌ലിം സമുദായത്തെ നശിപ്പിക്കുമെന്ന ഭയം എനിക്കില്ല മറിച്ച് മുസ്‌ലിം ഉമ്മത്തിന്റെ നാശത്തിനും തകർച്ചക്കും മുസ്‌ലിമീങ്ങൾ തന്നെ കാരണമാകുമെന്ന ആശങ്കയും ഭയവുമാണ് എനിക്കുള്ളത്. *(താരീഖു അത്ത്വബ്‌രി, വാല്യം 2, പേജ് 549, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012) (താരീഖ് ത്വബ്‌രീ മുത്തർജിം, വാല്യം 3, ഭാഗം 1, പേജ് 190, ദാറുൽഇശാഅത്ത് കറാച്ചി 2003)*

ഇക്കാര്യം ഇന്ന് പുലരുന്നതായിട്ടാണ് നമ്മൾ കാണുന്നത്. മുസ്‌ലിമീങ്ങൾ തന്നെയാണ് മുസ്‌ലിമീങ്ങളുടെ കഴുത്തറക്കുന്നതും, പരസ്പരം ആക്രമിക്കുന്നതും. ഒരു രാജ്യം മറ്റൊരു രാജ്യത്തെ ആക്രമിക്കുകയും ചെയ്യുന്നു. ഇത് ജിഹാദാണെന്നൊക്കെയാണ് അവർ പറയുന്നത്. എന്നാൽ, മുസ്‌ലിമീങ്ങൾ തന്നെ മുസ്‌ലിമീങ്ങളെ കൊല്ലുന്നുവെന്നതാണ് വസ്തുത!

ഇസ്ത്വഖർ വിജയം: ഇസ്ത്വഖർ പേർഷ്യയുടെ കേന്ദ്ര നഗരമായിരുന്നു. ഇത് സാസാനി രാജാക്കന്മാരുടെ പുരാതനവും പരിശുദ്ധവുമായ സ്ഥലമായിരുന്നു. ഇവിടെയാണ് അവരുടെ വളരെ പുരാതനമായ അഗ്നിക്ഷേത്രമുണ്ടായിരുന്നത്. ഇറാനിയൻ രാജാക്കന്മാർ സ്വയമാണ് അതിന് മേൽനോട്ടം വഹിച്ചിരുന്നത്. ഹദ്റത്ത് ഉഥ്മാൻ ബിൻ അബുൽ ആസ് ഇസ്ത്വഖറിനെ ലക്ഷ്യം വെച്ച് യുദ്ധപ്പുറപ്പാട് നടത്തി. ഇസ്ത്വഖറിനോട് ചേർന്നുള്ള ജൗർ എന്ന സ്ഥലത്തു ഇസ്ത്വഖർകാരുമായി ഏറ്റുമുട്ടൽ നടന്നു. ഇവിടെവെച്ച് മുസ്‌ലിമീങ്ങളുമായി ഘോര യുദ്ധം നടക്കുകയും അവസാനം ഈ യുദ്ധത്തിൽ അല്ലാഹു മുസ്‌ലിമീങ്ങൾക്ക് വിജയം നൽകുകയും അങ്ങനെ മുസ്‌ലിമീങ്ങൾ ഇസ്ത്വഖർ ജയിച്ചടക്കുകയും ചെയ്തു. ധാരാളം ആളുകളെ വധിക്കുകയും ധാരാളം ആളുകൾ ഓടിപ്പോവുകയും ചെയ്തു. ഹദ്റത്ത് ഉഥ്മാൻ ബിൻ അബുൽ ആസ് അവിശ്വാസികളെ ജിസ്‌യ നൽകാനും ദിമ്മി പൗരന്മാരാകുവാനുമായി ക്ഷണിച്ചു. അങ്ങനെ അവർ അദ്ദേഹവുമായി കത്തിടപാടുകൾ നടത്തി. ഹദ്റത്ത് ഉഥ്മാനും അവരുടെ കത്തുകൾക്ക് മറുപടിയും സന്ദേശങ്ങളും നൽകി വന്നു. അവസാനം അവരുടെ ഭരണാധികാരി ഹുർമുസ് അദ്ദേഹത്തിന്റെ നിർദേശം അംഗീകരിക്കുകയും ജിസ്‌യ നൽകാൻ തയ്യാറാവുകയും ചെയ്തു. അങ്ങനെ ഇസ്ത്വഖർ വിജയവേളയിൽ ഓടിപ്പോയവർ അല്ലെങ്കിൽ ഏതെങ്കിലും കാരണത്താൽ അകന്നു പോയവരെല്ലാവരും ജിസ്‌യ നൽകാമെന്ന നിബന്ധനയിൽ സമാധാനപരമായ സ്ഥലത്തേക്ക് തിരിച്ചു വന്നു. ശത്രുവിന്റെ തോൽവിക്കുശേഷം ഹദ്റത്ത് ഉഥ്മാൻ ബിൻ അബുൽ ആസ് ഗനീമത്തു മുതൽ ശേഖരിക്കുകയും അതിന്റെ അഞ്ചിലൊരു ഭാഗം അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഉമറിന്റെ സന്നിധിയിലേക്ക് അയക്കുകയും ചെയ്തു. ബാക്കി മുസ്‌ലിമീങ്ങൾക്കിടയിൽ വിതരണം ചെയ്യാൻ നീക്കിവെക്കുകയും ചെയ്തു. എല്ലാ മുസ്‌ലിം സൈനികരെയും പിടിച്ചുപറിയിൽനിന്നു വിലക്കുകയും പിടിച്ചുപറിക്കപ്പെട്ട വസ്തുക്കൾ തിരികെ നൽകാൻ അവരോടു കല്പിക്കുകയും ചെയ്തു. ജനങ്ങളിൽ നിന്നു പിടിച്ചുപറിക്കപ്പെട്ട വസ്തുക്കൾ തിരികെ നൽകാൻ സൈന്യാധിപൻ പറഞ്ഞു. അദ്ദേഹം എല്ലാവരെയും ഒരുമിച്ചുകൂട്ടി ഇപ്രകാരംപറഞ്ഞു: നമ്മൾ കളവും ചതിയും ചെയ്യാത്തിടത്തോളം ഉയരങ്ങളിൽ വിരാജിക്കുകയും എല്ലാ ബുദ്ധിമുട്ടുകളിൽ നിന്നു സുരക്ഷിതരായിരിക്കുകയും ചെയ്യും. നമ്മൾ യുദ്ധമുതലിന്റെ കാര്യത്തിൽ വഞ്ചന കാണിച്ചാൽ ഇത്തരത്തിലുള്ള വെറുക്കപ്പെട്ട കാര്യങ്ങൾ നമ്മളിൽ കാണപ്പെടും. ഈ ചീത്തക്കാര്യങ്ങൾ നമ്മുടെ ഭൂരിപക്ഷത്തെ മുക്കിക്കളയും. നിങ്ങൾ കളവും വഞ്ചനയും ചെയ്യുകയാണെങ്കിൽ അവതന്നെയായിരിക്കും നിങ്ങളെ ഇല്ലാതാക്കുക.

ഇന്നത്തെ കാലത്ത് ഇതൊക്കെ തന്നെയാണ് നമുക്ക് മുസ്‌ലിമീങ്ങളിൽ കാണാൻ സാധിക്കുന്നത്. പരസ്പരം തന്നെ കൊള്ളയും കൊള്ളിവെപ്പും നടത്തുന്നു. അതുപോലെ അവർ എവിടെ പോയാലും അവിടെ അരാജകത്വം അരങ്ങേറുന്നു, വിശ്വാസവഞ്ചന കാട്ടുന്നു. ഇത്തരത്തിലുള്ള അവരുടെ ദുഷ്ചെയ്തികളാണ് അവരെ ഒന്നിനും കൊള്ളാത്തവരാക്കി മാറ്റിയത്. ലോകത്തെല്ലായിടത്തും അവർ കുപ്രസിദ്ധരായിരിക്കുന്നു.

ഹദ്റത്ത് ഉഥ്മാൻ ബിൻ അബുൽ ആസ് യുദ്ധവിജയ ദിവസം പറയുകയുണ്ടായി: അല്ലാഹു ആർക്കെങ്കിലും നന്മ വരുത്താൻ ഉദ്ദേശിച്ചാൽ അവരെ എല്ലാത്തരം തിന്മകളിൽനിന്നും സുരക്ഷിതരാക്കുന്നു. അവർക്കുള്ളിൽ വിശ്വസ്തതയും സത്യസന്ധതയും പ്രത്യേകമായ നിലയിൽ ജനിപ്പിക്കുന്നു. അതുകൊണ്ട് നിങ്ങൾ എല്ലാ അമാനത്തുകളേയും കാത്തുസൂക്ഷിക്കുക. കാരണമെന്തെന്നാൽ നിങ്ങളുടെ ദീനിന്റെ കാര്യത്തിൽ നിങ്ങൾക്കു ഏറ്റവുമാദ്യം നഷ്ടപെടുന്ന സംഗതി അമാനത്ത് ആകുന്നു. നിങ്ങളിൽനിന്നു സത്യസന്ധത അകന്നു പോകുമ്പോൾ നിത്യവും ഏതെങ്കിലുമൊക്കെ നന്മയും അകന്നു പോകുന്നു. സത്യസന്ധത പോയാൽ നന്മകളും അവസാനിക്കാൻ തുടങ്ങുന്നു. ഹദ്റത്ത് ഉമർ ഫാറൂഖിന്റെ ഖിലാഫത്തിന്റെ അവസാന ഘട്ടത്തിലും അതുപോലെ ഹദ്റത്ത് ഉഥ്മാന്റെ ഖിലാഫത്ത് കാലഘട്ടത്തിന്റെ ആദ്യ വർഷത്തിലും ശഹ്റക്ക് എന്നയാൾ രാജ്യദ്രോഹം ചെയ്യുകയും പേർഷ്യക്കാരെ ഇളക്കി വിടുകയും തൽഫലമായി അവർ കരാർ ലംഘനം നടത്തുകയുമുണ്ടായി. ഹദ്റത്ത് ഉഥ്മാൻ ബിൻ അബുൽ ആസിനെ അവരെ ശിക്ഷിക്കുന്നതിന് രണ്ടാമതും പറഞ്ഞയക്കുകയുണ്ടായി. തൊട്ടുപിറകെ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മഅ്മർ, ശിബിൽ ബിൻ മഅ്ബദ് ബജല്ലീ എന്നിവരുടെ നേതൃത്വത്തിൽ പോഷക സൈന്യത്തെയും അയക്കുകയുണ്ടായി. അവർ തമ്മിൽ പേർഷ്യയിൽ ശക്തമായ ഏറ്റുമുട്ടലുണ്ടായി. അതിൽ ശഹ്റക്കും അയാളുടെ മകനും വധിക്കപ്പെടുകയും ഇവരെ കൂടാതെയും ധാരാളംപേർ വധിക്കപ്പെടുകയും ചെയ്തു. ശഹ്റക്കിനെ ഹദ്റത്ത് ഉഥ്മാൻ ബിൻ അബുൽ ആസിന്റെ സഹോദരനായ ഹക്കം ബിൻ അബുൽ ആസാണ് വധിച്ചത്. *(താരീഖ് ത്വബ്‌രീ മുത്തർജിം, വാല്യം 3, ഭാഗം 1, പേജ് 192-193, ദാറുൽഇശാഅത്ത് കറാച്ചി 2003)*

ഒരു നിവേദന പ്രകാരം ഹദ്റത്ത് അലാഅ് ബിൻ ഹള്റമി ഹിജ്റ 17 ൽ ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ ആദ്യമായി ഇസ്ത്വഖർ കീഴടക്കുകയുണ്ടായി. അവിടുത്തെ ദേശവാസികൾ ഉടമ്പടി ചെയ്തതിനുശേഷം ലംഘിക്കുകയും അക്കാരണത്താൽ പ്രക്ഷോഭം പൊട്ടിപുറപ്പെടുകയും ചെയ്തു. അയാളുടെ ശിരച്ഛേദം നടത്താനായി ഹദ്റത്ത് ഉഥ്മാൻ ബിൻ അബുൽ ആസ് തന്റെ മകനെയും സഹോദരനെയും അയച്ചു. അവർ കലാപം അവസാനിപ്പിക്കുകയും ഇസ്ത്വഖന്റെ അമീ

## അമീറുൽമുഅ്മിനീന്റെ ഉപദേശം:

**'തങ്ങളുടെ മനസ്സിൽനിന്ന് എല്ലാത്തരം ശരീരേച്ഛകളേയും മാറ്റാൻ ദൈവമാർഗത്തിൽ ജീവിതം അർപിച്ചിട്ടുള്ളവർ ശ്രമിക്കേണ്ടതായി വരും. ഇതാണ് വഖ്ഫിന്റെ യാഥാർഥ്യം.'**

*(ബ്രിട്ടൺ, കനഡ, ജർമനി ജാമിആകളിലെ കുട്ടികൾക്ക് സനദ്ദാന പരിപാടിയിലെ പ്രസംഗം 2019)*

**ത്വാലിബെ ദുആ: K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

## അമീറുൽമുഅ്മിനീന്റെ ഉപദേശം:

**'പരലോകചിന്തയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുന്നയാൾ ഏറ്റവുമാദ്യം തന്റെ ആരാധനയുടെ സംരക്ഷണത്തിൽ ശ്രദ്ധിക്കുന്നു.'**

*(ജുമുഅ ഖുത്‌ബ 4-10-2019)*

**ത്വാലിബെ ദുആ: K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

റായ ശഹ്റക്കിനെ വധിക്കുകയും ചെയ്തു. *(സീറത്തു അമീറുൽമുഅ്മിനീൻ ഉമർ ബിൻ ഖത്താബ്, അസ്സലാബീ, പേജ് 436, ദാറുൽമ അ്രിഫ ബെയ്റുത്ത് 2007)(അൽകാമിൽ ഫിത്താരീഖ് ലിഇബ്നി അഥീർ വാല്യം 2, പേജ് 382-383, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2006)*

ഫസാ, ദാരെഅബ്ജർദ്: ഹദ്റത്ത് സാരിയ ബിൻ സുനയ്മിനെ, ഹദ്റത്ത് ഉമർ(റ) ഫസാ, ദാരെഅബ്ജർദ് എന്നീ നഗരങ്ങളിലേക്ക് അയച്ചു. ഇത് ഹിജ്റ 23 ലെ സംഭവമാണ്. ഫസാ ഫാരിസിലെ ഒരു പൗരാണിക നഗരമായിരുന്നു. അത് ശീറാസിൽ നിന്നു 216 മൈൽ അകലെ സ്ഥിതി ചെയ്തിരുന്നു. ദാരെഅബ്ജർദ് ഫാരിസിന്റെ ഒരു വിശാലമായ പ്രദേശമാണ്. അവിടെ ഫസായും അതുപോലെ മറ്റു നഗരങ്ങളും സ്ഥിതി ചെയ്യുന്നു. ദലായിലുന്നുബുവ്വത്ത് എന്ന ഗ്രന്ഥത്തിൽ ഒരു നിവേദനമുണ്ട്. ഹദ്റത്ത് ഇബ്നു ഉമർ (റ) വിവരിക്കുന്നു: ഹദ്റത്ത് സാരിയായുടെ നേതൃത്വത്തിൽ ഒരു സൈന്യത്തെ ഹദ്റത്ത് ഉമർ (റ) അയച്ചു. ഒരു ദിവസം ഹദ്റത്ത് ഉമർ ഖുത്ബ നടത്തുകയായിരുന്നു; പെട്ടെന്ന് ഉയർന്ന ശബ്ദത്തിൽ യാ സാരിയാ അൽ ജബൽ എന്ന് പറയുകയുണ്ടായി. അതായത് അല്ലയോ സാരിയാ! പർവത ഭാഗത്തേക്ക് നീങ്ങുക എന്ന്! ത്വബരിയുടെ ചരിത്രത്തിൽ വന്നിരിക്കുന്നു: ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് സാരിയാ ബിൻ സുനയ്മിനെ ഫസാ, ദാരെ അബ്ജർദ് എന്നീ പ്രദേശങ്ങളിലേക്ക് അയച്ചു. അവർ അവിടെ എത്തുകയും അവിടുത്തുകാരെ ഉപരോധിക്കുകയും ചെയ്തപ്പോൾ അക്കൂട്ടർ തങ്ങളുടെ സഖ്യ കക്ഷികളോട് സഹായം അഭ്യർഥിച്ചു. അപ്പോൾ അവർ മുസ്‌ലിം സൈന്യത്തെ നേരിടാൻ മരുഭൂമിയിൽ ഒത്തുകൂടി. അവരുടെ അംഗബലം വളരെ അധികമായപ്പോൾ അവർ മുസ്‌ലിമീങ്ങളെ നാലുഭാഗത്തുനിന്നു വളഞ്ഞു. ഹദ്റത്ത് ഉമർ(റ)ജുമുഅ ദിവസം ഖുത്ബ നൽകുകയായിരുന്നു. അതിന്നിടയിൽ യാ! സാരിയാ ബിൻ സുനയിം! അൽ ജബൽ അൽ ജബൽ. അതായത് അല്ലയോ സാരിയാ ബിൻ സുനയിം പർവതം പർവതം എന്നു പറഞ്ഞു. മുസ്‌ലിം സൈന്യം തമ്പടിച്ചിരുന്ന സ്ഥലത്തു ഒരു പർവ്വതമുണ്ടായിരുന്നു. അവർ അതിൽ അഭയം പ്രാപിച്ചാൽ ശത്രുക്കൾക്ക് ഒരു ഭാഗത്തുനിന്ന് മാത്രമേ അവരെ ആക്രമിക്കാൻ സാധിക്കുമായിരുന്നുള്ളൂ. അങ്ങനെ അവർ ആ പർവ്വതത്തിൽ അഭയം പ്രാപിക്കുകയും അതിനുശേഷം യുദ്ധം തുടരുകയും ചെയ്തു. തുടർന്ന് അവർ ശത്രുക്കളെ പരാജിതരാക്കുകയും ഒരുപാടു യുദ്ധമുതൽ ശേഖരിക്കുകയും ചെയ്തു. ആ യുദ്ധമുതലിൽ ആഭരണങ്ങളുടെ ഒരു ചെറിയപെട്ടിയുണ്ടായിരുന്നു. മുസ്‌ലിം സൈന്യം പരസ്പര ധാരണയോടുകൂടി അത് ഹദ്റത്ത് ഉമറിന് ദാനം ചെയ്തു. ഹദ്റത്ത് സാരിയ ആ പെട്ടിയോടും വിജയത്തിന്റെ സുവാർത്തയോടും കൂടി ഹദ്റത്ത് ഉമറിന്റെ അടുക്കലേക്ക് ഒരു ദൂതനെ അയച്ചു. ആ ദൂതൻ എത്തിയപ്പോൾ ഹദ്റത്ത് ഉമർ(റ) ജനങ്ങൾക്കിടയിൽ ഭക്ഷണം വിതരണം ചെയ്യുകയായിരുന്നു. അപ്പോൾ അദ്ദേഹത്തിന്റെ കൈയിൽ ഒട്ടകങ്ങളെ തെളിക്കുന്ന വടിയുമുണ്ടായിരുന്നു. ആ ദൂതൻ ഹദ്റത്ത് ഉമറിനോടു ഒരു കാര്യം സംസാരിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചു. അപ്പോൾ ഹദ്റത്ത് ഉമർ അയാളെ ഭക്ഷണം കഴിക്കാനിരുത്തി. അങ്ങനെ അയാൾ ഭക്ഷണം കഴിക്കാനിരുന്നു. അയാൾ ഭക്ഷണം കഴിച്ചു കഴിഞ്ഞപ്പോൾ ഉമർ പോകാനൊരുങ്ങി. അയാൾ എഴുന്നേറ്റ് അദ്ദേഹത്തെ പിന്തുടർന്നു. ഹദ്റത്ത് ഉമർ(റ) അയാൾ വീണ്ടും തന്റെ പിറകെ വരുന്നതു കണ്ടപ്പോൾ കരുതി അയാളുടെ വയർ ഇനിയും നിറഞ്ഞിട്ടില്ലെന്ന്! അങ്ങനെ അദ്ദേഹം തന്റെ വീടിന്റെ വാതിൽക്കലെത്തിയപ്പോൾ അയാളെ അകത്തേക്ക് വിളിക്കുകയും പാചകക്കാരനോട് ഭക്ഷണത്തളിക കൊണ്ടുവരാൻ പറയുകയും ചെയ്തു. അയാൾക്കുവേണ്ടി റൊട്ടിയും ഒലിവ് എണ്ണയും ഉപ്പും കൊണ്ടുവരപ്പെട്ടു. എന്നിട്ട് അദ്ദേഹം അയാളോട് പറഞ്ഞു: ഭക്ഷണം കഴിച്ചുകൊള്ളുക.' ഭക്ഷണം കഴിച്ചു കഴിഞ്ഞതിനുശേഷം അയാൾ പറഞ്ഞു: 'യാ അമീറൽ മുഅ്മിനീൻ ഞാൻ സാരിയ ബിൻ സുനയ്മിന്റെ ദൂതനാണ്.'അപ്പോൾ അദ്ദേഹം പറഞ്ഞു: 'താങ്കൾക്കു സ്വാഗതം!'അതിനുശേഷം അയാൾ അദ്ദേത്തിന്റെ അടുത്ത് ചെന്നിരുന്നു, എത്രത്തോളമെന്നാൽ അയാളുടെ കാൽമുട്ട് ഹദ്റത്ത് ഉമറിന്റെ കാൽമുട്ടുമായി ഉരസാൻ തുടങ്ങി. ഹദ്റത്ത് ഉമർ അയാളോട് മുസ്‌ലിമീങ്ങളെ കുറിച്ച് അന്വേഷിച്ചു. ശേഷം സാരിയയെ കുറിച്ചും ചോദിച്ചു. അയാൾ അദ്ദേഹത്തോട് കാര്യങ്ങളൊക്കെ പറഞ്ഞു. തുടർന്ന് അയാൾ ആ ആഭരണപെട്ടിയെ കുറിച്ചും വിവരിച്ചു. അപ്പോൾ ഹദ്റത്ത് ഉമർ അയാളുടെ നേരെ നോക്കി ഉറക്കെ പറഞ്ഞു: വേണ്ട! ഇതിൽ ഒരു അന്തസ്സിന്റെ കാര്യവുമില്ല. ഇതുമായി ആ സൈന്യത്തിന്റെ അടുത്ത് തിരികെ പോകുക. ഇത് അവരിൽ വിതരണം ചെയ്യുക.' അതായത് തനിക്കുവേണ്ടി കൊണ്ടുവന്ന ഈ ആഭരണങ്ങളൊക്കെ സൈനികർക്കിടയിൽ വിതരണം ചെയ്യുക. അപ്പോൾ അയാൾ പറഞ്ഞു: യാ! അമീറൽ മുഅ്മിനീൻ! എന്റെ ഒട്ടകം ക്ഷീണിച്ച് പോയിരിക്കുന്നു. അതുപോലെ അങ്ങയിൽനിന്ന് പാരിതോഷികം ലഭിക്കുമെന്ന് കരുതി ഞാൻ കുറച്ച് കടവും വാങ്ങിയിരിക്കുന്നു. അതുകൊണ്ട് എനിക്ക് ഈ നഷ്ടം നികത്താൻ ഉതകുന്നത്രയെങ്കിലും തന്നാലും.' അയാൾ അദ്ദേഹത്തെ കൂടുതൽ സമ്മർദ്ദത്തിലാക്കിയപ്പോൾ സ്വദഖയുടെ ഒട്ടകങ്ങളിൽനിന്നു ഒന്നിനെ ഹദ്റത്ത് ഉമർ അയാൾക്ക് നൽകി. എന്നിട്ട് അയാളുടെ ഒട്ടകത്തെ സ്വദഖയുടെ ഒട്ടകങ്ങളിൽ ചേർക്കുകയും ചെയ്തു. ആ വ്യക്തി ക്ഷീണിതനും ഹതഭാഗ്യനുമായ നിലയിൽ ബസ്റയിലെത്തുകയും ഹദ്റത്ത് ഉമറിന്റെ കല്പനയെ പ്രാവർത്തികമാക്കുകയും ചെയ്തു.

ഇങ്ങനെയും വിവരിക്കപ്പെടുന്നു: ദൂതൻ വിജയത്തിന്റെ സുവാർത്തയുമായി മദീനയിലെത്തിയപ്പോൾ മദീനവാസികൾ അയാളോട് സാരിയയെ കുറിച്ചും യുദ്ധവിജയത്തെ കുറിച്ചും അന്വേഷിക്കുകയുണ്ടായി. അതുപോലെ യുദ്ധം നടക്കുമ്പോൾ മുസ്‌ലിംമീങ്ങൾ എന്തെങ്കിലും ശബ്ദം കേട്ടിരുന്നോ എന്നും ചോദിച്ചു. അപ്പോൾ അയാൾ പറഞ്ഞു: 'അതെ! യാ! സാരിയാ അൽ ജബൽ.'അതായത് അല്ലയോ സാരിയാ! മലയിടുക്കിലേക്ക് പോകുക എന്ന് കേട്ടിരുന്നു. ഞങ്ങൾ നാശത്തോടു അടുത്ത സമയമായിരുന്നു അത്. അങ്ങനെ ഞങ്ങൾ പർവ്വതത്തിൽ അഭയം പ്രാപിക്കുകയും അല്ലാഹു ഞങ്ങൾക്ക് വിജയം നൽകുകയും ചെയ്തു.*(താരീഖ് ത്വബ്‌രി മുത്തർജിം, വാല്യം 3, ഭാഗം 1, പേജ് 194-196, ദാറുൽഇശാഅത്ത് കറാച്ചി 2003)(താരീഖു ത്വബ്‌രി, വാല്യം 2, പേജ് 553-554, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)(ദലാഇലുന്നുബുവ്വത്തി ലിൽബയ്ഹഖി, വാല്യം 6, പേജ് 370, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2002)(സീറത്തു അമീറുൽമുഅ്മിനീൻ ഉമർ ബിൻ ഖത്താബ്, അസ്സലാബീ, പേജ് 436, ദാറുൽമഅ്രിഫ ബെയ്റുത്ത് 2007)(മുഅ്ജമുൽബുൽദാൻ, വാല്യം 2, പേജ് 273, വാല്യം 3, പേജ് 434, ദാറുൽ അഹ്‌യാത്തുറാഥുൽഅറബി ബെയ്റുത്ത്)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഈ സംഭവം ഇപ്രകാരം വിവരിക്കുന്നു: 'ഹദ്റത്ത് ഉമറിന്റെ കാലഘട്ടത്തിൽ നടന്ന ഒരു സംഭവം ഇപ്രകാരം വന്നിരിക്കുന്നു; അദ്ദേഹം മിമ്പറിൽ ഖുത്ബ കൊടുക്കുകയായിരുന്നു. പെട്ടെന്ന് അദ്ദേഹം അനിയന്ത്രിതമായി യാ സാരിയാ അൽ ജബൽ യാ സാരിയാ അൽ ജബൽ എന്ന പറഞ്ഞു. അതായത് സാരിയാ! മലമുകളിലേക്ക് കയറുക, സാരിയാ! മല മുകളിലേക്ക് കയറുക. ഈ വാചകം ഖുത്ബയുമായി ബന്ധമില്ലാത്തതിനാൽ ജനങ്ങൾ അദ്ദേഹത്തോട് ചോദിച്ചു, 'അങ്ങെന്താണ് പറഞ്ഞത്?'അപ്പോൾ അദ്ദേഹം പറഞ്ഞു: 'ഇസ്‌ലാമിക സൈന്യത്തിന്റെ ജനറലായ സാരിയ ഒരു സ്ഥലത്തു നില്ക്കുന്നതും ശത്രുക്കൾ അദ്ദേഹത്തിന്റെ പിറകു വശത്തു നിന്നു ശക്തമായ ആക്രമണം അഴിച്ചു വിടുന്നതും മുസ്‌ലിമീങ്ങൾ നാശത്തോട് അടുക്കുന്നതുമായ ഒരു ദൃശ്യം എനിക്ക് കാണിക്കപ്പെട്ടു. ആ സമയത്ത് അവരുടെ സമീപത്ത് ഒരു മലയുളളത് ഞാൻ കണ്ടു. അതിൽ കയറിയാൽ അവർക്ക് ശത്രുക്കളുടെ ആക്രമണത്തിൽനിന്ന് രക്ഷപ്പെടാൻ സാധിക്കുന്നതാണ്. അതുകൊണ്ട് ഞാൻ അദ്ദേഹത്തോട് മലമുകളിൽ കയറാനായി വിളിച്ചു പറഞ്ഞതാണ്.'അധികം ദിവസങ്ങൾ കഴിയുന്നതിനുമുമ്പേ സാരിയായുടെ ഭാഗത്തുനിന്നു ഇക്കാര്യം അതെ പടി നടന്നതായി അറിയിപ്പ് ലഭിച്ചു.' അദ്ദേഹം ഇങ്ങനെയും എഴുതുകയുണ്ടായി: 'ആ സമയത്ത് എനിക്ക് ഒരു അശരീരി കേൾക്കുമാറായി. ഹദ്റത്ത് ഉമറിന്റെ ശബ്ദത്തോട് സാമ്യമുള്ളതായിരുന്നു അത്. അത് ഞങ്ങൾക്ക് അപകടത്തെ കുറിച്ച് മുന്നറിയിപ്പ് നൽകി. അപ്രകാരം ഞങ്ങൾ മലമുകളിൽ കയറി ശത്രുവിന്റെ ആക്രമണത്തിൽ നിന്നു രക്ഷപെട്ടു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു: 'ഈ സംഭവത്തിൽ നിന്നു വ്യക്തമാകുന്നത്, ഹദ്റത്ത് ഉമറിന്റെ നാവ് അപ്പോൾ അദ്ദേഹത്തിന്റെ നിയന്ത്രണ പരിധിയിൽ നിന്നു വിട്ടിരുന്നുവെന്നും ദൂരവും അകലവുമൊന്നും ഒരു വിഷയമല്ലാത്ത ഒരു സർവ്വശക്തന്റെ നിയന്ത്രണത്തിലായിരുന്നുവെന്നുമാണ്. *(തഫ്ദീറെ ഇലാഹി, അൻവാറുൽഉലൂം, വാല്യം 4, പേജ് 575)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതിനെ കുറിച്ച് പറയുന്നു: 'നാം ഇങ്ങനേയും പറയുന്നു: 'സ്വഹാബാക്കൾക്കുമേൽ ഇത്തരം ഇൽഹാമുകൾ ഉള്ളതായി തെളിവുകളില്ലെന്ന വാദം തികച്ചും അടിസ്ഥാനരഹിതവും തെറ്റുമാണ്. കാരണം സ്വഹീഹായ ഹദീഥുകൾ മുഖേന ആദരണീയരായ സ്വഹാബത്തിന് ഒരുപാട് ഇൽഹാമുകളും ദിവ്യ ദൃഷ്ടാന്തങ്ങളുമുണ്ടായിട്ടുണ്ടെന്ന് തെളിയുന്നു. ഹദ്റത്ത്

ഉമർ(റ)ന് സാരിയയുടെ സൈന്യത്തിന് നേരിട്ട അപകട സന്ധിയെ കുറിച്ച് ദൈവിക വെളിപാട് മുഖേന അറിയിപ്പ് ലഭിച്ചതായി ബയ്ഹഖി, ഇബ്നു ഉമറിൽ നിന്നു നിവേദനം ചെയ്തിട്ടുള്ളത് ഇൽഹാം അല്ലെങ്കിൽ പിന്നെന്താണ്? അതുപോലെ അദ്ദേഹത്തിന്റെ വായിൽനിന്നു യാ സാരിയാ! അൽ ജബൽ അൽ ജബൽ എന്ന ശബ്ദം പുറപ്പെട്ടതും മദീനയിൽ നിന്നു ആ ശബ്ദം അദൃശ്യശക്തിയുടെ സഹായത്താൽ വളരെ അകലെയുണ്ടായിരുന്ന സാരിയ്ക്കും അദ്ദേഹത്തിന്റെ സൈന്യത്തിനും കേൾക്കാനായതും അത്ഭുത ദൃഷ്ടാന്തം അല്ലെങ്കിൽ പിന്നെന്താണ്? *(ബറാഹീനെ അഹ്മദിയ്യ, ഭാഗം 4, റൂഹാനീ ഖസാഇൻ വാല്യം 1, പേജ് 653-654, അടിക്കുറിപ്പിന് അടിക്കുറിപ്പ് നമ്പർ 4)*

അതുപോലെ കർമാൻ വിജയത്തെ കുറിച്ചും നിവേദനം ലഭിക്കുന്നുണ്ട്. അത് ഹിജ്റ 23 ലാണ് നടന്നത്. ഹദ്റത്ത് സുഹയ്ൽ ബിൻ അദിയ്യുടെ കൈയാൽ കർമാൻ വിജയിച്ചു. അബ്ദുല്ലാഹ് ബിൻ ബുദയ്ലിന്റെ കൈകളാലാണ് വിജയിച്ചതെന്നും പറയപ്പെടുന്നുണ്ട്. (സീറത്തു അമീറുൽമുഅ്മിനീൻ ഉമർ ബിൻ ഖത്താബ്, അസ്സ്വലാബീ, പേജ് 436, ദാറുൽമഅ്രിഫ ബെയ്റുത്ത് 2007)

ഹദ്റത്ത് സുഹയ്ലിന്റെ മുൻനിര സൈന്യങ്ങളുടെ നേതൃത്വം നുസയ്ർ ബിൻ അംറ് ഇജില്ലിക്കായിരുന്നു. അവരെ നേരിടാൻ കർമാൻ വാസികൾ ഒത്തുകൂടി. അവർ തങ്ങളുടെ സമീപ പ്രദേശത്തു ചെന്ന് യുദ്ധം ചെയ്യുകയും അല്ലാഹു അവരെ ഛിന്നഭിന്നമാക്കുകയും മുസ്ലിമീങ്ങൾ അവരുടെ വഴി മുടക്കുകയും ചെയ്യുകയുണ്ടായി. നുസയ്ർ അവരുടെ വലിയ വലിയ സൈന്യാധിപന്മാരെ വധിച്ചു. അതുപോലെ ഹദ്റത്ത് സുഹയ്ൽ ബിൻ അദിയ്യ് ഗ്രാമ വാസികളുടെ സൈന്യ സംഘവുമായി ശത്രുക്കളുടെ വഴി ജീറഫ്ത്ത് എന്ന സ്ഥലം വരെ തടയുകയുണ്ടായി. ഹദ്റത്ത് അബ്ദുല്ലായും ശീർ എന്ന സ്ഥലത്തിന്റെ വഴിയിലൂടെ അവിടെയെത്തുകയും ചെയ്തു. അവർ ആഗ്രഹിച്ചതുപോലെ അവിടെനിന്ന് അവർക്ക് ഒരുപാട് ഒട്ടകങ്ങളെയും കന്നുകാലികളെയും ലഭിച്ചു. അവർ അവയുടെ വില നിശ്ചയിച്ചു. എന്നാൽ, അറേബ്യായിലെ ഒട്ടകങ്ങളെക്കാൾ വലുതായതിനാൽ അക്കാര്യത്തിൽ തർക്കമുണ്ടായി. ആ തർക്കത്തിന് തീർപ്പുണ്ടാക്കാൻ അദ്ദേഹം ഹദ്റത്ത് ഉമറിന് കത്തെഴുതി. ഹദ്റത്ത് ഉമർ(റ) മറുപടി എഴുതി: അറേബ്യൻ ഒട്ടകങ്ങളെ മാംസത്തിന്റെ അടിസ്ഥാനത്തിലാണ് വിൽപന നടത്താറുള്ളത്. ഇവയും അപ്രകാരം തന്നെയുള്ളതാണ്. നിങ്ങൾക്ക് ഇവ വലുതാണെന്ന് തോന്നുന്നുവെങ്കിൽ ഇവയുടെ മൂല്യവും വർധിപ്പിക്കുക. അവർ നേടിയ യുദ്ധ മുതലിലുള്ള മൃഗങ്ങളുടെ വില നിശ്ചയിക്കുകയായിരുന്നു അവിടെ. ഒരു നിവേദനത്തിൽ ഇപ്രകാരം വന്നിരിക്കുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ബുദയ്ൽ ബിൻ വറഖാഅ് ഖുസായി ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ കർമാൻ കീഴടക്കി. കർമാൻ വിജയത്തിന് ശേഷം അദ്ദേഹം ത്വബസയ്നിലെത്തി. അവിടെനിന്നു ഹദ്റത്ത് ഉമറിന്റെ അടുത്തുപോയി. എന്നിട് പറഞ്ഞു: 'ഞാൻ ത്വബസയ്ൻ വിജയിച്ചിരിക്കുന്നു. അങ്ങ് എനിക്ക് ഈ രണ്ടു പ്രദേശങ്ങളും സ്വന്തമായി എഴുതി തരണം.'ഹദ്റത്ത് ഉമർ അദ്ദേഹത്തിന് ആ രണ്ടു സ്ഥലങ്ങളും തീറെഴുതി കൊടുക്കാൻ ഉദ്ദേശിച്ചപ്പോൾ ഒരാൾ അദ്ദേഹത്തോട് പറഞ്ഞു: 'ഈ രണ്ടു പ്രദേശങ്ങളും വലിയ ജില്ലകളാണ്. അതു പോലെ ഖുറാസാന്റെ കവാടങ്ങളുമാണ്. അപ്പോൾ അദ്ദേഹം അവ രണ്ടും തീറെഴുതി കൊടുക്കുന്ന കാര്യം മാറ്റി വെച്ചു. *(താരീഖ് ത്വബ്രീ മുത്തർജിം, വാല്യം 3, ഭാഗം 1, പേജ് 196-197, ദാറുൽ ഇശാഅത്ത് കറാച്ചി 2003)*

സജിസ്താൻ വിജയം: ഇത് ഹിജ്റ 23 ലാണ് നടന്നത്. സജിസ്താൻ ഖുറാസാനെക്കാളും വിസ്തൃതമായ സ്ഥലമാണ്. അതിന്റെ അതിർത്തികൾ ദൂര ദൂര പ്രദേശങ്ങളിലേക്ക് വ്യാപിച്ചിരുന്നു. ഇത് സിന്ധ് പ്രദേശത്തിന്റേയും ബൽഖ് നദിയുടെയും ഇടയിലാണ് സ്ഥിതി ചെയ്യുന്നത്. ഇതിന്റെ അതിർത്തികൾ വളരെ ദുർഘടമായ മാർഗങ്ങളോട് കൂടിയതാണ്. അതിലെ ജനസംഖ്യയും വളരെ കൂടുതലായിരുന്നു. ഈ സജിസ്താനെ ഇറാനികൾ സീസ്താൻ എന്ന് പറയുന്നു. അല്ലെങ്കിൽ ഇറാനികൾ സജിസ്താനെന്ന് എന്ന് പറയുന്നു. പ്രശസ്തനായ ഇറാനി ഫയൽവാൻ റുസ്തം ആ പ്രദേശത്തുകാരനായിരുന്നു. ഇത് കർമാനിന്റെ വടക്കാണ് സ്ഥിതി ചെയ്യുന്നത്. ഇതിന്റെ ഹെഡ്ക്വാർട്ടർ സറൻജ് ആയിരുന്നു. ഇത് വലിയ ഏരിയ ആയിരുന്നു. ഹദ്റത്ത് മുആവിയായുടെ കാലഘട്ടത്തിൽ ഇത് സുപ്രധാനമായ പ്രദേശമായിരുന്നു. ഇവിടുത്തുകാർ ഖൻധാർ തുർക്കികളുമായും മറ്റു ജനതകളുമായും യുദ്ധം ചെയ്തുകൊണ്ടിരിക്കുമായിരുന്നു. ആസിം ബിൻ അംറ് സജിസ്താനിലേക്ക് പോവുകയും അദ്ദേഹത്തോടൊപ്പം അബ്ദുല്ലാഹ് ബിൻ ഉമയ്ർ തന്റെ സൈന്യവുമായി ചേരുകയും ചെയ്തു. സജിസ്താനികളുമായി അവരുടെ സമീപ പ്രദേശത്തുവെച്ച് യുദ്ധം നടന്നു. മുസ്ലിമീങ്ങൾ അവരെ പരാജയപ്പെടുത്തി. അവർ പിന്തിരിഞ്ഞോടി. മുസ്ലിമീങ്ങൾ അവരെ പിന്തുടരുകയും സറൻജ് എന്ന സ്ഥലത്തുവെച്ച് അവരെ വളഞ്ഞു പിടികൂടുകയും ചെയ്തു. അതോടൊപ്പം മുസ്ലിമീങ്ങൾ അവർക്ക് ആവുന്നിടത്തോളം വിവിധ പ്രദേശങ്ങൾ ജയിച്ചടക്കുകയുണ്ടായി. അവസാനം സജിസ്താനികൾ സറൻജിന്റേയും മറ്റു അധിനിവേശ പ്രദേശങ്ങളുടേയും കാര്യത്തിൽ സമാധാന സന്ധി ചെയ്യുകയും മുസ്ലിമീങ്ങളോടു ഒത്തുതീർപ്പ് ഉണ്ടാക്കുകയും അവരുടെ സമാധാന ഉടമ്പടിയിൽ അവരുടെ വന പ്രദേശങ്ങളെ സുരക്ഷിതമായ മേച്ചിൽപ്പുറങ്ങളായി കണക്കാക്കണം എന്ന നിബന്ധ അംഗീകരിപ്പിക്കുകയും ചെയ്തു. അതുകൊണ്ട് മുസ്ലിമീങ്ങൾ അതിലൂടെ കടന്ന് പോകുമ്പോൾ അവരുടെ വനപ്രദേശങ്ങൾ വിട്ടു മാറി സഞ്ചരിക്കുമായിരുന്നു. അവർ തങ്ങൾക്ക് നഷ്ടം വരുത്തി കരാർ ലംഘനം നടത്തുന്നത് ഒഴിവാക്കാൻ വേണ്ടിയായിരുന്നു അത്. അത്രത്തോളം മുസ്ലിമീങ്ങൾ ജാഗ്രത പുലർത്തിയിരുന്നു. എന്തായാലും സജിസ്താനികൾ ചുങ്കം നൽകുന്നതിന് തയ്യാറായി. മുസ്ലിമീങ്ങൾ അവരുടെ സംരക്ഷണ ചുമതല ഏറ്റെടുക്കുകയും ചെയ്തു.*(താരീഖ് ത്വബ്രീ മുത്തർജിം, വാല്യം 3, ഭാഗം 1, പേജ് 197, ദാറുൽഇശാഅത്ത് കറാച്ചി 2003)*

മുക്റാൻ വിജയം: ഇത് ഹിജ്റ 23 ലാണ് നടന്നത്. ഹക്കം ബിൻ അംറിന്റെ കൈകളാലാണ് മുക്റാൻ വിജയിച്ചത്. (ഈയിടെയായി ഇതിനെ മക്റാൻ എന്നാണ് പറയാറുള്ളത്. പഴയ ചരിത്രങ്ങളിൽ മുക്റാൻ എന്നാണ് എഴുതിയിട്ടുള്ളത്). ശിഹാബ് ബിൻ മുഖാരിഖ്, സുഹയ്ൽ ബിൻ അദിയ്യ്, അബ്ദുല്ലാഹ് ബിൻ അബ്ദുല്ലാഹ് എന്നിവരെല്ലാം തങ്ങളുടെ സൈന്യസമേതം അദ്ദേഹവുമായി ചേർന്നു. മുസ്ലിമീങ്ങൾ ഒരുമിച്ചുചേർന്ന് സിന്ധ് രാജാവിനെതിരെ യുദ്ധം ചെയ്ത് അയാളെ പരാജയപ്പെടുത്തി. സ്വുഹാർ അബ്ദിയുടെ കൈയിൽ ഹക്കം ബിൻ അംറ് വിജയ സുവാർത്തയും യുദ്ധമുതലും ഹദ്റത്ത് ഉമറിന് അയച്ചു കൊടുത്തു. യുദ്ധമുതലായി ലഭിച്ച ആനകളുടെ കാര്യത്തിൽ മാർഗനിർദേശവും തേടി. ഹദ്റത്ത് ഉമറിന് വിജയ വാർത്ത ലഭിച്ചപ്പോൾ അദ്ദേഹം മുക്റാന്റെ സ്ഥലത്തെ കുറിച്ച് അയാളോടു അന്വേഷിച്ചു. അദ്ദേഹം പറഞ്ഞു: 'അമീറുൽ മുഅ്മിനീൻ! അതിലെ മാർദവമുള്ള മണ്ണും മലകളെ പോലെ ഉറച്ചതാണ്. അവിടെ വെള്ളത്തിന് കഠിനമായ ക്ഷാമമുണ്ട്. അവിടെയുള്ള പഴവർഗങ്ങൾ കേടുള്ളതാണ്. അവിടുത്തെ ശത്രുക്കൾ വളരെ ധൈര്യവാന്മാരാണ്. അവിടെ നന്മയെ അപേക്ഷിച്ച് തിന്മ വളരെ അധികവുമാണ്. അവിടെ കൂടുതൽ അംഗസംഖ്യ കുറവായി തോന്നും. കുറവായ അംഗസംഖ്യ പാഴായിപ്പോകുന്നു. അതിന്റെ പിൻഭാഗം അതിനേക്കാൾ മോശവുമാണ്. ഹദ്റത്ത് ഉമർ(റ) അദ്ദേഹം ഇപ്രകാരം പറഞ്ഞതു കേട്ടപ്പോൾ ചോദിച്ചു: 'താങ്കൾ പ്രാസമൊപ്പിച്ച് പറയുകയാണോ? അതോ യഥാർഥ വസ്തുതകളാണോ അറിയിക്കുന്നത്?'അപ്പോൾ അയാൾ പറഞ്ഞു: 'ഞാൻ യഥാർഥ വിവരങ്ങളാണ് അങ്ങയ്ക്ക് എത്തിക്കുന്നത്.'അപ്പോൾ ഹദ്റത്ത് ഉമർ(റ) പറഞ്ഞു: 'താങ്കൾ പറഞ്ഞതു ശരിയാണെങ്കിൽ അല്ലാഹുവാണ! എന്റെ സൈന്യം അവിടെ ആക്രമണം നടത്തുന്നതല്ല.'അങ്ങനെ ഹദ്റത്ത് ഹക്കം ബിൻ അംറിനേയും ഹദ്റത്ത് സുഹയ്ലിനേയും ഇപ്രകാരം കല്പന എഴുതി അറിയിക്കുകയുണ്ടായി: 'നിങ്ങളുടെ ഇരു സൈന്യവും മുക്റാനുശേഷം സൈനിക നീക്കം നടത്തരുത്. നദിയുടെ ഇക്കരയുള്ള പ്രദേശംവരെ മാത്രമേ മുന്നേറാവൂ.' അദ്ദേഹം നൽകിയ മറ്റൊരു നിർദേശം ഇതായിരുന്നു: 'ആനകളെ ഇസ്ലാമിക പ്രദേശത്തുവെച്ചുതന്നെ വിൽക്കുക. അതിൽ നിന്ന് ലഭിക്കുന്ന ധനം മുസ്ലിമീങ്ങൾക്കിടയിൽ വിതരണം ചെയ്യുക.' *(താരീഖ് ത്വബ്രീ മുത്തർജിം, വാല്യം 3, ഭാഗം 1, പേജ് 198-199, ദാറുൽഇശാഅത്ത് കറാച്ചി 2003) (താരീഖു ത്വബ്രി, വാല്യം 2, പേജ് 555, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)*

ഈ യുദ്ധത്തിന്റെ ഇവിടെ അവതരിപ്പിച്ചിട്ടുള്ള വിവരങ്ങൾ ത്വബരിയിൽ നിന്നുള്ളതാണ്. ഈ യുദ്ധത്തെ കുറിച്ച് അല്ലാമാ ശിബ്ലി ഒരു നോട്ട് കൊടുത്തിട്ടുണ്ട്. അതായത് ഉമർ ഫാറൂഖിന്റെ വിജയങ്ങൾ മുക്റാനിൽ അവസാനിക്കുന്നു. ഇത് ത്വബരിയുടെ വിവരണമാണ്. ചരിത്രകാരൻ ബിലാദിരിയുടെ നിവേദനം ഇപ്രകാരമാണ്: 'ദേബലിന്റെ താഴോര പ്രദേശങ്ങളിലേക്കും ഥാനവരെയും സൈന്യം എത്തുകയുണ്ടായി.' ഇതു ശരിയാണെങ്കിൽ ഹദ്റത്ത് ഉമറിന്റെ കാലഘട്ടത്തിൽ ഇസ്ലാമിന്റെ സൈനിക മുന്നേറ്റത്തിന്റെ ചുവടുവെപ്പ് സിന്ധിലും ഇന്ത്യയിലും എത്തിയിട്ടുണ്ട്. അതുപോലെ അദ്ദേഹം അടിക്കുറിപ്പിൽ ഇപ്രകാരം എഴുതുന്നു: 'അതായത് ഇന്ന് മുക്റാന്റെ പകുതി ഭാഗം ബലൂചിസ്താൻ എന്നാണ് പറയപ്പെടുന്നത്.

ഉമർ ഫാറൂഖിന്റെ സിന്ധിലെ പട്ടണമായ ദേബൽവരെ നീണ്ടിരുന്നു എന്നാണ് ബിലാദിരി എഴുതിയിട്ടുള്ളത്. എങ്കിൽകൂടി ത്വബരി മുക്റാനെയാണ് അവസാനമായി കരുതുന്നത്. ഇത് ഹദ്റത്ത് ഉമർ(റ)ന്റെ കാലഘട്ടത്തെ കുറിച്ചുള്ള പരാമർശമാണ് നടക്കുന്നത്.*(അൽ ഫാറൂഖ്, ശിബ്‌ലി, പേജ് 157, പ്രസാധനം ദാറുൽ ഇശാഅത്ത് കറാച്ചി 2004)*

ഹദ്റത്ത് ഉമർ(റ)ന്റെ കാലഘട്ടത്തെ കുറിച്ചുള്ള ഈ വിവരണം ഇനിയും തുടരുന്നതായിരിക്കും. ജുമുഅക്ക് ശേഷം ഞാൻ ഒരു തുർക്കിഷ് ഇന്റർനെറ്റ് റേഡിയോയുടെ ഉൽഘാടനം നടത്തുന്നതായിരിക്കും. ഈ റേഡിയോ ചാനലിന്റെ പേര് 'ഇസ്‌ലാം അഹ്മദിയ്യത്തീൻ സേസി(Islam Ahmediyetin Sesi) എന്നാണ്. അതായത് 'ഇസ്‌ലാമിന്റെ വിളിനാദമാണ് അഹ്മദിയ്യത്ത്.' അൽഹംദുലില്ലാഹ് ഇപ്പോൾ അത് 24 മണിക്കൂർ പ്രക്ഷേപണത്തിന് തയ്യാറായിരിക്കുന്നു. ഈ റേഡിയോ ആഗോള തലത്തിൽ ടാബ്‌ലറ്റ്, സ്മാർട്ഫോൺ, ലാപ്ടോപ്പ് തുടങ്ങിയവയിലൂടെ ഒരു ലിങ്കുവഴി ശ്രവിക്കാവുന്നതാണ്. നാല് മണിക്കൂറുകളുടെ ഒരു പാക്കേജ് ആറു തവണയായി ഒരു ദിവസം റിപീറ്റ് ചെയ്യുന്നതായിരിക്കും. ആ പാക്കേജിൽ ഒരു മണിക്കൂർ വിശുദ്ധ ഖുർആനിന്റെ തിലാവാത്ത് തുർക്കി തർജമയോട് കൂടി ഒരു മണിക്കൂറും നബി(സ) തിരുമേനിയുടെ തിരുമൊഴികൾ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ധരണികൾ എന്നിവയും തുർക്കിഭാഷയിൽ എന്റെ ഖുത്ബയുടെ വിവർത്തനവും അതുപോലെ ചോദ്യോത്തര സദസ്സും പ്രക്ഷേപണം ചെയ്യുന്നതായിരിക്കും. ലോകത്തുള്ള ഇരുപതിലധികം രാജ്യങ്ങൾ തബ്‌ലീഗ്-തർബിയ്യത്തുപരമായി ഈ റേഡിയോ മുഖേന ഇൻശാ അല്ലാഹ് ഫലമെടുക്കുന്നതായിരിക്കും. തബ്‌ലീഗ് രംഗങ്ങൾക്കും തർബിയ്യത്തുപരമായ ഉദ്ദേശ്യങ്ങൾക്കും ഇൻശാഅല്ലാഹ് ഈ റേഡിയോഫലപ്രദമായിരിക്കും. ഉദാഹരണത്തിന് ആദർബയ്ജാൻ, ജോർജിയ തുടങ്ങിയ തുർക്കി ഭാഷ സംസാരിക്കുന്ന രാജ്യങ്ങൾ, അതുപോലെ തുർക്കി ഭാഷ പ്രാബല്യത്തിലുള്ള റഷ്യയിലെ പ്രവിശ്യകൾ, തുർക്കി രാജ്യം, തുർക്കികൾ കുടിയേറിയിട്ടുള്ള യൂറോപ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിലുള്ളവർക്കെല്ലാം ഇതിൽ നിന്നും ഫലമെടുക്കാവുന്നതാണ്. ഈ റേഡിയോയുടെ പിന്നണി പ്രവർത്തനങ്ങൾ നടത്താൻ ജർമനിയിലുള്ള തബ്‌ലീഗ് വിഭാഗത്തിനാണ് തൗഫീഖ് ലഭിച്ചിരിക്കുന്നത്. അല്ലാഹു അവർക്കു തക്കതായ പ്രതിഫലം നൽകുമാറാകട്ടെ. അല്ലാഹു ഇതിനെ എല്ലാ നിലക്കും അനുഗൃഹീതമാക്കിത്തീർക്കുമാറാകട്ടെ. ജുമുഅ നമസ്കാരശേഷം ഞാൻ ഇത് ലോഞ്ച് ചെയ്യുന്നതായിരിക്കും.

ചില ഗാഇബ് ജനാസകളുണ്ട്. അതു ഞാൻ നമസ്കാരത്തിനുശേഷം നമസ്കരിപ്പിക്കുന്നതാണ്. അതിനോടൊപ്പം ഇതുംകൂടി പറയട്ടെ. നമ്മുടെ പ്രിയപ്പെട്ട ത്വാലിയിന്റെ ജനാസ ഇതുവരെ എത്തിയിട്ടില്ല. കുറച്ചുദിവസം എടുക്കുമായിരിക്കാം. അപ്പോൾ അവിടെ ഞാൻ വിവരങ്ങൾ പറയുന്നതായിരിക്കും.ഇൻശാഅല്ലാഹ്.


ഇന്നു ഞാൻ നമസ്കരിക്കാൻ പോകുന്ന ആദ്യത്തെ ജനാസ മൊറോക്കോയിലെ മുഹമ്മദുൽ മുഖ്താർ ഖിബ്ത്വ സാഹിബിന്റേതാണ്. 73 വയസ്സായിരുന്നു. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* പരേതൻ 2009 ലാണ് ബയ്അത്ത് ചെയ്തത്. വളരെ മുഖ്‌ലിസായ അഹ്മദിയായിരുന്നു. ബയ്അത്തിനു ശേഷം ജമാഅത്തിന്റെ സേവനത്തിലും പ്രബോധനത്തിലും മുഴുകിയിരുന്നു. സമൂഹത്തിലെ തെറ്റായ വിശ്വാസങ്ങൾ ശരിയാക്കുന്നതിനുവേണ്ടി അദ്ദേഹം വളരെ പങ്കു വഹിച്ചു. അദ്ദേഹത്തിന്റെ പ്രദേശം പശ്ചിമ മൊറോക്കോ ആയിരുന്നു. അവിടുത്തെ സ്വദ്ർ സാഹിബ് എഴുതുന്നു: വിദ്യാസമ്പന്നനായിരുന്നു. അറബിക്കുപുറമെ ഫ്രാൻസീസി ഭാഷയിലും സ്പാനിഷ് ഭഷയിലും വിദഗ്ദ്ധനായിരുന്നു. ഹമാമത്തുൽ ബുശ്റ എന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥം വായിച്ച് വേഗം ബയ്അത്തു ചെയ്തു. പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മറ്റുഗ്രന്ഥങ്ങളും വളരെ താൽപര്യത്തോടും ഉത്സാഹത്തോടുംകൂടി കുറഞ്ഞത് രണ്ടുവട്ടം വായിച്ചു. പിന്നീട് തഫ്സീറെ കബീറും വായിച്ചു.പിന്നീട് അതിന്റെ കോപ്പികളെടുത്ത് ബെയ്ന്റു ചെയ്ത് അഹ്മദികളിൽ വിതരണം ചെയ്തു. ഇദ്ദേഹം പറയുന്നു: ഞങ്ങളുടെ പ്രദേശത്ത് ജമാഅത്ത് സ്ഥാപിതമായപ്പോൾ അദ്ദേഹം ജമാഅത്തിന്റെ സേവനത്തിന് തന്റെ ജീവിതം വഖ്ഫു ചെയ്തു. വിവിധ ജമാഅത്തുകളിൽ പര്യടനം നടത്തി. ധനത്യാഗത്തിൽ മുൻപന്തിയിൽനിന്നു. ഇന്ന് താൻ തിരക്കിലാണെന്നോ ഈ സേവനം തനിക്കു പറ്റുകയില്ലെന്നോ അദ്ദേഹം ഒരിക്കലും പറഞ്ഞിട്ടില്ല. വലിയ നിശ്ചയദാർഢ്യത്തിന്റെ ഉടമയായിരുന്നു. അതു ചെറുപ്പക്കാരിൽപോലും കാണുകയില്ല. വീണ്ടും എഴുതുന്നു: ഖിലാഫത്ത് വ്യവസ്ഥിതിയെ പരിപൂർണമായും വേഗത്തിലും അനുസരിച്ചിരുന്നു. തബ്‌ലീഗ് ചെയ്യാൻ വളരെ ആവേശമായിരുന്നു. വണ്ടിയിലും ബസ്സിലും ട്രൈനിലും കടകളിലും കയറി ചെറിയവരും വലിയവരുമായ എല്ലാവരേയും തബ്‌ലീഗ് ചെയ്തിരുന്നു. കുടുംബത്തിൽ എല്ലാവർക്കും സത്യസന്ദേശം എത്തിച്ചു. സ്ഥിരമായി തഹജ്ജുദ് നമസ്കരിക്കുന്നയാളായിരുന്നു പരേതൻ. എല്ലാ തിങ്കളാഴ്ചയും വ്യാഴാഴ്ചയും നഫ്ൽനോമ്പെടുക്കുമായിരുന്നു. ഞാൻ പറഞ്ഞിട്ടുള്ള ദുആകളും ജൂബിലിയുടെ ദുആകളും സ്ഥിരമായി ചെയ്യുമായിരുന്നു. അഞ്ചുമുതൽ 10 വരെ ഭാഗങ്ങൾ നിത്യവും ഖുർആൻ പാരായണം ചെയ്യുമായിരുന്നു. നടന്നുപോകുമ്പോൾ വിശുദ്ധ ഖുർആൻ മനഃപ്പാഠമാക്കുമായിരുന്നു. ആവർത്തിച്ചുകൊണ്ടിരിക്കുമായിരുന്നു. ചിലപ്പോൾ വഴിയിലൂടെ നടന്നുപോകുമ്പോൾ എത്രമാത്രം ഖുർആൻ പാരായത്തിൽ മുഴുകിയിരുന്നുവെന്നാൽ പരിസരം തന്നെ മറന്നു പോകുമായിരുന്നു. വിശുദ്ധ ഖുർആനോടു അദ്ദേഹത്തിന് ഒരു പ്രേമമായിരുന്നു. എന്നല്ല ചിലർ പറയുന്നത്, രാത്രിയിൽ ഉറങ്ങുമ്പോഴും അദ്ദേഹത്തിന്റെ വായിൽനിന്ന് ഖുർആൻ പാരായണത്തിന്റെ ശബ്ദം കേൾക്കാമായിരുന്നുവെന്നാണ്. പരേതൻ 9 വർഷംവരെ പശ്ചിമമൊറോക്കായിൽ നാഇബ് സ്വദ്ർ, സ്വദ്ർ അൻസ്വാറുല്ലാഹ്, സെക്രട്ടറിമാൽ എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചു. പരേതൻ മൂസിയായിരുന്നു.ഇദ്ദേഹത്തിന്റെ ഭാര്യയും വളരെ മുഖ്‌ലിസ്വയും മൂസിയായുമാണ്.

അടുത്ത അനുസ്മരണം ഖാദിയാനിലെ മസ്ജിദ് അഖ്സ്വായിലേയും മസ്ജിദ് മുബാറക്കിലേയും മുൻ ഖാദിമായ മഹ്മൂദ് അഹ്മദ് സാഹിബിന്റേതാണ്. അദ്ദേഹം കഴിഞ്ഞ് ദിവസം 74-ാം വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* പരേതൻ കർണാടക സംസ്ഥാനത്തിലെ ബൽഗാമിൽനിന്ന് ഹിജ്റത്ത് ചെയ്തു ഖാദിയാനിൽ വന്ന മർഹൂം മഖ്ദൂം ഹുസയ്ൻ സാഹിബിന്റെ മകനായിരുന്നു. 28 വർഷംവരെ അദ്ദേഹത്തിന് മസ്ജിദ് മുബാറക്കിലും മസ്ജിദ് അഖ്സ്വായിലും ഖാദിമായി സേവനമനുഷ്ഠിക്കാൻ തൗഫീഖ് കിട്ടി. പരേതൻ മൂസിയായിരുന്നു. നോമ്പും നമസ്കാരവും കൃത്യമായി അനുഷ്ഠിച്ചിരുന്നു. തഹജ്ജുദ് നമസ്കരിക്കുന്നയാളും ദുആചെയ്യുന്ന വ്യക്തിയുമായിരുന്നു. മസ്ജിദുമായി അദ്ദേഹത്തിന് പ്രത്യേക ബന്ധമായിരുന്നു. സന്തപ്ത കുടുംബത്തിൽ ഭാര്യയ്ക്കുപുറമെ രണ്ടു ആൺമക്കളും ഒരു മകളുമുണ്ട്.

അടുത്ത അനുസ്മരണം ഇന്ത്യയിലെ കേരള സംസ്ഥാനത്തിലെ അബ്ദുർറഹ്മാൻ സാഹിബിന്റെ ഭാര്യ സൗദാ സാഹിബയുടേതാണ്. ജൂലായ് 22 ന് 76-ാം വയസ്സിൽ ഇവർ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* പരേത മുബല്ലിഗ് ഇൻചാർജ് കബാബീർ ശംസുദ്ദീൻ സാഹിബ് മലബാരിയുടെ മാതാവാണ്. ശംസുദ്ദീൻ സാഹിബ് പറയുന്നു: ഈ വിനീതന്റെ മാതാവ് മർഹൂം വി.ടി. മുഹമ്മദ് സാഹിബിന്റെ മകളായിരുന്നു. അദ്ദേഹം പാലക്കാട് ജില്ലയിലേയും പ്രാന്തപ്രദേങ്ങളിലേയും ആദ്യ അഹ്മദിയായിരുന്നു. അദ്ദേഹത്തിന് 1937 -ൽ ബയ്അത്തു ചെയ്യാൻ തൗഫീഖ് കിട്ടി. പിന്നീട് ദീർഘകാലം ശത്രുപക്ഷത്തുനിന്നുള്ള കഠിനമായ ദ്രോഹങ്ങൾ നേരിടേണ്ടിവന്നു. പറയുന്നു, ഇതേ ബഹിഷ്കരണത്തിന്നിടയിൽ -എന്റെ മാതാവിന് അന്ന് ഒന്നരവയസ്സായിരുന്നു-അവരുടെ മാതാവ് അതായത് എന്റെ മാതാമഹിയും അവരുടെ മൂത്തമകളും വഫാത്തായി. വഫാത്തിനുശേഷം ശത്രുക്കൾ ഖബറടക്കാൻ വിട്ടില്ല. അതുകൊണ്ട് 40 കിലോമീറ്റർ അകലെ നഗരത്തിലെ പൊതുശ്മശാനത്തിൽ അവരെ ഖബറടക്കേണ്ടിവന്നു. മാതാമഹൻ തന്റെ ചെറിയ മകളുമായി ഹിജ്റത്ത് ചെയ്തു. ഇപ്രകാരം എന്റെ മാതാവ് കുട്ടിക്കാലംമുതലെ പരീക്ഷണങ്ങളിലൂടെയാണ് കടന്നുവന്നത്. പരേത നോമ്പും നമസ്കാരവും കൃത്യമായി അനുഷ്ഠക്കുന്നവരും മൂസിയായുമായിരുന്നു. സൃഷ്ടികളോടുള്ള സഹതാപം അവരുടുള്ളിൽ നല്ലവണ്ണം നിറഞ്ഞിരുന്നു. പ്രയാസത്തിൽ അകപ്പെട്ടിരിക്കുന്ന എല്ലാവർക്കും വേണ്ടി ദുആ ചെയ്യുകയും അടുത്തുണ്ടെങ്കിൽ അവരെ സഹായിക്കുകയും അവരുടെ ശീലമായിരുന്നു.' സന്തപ്ത കുടുംബത്തിൽ ഭർത്താവിനുപുറമെ നാലു ആൺമക്കളും മൂന്നു പെൺകുട്ടികളുമുണ്ട്. ഇവരുടെ പൗത്രനും വാഖ്ഫെ സിന്ദഗിയാണ്. ഒരു മകൻ മുബല്ലിഗാണ്. അദ്ദേഹം വിദേശത്താണ്. ജനാസയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. അല്ലാഹു പരേതയുടെ ദർജകൾ ഉയർത്തുമാറാകട്ടെ.

(തുടരും)

**126-ാമത് ജൽസാ സാലാന, ഖാദിയാൻ**
**ഡിസംബർ 24,25,26 (വെള്ളി, ശനി, ഞായർ)**



EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി
ഖാദിയാൻ

Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-6 Thursday 14 October 2021 Issue-41

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)

**പേജ് 11 ൽ നിന്ന്**

എം.ടി.എ യുമായി ബന്ധപ്പെട്ട ജോലികളിൽ പ്രത്യേകിച്ചും ഞാനീ ഒരു കാര്യം നോട്ടു ചെയ്തിരുന്നു, ത്വാലിഅ് എപ്പോഴും അതിസൂക്ഷ്മമായ ദൃഷ്ടിയോടെ ജോലികൾ വിലയിരുത്തിയിരുന്നു. വളരെ ആഴത്തിൽച്ചെന്ന് കാര്യങ്ങൾ നോക്കിയിരുന്നു. അദ്ദേഹത്തിന്റെ ചിന്തയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തബ്‌ലീഗും, കാലത്തിന്റെ ഖലീഫയുടെ നിർദേശങ്ങളും ഉപദേശങ്ങളും ജനങ്ങളിലെത്തിക്കുന്നതിന് എന്തെങ്കിലും വിചാരമുണ്ടായാൽ ഒരു മടിയുംകൂടാതെ ഞാനുമായി സംസാരിക്കുകയും തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയും ചെയ്യുമായിരുന്നു. വിവിധ ഓൺലൈൻ മാധ്യമങ്ങൾ മുഖേന സന്ദേശം എങ്ങനെ ജനങ്ങളിലെത്തിക്കാമെന്ന് ചിന്തിക്കുമായിരുന്നു. ഇതിൽനിന്ന് മനസ്സിലാകുന്നത് അവിടത്തെ മാർഗനിർദേശങ്ങളെ എത്ര ആഴത്തിൽച്ചെന്ന് മനസ്സിലാക്കിയിരുന്നുവെന്നാണ്. പിന്നീട് അതനുസരിച്ച് പ്രവൃത്തിക്കാൻ ശ്രമിക്കുകയും ചെയ്യുമായിരുന്നു. എപ്പോഴും സത്യം പറയുന്നതിന് മുൻഗണന നല്കിയിരുന്നു. എന്തെങ്കിലും അഭിപ്രായം നല്കേണ്ടിവന്നാലോ തന്റെ അഭിപ്രായം പ്രകടിപ്പിക്കേണ്ടിവന്നാലോ എപ്പോഴും സത്യസന്ധതയോടെ കാര്യങ്ങൾ വിവരിക്കുമായിരുന്നു. വാക്കുകളിലൊരിക്കലും കലർപ്പുണ്ടാകുമായിരുന്നില്ല. മറ്റു ജോലിക്കാരോടൊപ്പം ജോലി ചെയ്യുമ്പോഴും അവർക്കെപ്പോഴും സത്യസന്ധമായ ഫീഡ്ബാക് നല്കുമായിരുന്നു.

നസീം ബാജ്‌വ സാഹിബ് എഴുതുന്നു: 2001 മുതൽ 2009 വരെ ബ്രെഡ്ഫോർട്ടിൽ മുബല്ലിഗായി താമസിക്കുകയായിരുന്നു. ഇക്കാലത്ത് ഹാർട്ടലെപൂൾ ജമാഅത്തിലും പോകാറുണ്ടായിരുന്നു. ഇദ്ദേഹം പറയുന്നു: ത്വിഫ്ൽ എന്ന നിലയിൽ അത്യുത്സാഹത്തോടുകൂടി പ്രോഗ്രാമുകളിൽ പങ്കെടക്കുന്നത് ഞാൻ കണ്ടു. സമയനിഷ്ഠ, തീവ്രമായ ശ്രദ്ധ, ബുദ്ധിശാലി, ദീനീപരമായ അറിവുകൾ വർധിപ്പിക്കുന്നതിന് അതീവ താൽപര്യവുമായിരുന്നു. നമസ്കാരം നിറുത്തി നിറുത്തി അനുഷ്ഠിക്കുന്ന, അനുസരിക്കുന്ന, ആതിഥ്യം നല്കുന്ന, വലിയവരെ ആദരിക്കുന്നകാലത്തിന്റെ ഖലീഫയെ സ്നേഹിക്കുന്ന, ഹുദൂർ പറയുന്ന കാര്യങ്ങൾ അതീവ താൽപര്യത്തോടെ കേൾക്കുന്ന, ഉത്തരവാദിത്വങ്ങൾ നല്ലരീതിയിൽ നിർവഹിക്കുന്നചിന്തിക്കുകയും ആലോചിക്കുകയും ചെയ്യുന്ന ദിക്ർ ചെയ്യുന്ന, തബ്‌ലീഗുപരമായ പ്രവൃത്തികൾ ഉത്സാഹത്തോടെ ചെയ്യുന്ന, വിശുദ്ധ ഖുർആൻ സ്വരമാധുര്യത്തോടെ പാരായണം ചെയ്യുന്ന ത്വിഫ്‌ലായിരുന്നു ത്വാലിഅ്. പിന്നീട് യുവത്വത്തിൽ ഈ സൽഗുണങ്ങളെല്ലാം കൂടുതൽ ശോഭിച്ചു മുന്നിൽവന്നു.

ത്വാലിഅ്ന്റെ ഒരു കസിനാണ് മുബാറക്ക റഹ്മാൻ. അവർ പറയുന്നു:ത്വാലിഅ്ന്റെ ഒരു സവിശേഷത ഞാനെപ്പോഴും കണ്ടിട്ടുണ്ട്. അതു അവന്റെ വഖ്ഫു ജീവിതമെന്ന നിലയിലുള്ള 'ഉള്ളതുകൊണ്ട് തൃപ്തിപ്പെടുക' എന്നതും ലാളിത്യവുമാണ്.തന്റെ മേലുള്ള അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ എപ്പോഴും എണ്ണിക്കുമായിരുന്നു. ഒരിക്കലും അതിൽ ഭൗതികതയുടെ ഒരു തരത്തിലുള്ള അത്യാഗ്രഹവും കണ്ടിട്ടില്ല. എന്നല്ല അവന്റെ മുമ്പിൽ ഭൗതികതയെ കുറിച്ചുള്ള സംസാരമുണ്ടാകുമ്പോൾ തന്റെ പ്രത്യേകമായ ശൈലിയിൽ ചിരിക്കുകയും നന്ദി പ്രകടിപ്പിക്കുകയും ചെയ്യുമായിരുന്നു;വഖ്ഫായ കാരണത്താൽ അല്ലാഹു അവനെ ഈ കാര്യങ്ങളൊന്നും ഗൗനിക്കാത്തവനാക്കി. അവന്റെ എല്ലാ ആഗ്രഹങ്ങളും അല്ലാഹുതന്നെ പൂർത്തിയാക്കിക്കൊടുത്തു. യഥാർഥമായ വഖ്ഫെ സിന്ദഗിയായിരുന്നു.'

ത്വാലിഅ്ന്റെ ഒരു സുഹൃത്തും മുറബ്ബിയുമായ നൗശീർവാൻ റശീദ് പറയുന്നു: 'എനിക്ക് കഴിഞ്ഞ മൂന്നുവർഷമായി ത്വാലിഅ് ഭായിയോടൊപ്പം എം.ടി.എ ന്യൂസിൽ ജോലി ചെയ്യാൻ അവസരം കിട്ടി. മൂന്നു വർഷക്കാലം ത്വാലിഅ് എന്റെ colleague മാത്രമായിരുന്നില്ല പ്രത്യുത ഉസ്താദുമായിരുന്നു. അതിനെക്കാളുപരി സുഹൃത്തും സഹോദരനുമായിരുന്നു.' അദ്ദേഹം പറയുന്നു: 'ഞാൻ മൂന്നു വർഷക്കാലവും ത്വാലിഅ് പതിവായി വ്യാഴാഴ്ച നോമ്പു പിടിക്കുന്നതു കണ്ടു. തന്റെ അഞ്ചുനേരനമസ്കാരങ്ങളിൽ വളരെ ശ്രദ്ധാലുവായി കണ്ടു. നേരത്തിനുമുമ്പേ മസ്ജിദിൽ പോകും. ചന്ദകളും നേരത്തിനുമുമ്പേ കൊടുക്കുന്നതും ഞാൻ കണ്ടിട്ടുണ്ട്.' എന്തായാലും സംഭവങ്ങൾ ധാരാളമുണ്ട്. ഒരുപാടാളുകൾ എഴുതിയിട്ടുണ്ട്. സമയപരിമിതികൊണ്ട് അല്പം ചിലത് ഞാൻ വിവരിച്ചു. നബി(സ)തിരുമേനിയുടേയും ഹ്ദറത്ത് മസീഹ് മൗഊദ്(അ)ന്റേയും ശാരീരികവും ആത്മീയവുമായ കുടുംബാംഗമെന്ന നിലയിലുള്ള കടമകളും ത്വാലിഅ് നിറവേറ്റി. അവനേയും അല്ലാഹു എങ്ങനെയെടുത്തുവെന്നാൽ നബി(സ)തിരുമേനിയുടെ കുടുംബത്തിൽപ്പെട്ടതായിരുന്നതുകൊണ്ട് മുഹർറമാസത്തിൽത്തന്നെ ബലിക്കായി തിരഞ്ഞെടുത്തു. ഞാൻ പറഞ്ഞതുപോലെ ഒരു രത്നക്കല്ലായ വാഖ്ഫെ സിന്ദഗിയായിരുന്നു. അല്ലാഹു അവന്റെ ദർജകൾ ഉയർത്തിയുയർത്തിക്കൊണ്ടുപോകുമാറാകട്ടെ. അല്ലാഹു അവന് നബി(സ)തിരുമേനിയുടെ തൃപ്പാദങ്ങളിൽ ഇടം നല്കിയിട്ടുണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്. എന്നല്ല ആരോ അവന്റെ വഫാത്തിനുശേഷം നബി(സ)തിരുമേനി ഒരിടത്ത് നില്ക്കുന്നതും ത്വാലിഅ് ഓടിപ്പോയി നബി(സ)തിരുമേനിയെ കെട്ടിപ്പുണരുന്നതും സ്വപ്നവും കണ്ടു. നബി(സ)തിരുമേനിയും അവനെ കെട്ടിപ്പുണർന്നുകൊണ്ട് പറയുന്നു: എന്റെ മകനേ വരിക! സ്വാഗതം!' ദീനിനുവേണ്ടി തന്നെ ബലിദാനം ചെയ്ത് ഈ സ്ഥാനം പ്രാപിക്കുന്നവൻ എത്ര ഭാഗ്യവാനാണ്. അല്ലാഹു അവന്റെ ഭാര്യയുടേയും കുട്ടികളുടേയും സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹനം പ്രദാനം ചെയ്യുമാറാകട്ടെ. അവന്റെ മാതാപിതാക്കൾക്കും സഹോദരിസഹോദരന്മാർക്കും ക്ഷമയും സഹനവും പ്രദാനം ചെയ്യുമാറാകട്ടെ. അവന്റെ സഹോദരിസഹോദരന്മാർക്കും അവന്റെ മക്കൾക്കും അവന്റെ നന്മകൾ തുടർന്നുകൊണ്ടുപോകാൻ തൗഫീഖ് നല്കുമാറാകട്ടെ. നമസ്കാരത്തിനുശേഷം ഇൻശാഅല്ലാഹു ത്വാലിയിന്റ ജനാസനമസ്കാരവും ഉണ്ടായിരിക്കുന്നതാണ്. ജനാസ വന്നു കഴിഞ്ഞിട്ടുണ്ട്.

(വിവ: പി.കെ.അംനാസ്)

****

**പേജ് 1 ൽ നിന്ന്**

വെറും ഇടനിലക്കാരായിരിക്കും. ഇക്കാരണത്താൽ ഇന്നാനഹ്നു നസ്സൽനദ്ദിക്റ വഇന്നാ ലഹൂ ലഹാഫിള്ളൂൻ എന്നു പറഞ്ഞുകൊണ്ട്, നാം ഇനി നവംനവങ്ങളായ ഇൽഹാമുകൾ മുഖേന ഈ ഗ്രന്ഥം സംരക്ഷിക്കുന്നതായിരിക്കുമെന്ന് പറഞ്ഞിരിക്കുന്നു. അതായത് മുജദ്ദിദിനേയും മാമൂർ(കല്പിക്കപ്പെട്ട)തുടങ്ങിയവരേയും നിയോഗിച്ചയച്ചുകൊണ്ടിരിക്കുന്നതാണ്.

ഏതൊരു ഗ്രന്ഥത്തിന്റെ വാക്കുകൾ സുരക്ഷിതമായിരിക്കുന്നുവോ എന്നാൽ, അർഥപരമായ സംരക്ഷണം അതിനൊട്ടില്ലതാനും അങ്ങനെയുള്ള ഗ്രന്ഥത്തെ സംരക്ഷിക്കപ്പെട്ട ഗ്രന്ഥമെന്ന് പറയാൻ പറ്റുകയില്ലെന്നത് പ്രകടമാണ്. ഉദാഹരണത്തിന് വേദം! അതിന്റെ വാക്കുകൾ സുരക്ഷിതമെന്ന് സങ്കല്പിച്ചാൽത്തന്നെ അത് പൂർണ ഗ്രന്ഥമെന്നതിന്റെ അടിസ്ഥാനത്തിൽ സുരക്ഷിതമല്ല. കാരണം ഏതൊരു ഭാഷയിലാണോ അത് ഇറങ്ങിയത് അത് സുരക്ഷിതമായിട്ടില്ല. അതുകൊണ്ട് അതിന്റെ അർഥം തികച്ചും സന്ദേഹജനകമായി. ഇപ്പോൾ ഏതെങ്കിലും വ്യക്തി അല്ലാഹുവിൽനിന്ന് അറിവുനേടി അതിന്റെ ശരിയായ അർഥം പറഞ്ഞില്ലെങ്കിൽ ആർക്കാണ് ദൃഢതയോടുകൂടി അതിന്റെ ശരിയായ അർഥങ്ങൾ വിവരിച്ചുകൊണ്ടിരിക്കുന്നുവെന്നോ അതനുസരിച്ച് കർമങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നുവെന്നോ പറയാൻ കഴിയുക. കുറച്ചു കുറച്ചു കാലങ്ങൾക്കുശേഷം ആ ഗ്രന്ഥത്തിന്റെ ശരിയായ അർഥങ്ങൾ ജനങ്ങൾക്ക് പറഞ്ഞുകൊടുക്കുന്ന ആളുകൾ എഴുന്നേറ്റുകൊണ്ടിരിക്കുമ്പോഴാണ് ആ കുറവ് പരിഹരിക്കപ്പെടുന്നത്. ഈ സംരക്ഷണം അനശ്വരമായ നിലയിൽ വിശുദ്ധ ഖുർആനാണ് കരസ്ഥമായിട്ടുള്ളത്. മറ്റു ഗ്രന്ഥങ്ങൾക്കും അവ ജീവൽഗ്രന്ഥമായിരുന്ന കാലത്ത് അതായത് ജനങ്ങൾക്ക് കർമങ്ങൾ ചെയ്യാൻ യോഗ്യമായിരുന്ന കാലത്ത് ഈ സംരക്ഷണമുണ്ടായിരുന്നുവെന്നതിൽ സംശയമില്ല. എന്നാൽ, ഇപ്പോഴില്ല. ഇപ്പോൾ വിശുദ്ധ ഖുർആനുമാത്രമേ ഈ സംരക്ഷണമുള്ളു. ഇതിനെ വിശ്വസിക്കുന്നവർ മാത്രമാണ് എക്കാലത്തും അല്ലാഹുവിൽനിന്ന് നേരിട്ട് ഇൽഹാം ലഭിക്കുന്നുവെന്ന വാദവുമായി വന്നിട്ടുള്ളത്. മതത്തിനോടുള്ള അശ്രദ്ധഅതിന്റെ പാരമ്യതയിലെത്തിയിരിക്കുന്ന ഇക്കാലത്ത് അല്ലാഹു ഒരാളെ നിയമിച്ചയച്ചിരിക്കന്നു. അദ്ദേഹം പരിപൂർണമായ നിലയിൽ വിശുദ്ധ ഖുർആനിന്റെ വ്യാഖ്യാനങ്ങളെ കൂട്ടിച്ചേരുവകളിൽനിന്നും അനാവശ്യമായ കാര്യങ്ങളിൽനിന്നും പരിശുദ്ധമാക്കി യഥാർഥമായ നിലയിൽ ജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചിരിക്കുന്നു. വാസ്തവത്തിൽ വിശുദ്ധ ഖുർആൻ ഇക്കാലത്തെ അറിവുകൾക്കുമുമ്പിൽ ഒഴികഴിവ് പറയുന്നവനെന്ന നിലയിൽ നില്ക്കുകയായിരുന്നു. ഇപ്പോൾ ഒരു ആക്രമണം നടത്തുന്നവനെന്ന നിലയിൽ നില്ക്കുന്നു. ഇതിന്റെ മുമ്പിൽനിന്ന് എല്ലാ തത്ത്വശാസ്ത്രങ്ങളും മതങ്ങളും സിംഹത്തിന്റെ മുമ്പിൽനിന്ന് കുറുക്കൻ ഓടുന്നതുപോലെ ഓടുന്നു. ഫസുബ്ഹാനല്ലാഹിൽ മലക്കിൽഅസീസ് അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ട് എന്റെ വാദമാണ് ഈ ദൈവനിയോഗിതനെ അനുധാവനം ചെയ്യുന്നതിന്റെ അനുഗ്രഹംകൊണ്ട് ഏതെങ്കിലും അറിവിനെ പിൻപറ്റുന്നവർ വിശുദ്ധ ഖുർആന്റെ ഏതെങ്കിലും വിഷയത്തിനുമേൽ ആക്രമണം നടത്തിയാൽ എനിക്കതിന് ബുദ്ധിപരവും പ്രമാണപരവുമായ മറുപടി നല്കാൻ കഴിയും. ദൈവാനുഗ്രഹത്താൽ എല്ലാ അറിവാളന്മാരേയും നിരുദ്ധകണ്ഠരാക്കാൻ കഴിയും. താൽക്കാലികമായി ആവേശത്തിന് അടിപ്പെട്ട് അയാൾ പരസ്യമായി പറയാൻ തയ്യാറായില്ലെങ്കിൽത്തന്നെയും!ഞാൻ ഇത് കാൽനൂറ്റാണ്ടിലധികം പരീക്ഷിച്ചുനോക്കിയതാണ്. എപ്പോഴൊക്കെ ഈ മൈതാനത്ത് കടന്നിട്ടുണ്ടോ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ബാഹ്യമായും ആന്തരികമായും ഒരിക്കലും എനിക്ക് നാണംകെടേണ്ട അവസരമുണ്ടായിട്ടില്ല.

പറഞ്ഞതിന്റെ ചുരുക്കം വിശുദ്ധഖുർആനിന്റെ അർഥപരമായ സംരക്ഷണത്തിന്റെ അച്ചുതണ്ട് ബുദ്ധിയിൽമാത്രം വെച്ചില്ല. അതിന്റെ വ്യാഖ്യാനത്തിന്റെ ആശ്രയം മാനുഷികമായ ബുദ്ധിക്കുമാത്രമായി വിട്ടുകൊടുത്തതുമില്ല. പ്രത്യുത സ്വയം തന്റെ ഭാഷണംകൊണ്ട് അതു വെളിപ്പെടുത്തുമെന്ന ഉത്തരവാദിത്വം ഏറ്റെടുത്തു. ഇതിന്റെ ഒരു ഫലം ഇങ്ങനേയുമുണ്ട്, ഇത്തരത്തിലുള്ള കർമപരമായ ഫലം പ്രകടമാകുമ്പോൾ വിശുദ്ധ ഖുർആനിന്റെ സംരക്ഷണത്തിന്റെ ഒരു വ്യക്തമായ തെളിവ് കിട്ടിക്കൊണ്ടിരിക്കുന്നു. മരുന്ന് ഫലചെയ്യുകയാണെങ്കിൽ നമ്മൾ അത് പുതിയതാണെന്ന് മനസ്സിലാക്കുന്നു. ഇല്ലെങ്കിൽ കാലാവധി കഴിഞ്ഞതാണെന്നും!വിശുദ്ധഖുർആൻ സുരക്ഷിതവും ജീവൽഗ്രന്ഥവുമാണെന്ന് അതിന്റെ നവമായ ഫലങ്ങളും സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. ഇത് മറ്റൊരു ഗ്രന്ഥത്തിനും ലഭിച്ചിട്ടില്ലാത്തതും ഇനി ലഭിക്കാത്തതുമായ വിശുദ്ധ ഖുർആനിന്റെ സംരക്ഷണത്തിന്റെ പ്രബലമായ തെളിവാണ്.*(തഫ്സീറെ കബീർ വാള്യം 4, പേജ്19, ഖാദിയാൻ പ്രസിദ്ധീകരണം 2010)*

www.alislam.org

Al Islam - Official website of Ahmadiyya Muslim Community

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin

...☆...☆☆...☆...